# പതിനഞ്ചാം കേരള നിയമസഭ

# ഒൻപതാം സമ്മേളനം

2023 സെപ്റ്റംബർ 14, വ്യാഴം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--371]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 2561 മുതൽ 2724 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 2725 മുതൽ 2805 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 2806 മുതൽ 2880 വരെ |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി | : 2881 മുതൽ 2931 വരെ |

## വിവിധ പെൻഷൻ പദ്ധതികളിലെ കേന്ദ്ര വിഹിതം

2561 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23 വർഷങ്ങളിൽ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നീ പദ്ധതികളിൽ കേന്ദ്രം നൽകിയ വിഹിതം എത്രയെന്ന് വിശദമാക്കാമോ?

## ഇ-ടെണ്ടർ

2562 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ടെണ്ടർ മുഖേന എസ്റ്റിമേറ്റ് തുകയിൽ നിന്ന് താഴ്ന്ന നിരക്കിൽ ടെണ്ടർ ചെയ്ത കരാറുകാരൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാതിരുന്നാൽ ഇത്തരം കരാറുകാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

## സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് നടപടി

2563 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സഹകരണ ബാങ്കുകളിൽ നിന്നും കടമെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2016-21 കാലയളവിലും ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെയും ഇപ്രകാരം സഹകരണ ബാങ്കിൽ നിന്നും എത്ര തവണ കടമെടുത്തിട്ടുണ്ട്; ഓരോ തവണയും എത്ര തുകയാണ് കടമെടുത്തത്; സാമ്പത്തിക വർഷം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ; ആയതിന്റെ തിരിച്ചടവ് മാനദണ്ഡങ്ങൾ എന്താണെന്നും നാളിതുവരെ ഈ ഇനത്തിൽ എത്ര തുക തിരിച്ചടച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി ട്രഷറിയിലെ സ്ഥിരനിക്ഷേപ തുക വക മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇപ്രകാരം തുക വക മാറ്റുന്നതിന്റെയും പ്രസ്തുത തുക ട്രഷറി നിക്ഷേപത്തിലേക്ക് തിരികെ നൽകുന്നതിന്റെയും നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) 2016-21 കാലയളവിലും ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെയും ട്രഷറിയിലെ സ്ഥിര നിക്ഷേപത്തിൽ നിന്നും മേൽപ്പറഞ്ഞ പ്രകാരം എത്ര തുക വക മാറ്റിയിട്ടുണ്ട്; വിശദാംശങ്ങൾ സാമ്പത്തികവർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; പ്രസ്തുത തുകകൾ സ്ഥിര നിക്ഷേപത്തിലേക്ക് തിരികെ വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>സീനിയർ സൂപ്രണ്ട് തസ്തികകളുടെ ശമ്പള സ്കെയിൽ</u>

2564 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് (എച്ച്. ജി.) തസ്തികകളുടെ ശമ്പള സ്കെയിലിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികകളുമായി ഇന്റർ ചെയ്ഞ്ചബിൾ ആയിട്ടുള്ള തസ്തികകൾക്ക് ഉത്തരവ് ബാധകമാക്കിയിരുന്നോ; വിശദാംശം നൽകുമോ;

(സി) ഏതെങ്കിലും വകുപ്പിലെ സീനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് (എച്ച്.ജി.) തസ്തികകളുമായി ഇന്റർ ചെയ്ഞ്ചബിൾ ആയിട്ടുള്ള തസ്തികകളിൽ സമാനമായ വർദ്ധനവ് വരുത്തിയിട്ടില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിലും പ്രസ്തുത അനോമലി ആവർത്തിച്ചിട്ടുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അനോമലി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

## <u>സംസ്ഥാനം നേരിടുന്ന ഗുരുതര സാമ്പത്തിക പ്രതിസന്ധി</u>

2565 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഗുരുതര സാമ്പത്തിക പ്രതിസന്ധിയിലാണ് എന്ന മാധ്യമ വാർത്തകൾ വസ്തുതാപരമാണോ; ആണെങ്കിൽ കാരണങ്ങൾ വിശദമാക്കാമോ;

(ബി) ധന ഉത്തരവാദിത്വ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആഭ്യന്തര വരുമാനം-വായ്പ അനുപാതം സംസ്ഥാനം ലംഘിച്ചിട്ടുണ്ടോ;

(സി) ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ അവശേഷിക്കുന്ന വായ്പ പരിധി എത്ര?

## ഓവർഡ്രാഫ്റ്റ്

2566 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് സംസ്ഥാനങ്ങൾക്ക് നിത്യനിദാന വായ്പയും ഓവർഡ്രാഫ്റ്റും അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഇതിന്റെ തിരിച്ചടവ് വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ഓവർഡ്രാഫ്റ്റ് ആയിട്ടുണ്ട്; ഏതൊക്കെ കാലയളവിൽ ആണ് ഓവർഡ്രാഫ്റ്റ് ആയത് എന്ന വിവരം ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ എത്ര തവണ കടമെടുത്ത് ഓവർഡ്രാഫ്റ്റ് പരിഹരിക്കേണ്ടതായി വന്നിട്ടുണ്ട്; ഓരോ തവണയും ഈ ഇനത്തിൽ വിനിയോഗിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

## 2010-2011 സാമ്പത്തിക വർഷത്തിൽ പെൻഷൻകാരുടെ ചികിത്സാചെലവ്

2567 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-2011 സാമ്പത്തിക വർഷത്തിൽ പെൻഷൻകാരുടെ ചികിത്സ ചെലവ് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർഷം ആയത് സംബന്ധിച്ച് അന്നത്തെ മുഖ്യമന്ത്രി പെൻഷൻ സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ; വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ വൈകിയതിനുള്ള കാരണം വ്യക്തമാക്കാമോ?

## സംസ്ഥാനവും കേന്ദ്രവും തമ്മിലുള്ള റവന്യൂ വിഹിതം പങ്കുവയ്ക്കൽ

2568 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റും വിവിധ സംസ്ഥാനങ്ങളും തമ്മിൽ റവന്യൂ വിഹിതം പങ്കുവയ്ക്കുന്ന വിഷയത്തിൽ സംസ്ഥാനത്തിന് പ്രതികൂലമാകുന്ന വിധത്തിൽ അസമത്വങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്തു നിന്നും സെൻട്രൽ റവന്യൂവിലേക്ക് നൽകുന്ന നികുതിയുടെ എത്ര ശതമാനമാണ് സംസ്ഥാനത്തിന് തിരികെ ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ എത്രത്തോളമാണ് സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത് എന്നറിയിക്കുമോ?

## അധിക വരുമാനം

2569 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ചതിലൂടെയും ഭൂനികുതി പരിഷ്കരിച്ചതിലൂടെയും നടപ്പുസാമ്പത്തിക വർഷവും കഴിഞ്ഞ സാമ്പത്തികവർഷവും ലഭിച്ച അധിക വരുമാനം എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

## പദ്ധതി ഇനത്തിൽ ചെലവഴിച്ച തുക

2570 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും പദ്ധതി ഇനത്തിൽ ചെലവഴിച്ച ആകെ തുക എത്രയാണെന്നും പ്രസ്തുത തുക പദ്ധതിയിനത്തിന്റെ എത്ര ശതമാനമാണെന്നും വകുപ്പ് തിരിച്ച് വിശദമാക്കുമോ ?

## സംസ്ഥാന സമ്പദ് വ്യവസ്ഥ

2571 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ പ്രതീക്ഷിത വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോ; അടുത്ത വർഷങ്ങളിലും വരുമാനത്തിൽ കുറവ് പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട റവന്യൂ കമ്മി ഗ്രാന്റ്, ജി.എസ്.ടി. നഷ്ടപരിഹാരം എന്നിവ നിഷേധിച്ചതും സംസ്ഥാനത്തിന്റെ വായ്പ പരിധി വെട്ടിക്കുറച്ചതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ ഏതെല്ലാം രീതിയിൽ ബാധിക്കും; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## 2021 മുതലുള്ള തനത് വരുമാനവും കേന്ദ്ര സാമ്പത്തിക സഹായവും

2572 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ആയതിന്റെ വർഷം തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) 2021 മുതൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട സാമ്പത്തികസഹായം ഏതെല്ലാം ഇനത്തിൽ എത്ര കോടി രൂപയുടെ കുറവ് വരുത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ?

## ലോട്ടറി വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന

2573 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം ലോട്ടറി വകുപ്പിൽ അവസാനമായി പരിശോധന നടത്തിയത് എന്നാണ്;

(ബി) പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>മെഡിസെപ്പിൽ എല്ലാ രോഗങ്ങൾക്കും ചികിത്സ</u>

2574 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപിൽ എല്ലാ രോഗങ്ങൾക്കും ചികിത്സ ലഭ്യമാക്കി ഇൻഷ്വറൻസ് ഏർപ്പെടുത്താൻ സാധിക്കുമോ;

(ബി) ചില സ്വകാര്യ ആശുപത്രികൾ മെഡിസെപ് പദ്ധതി അംഗീകരിക്കാൻ വിമുഖത കാണിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>സാമൂഹ്യ സുരക്ഷാ പെൻഷൻ</u>

2575 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010, 2015 എന്നീ വർഷങ്ങളിലെ ഡിസംബർ മാസത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ ആകെ എത്ര തുക എത്ര പേർക്ക് കൊടുത്തുവെന്നും,പ്രസ്തുത വർഷങ്ങളിലെ ഡിസംബർ മാസത്തിൽ ഒരാൾക്ക് സാമൂഹ്യ പെൻഷൻ ഇനത്തിൽ എത്ര രൂപയാണ് ലഭ്യമായിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

## <u>കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം</u>

2576 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെടുന്ന സർക്കാർ ജീവനക്കാരുടെ എണ്ണം എത്രയെന്ന് വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കീമിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; ഡി.സി.ആർ.ജി, ടെർമിനൽ ലീവ് സറണ്ടർ എന്നീ ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കീം സംസ്ഥാനത്ത് നടപ്പാക്കിയതിന് ശേഷം നാളിതുവരെ വിരമിച്ച ജീവനക്കാരുടെ എണ്ണം, നിലവിൽ ലഭിക്കുന്ന പെൻഷൻ, അവർക്ക് ലഭിച്ച ആനുകൂല്യങ്ങൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>സാമൂഹ്യക്ഷേമ പെൻഷനുകൾ</u>

2577 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളിൽ നിലവിൽ എത്ര മാസത്തെ കുടിശിക വിതരണം ചെയ്യാൻ ഉണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടിശിക വിതരണം ചെയ്യുന്നതിന് എത്ര തുക ആവശ്യമുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

## ഓപ്പറേഷൻ ബ്രേക്ക്ത്രൂ പദ്ധതി

2578 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഓപ്പറേഷൻ ബ്രേക്ക്ത്രൂ പദ്ധതിക്ക് കഴിഞ്ഞ സാമ്പത്തികവർഷം ബജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; നാളിതുവരെ ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

2579 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23 സാമ്പത്തികവർഷത്തിൽ ബജറ്റിൽ ഇരുപത് ശതമാനം തുക അനുവദിച്ച ബാലുശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകാത്തത് ; വിശദമാക്കാമോ;

(ബി) ഭരണാനുമതി നൽകാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അനുമതിയ്ക്കായി വകുപ്പിൽ സമർപ്പിച്ചിരുന്നോ; വിശദമാക്കാമോ?

## കടമെടുപ്പ് പരിധിയെ ഇഷ്ടപ്രകാരം വ്യാഖ്യാനിക്കുന്ന കേന്ദ്ര സമീപനം തിരുത്താൻ നടപടി

2580 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ദേശീയ പാതകളുടെ വികസന പ്രവർത്തനങ്ങൾക്കായി ദേശീയ പാത അതോറിറ്റി എടുത്തിട്ടുള്ള മൂന്നര ലക്ഷം കോടിയുടെ കടം കേന്ദ്ര സർക്കാരിന്റെ ബാദ്ധ്യതയായി കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി കിഫ്ബി സമാഹരിക്കുന്ന ഫണ്ട് സംസ്ഥാനത്തിന്റെ പൊതുകടമായി കണക്കാക്കി കേന്ദ്രം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുള്ള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി എടുക്കുന്ന വായ്പകളും കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമൂലം കടമെടുപ്പ് പരിധിയിൽ വന്ന കുറവ് എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) കടമെടുപ്പ് പരിധി ഇഷ്ടപ്രകാരം വ്യാഖ്യാനിക്കുന്ന കേന്ദ്ര സമീപനം തിരുത്തുന്നതിനായി സംസ്ഥാനസർക്കാർ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## കെ.എസ്.ആർ.ടി.സി.യ്ക്ക് ധനസഹായം

2581 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസത്തിൽ മുൻസർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.യ്ക്ക് ആകെ എത്ര കോടി രൂപ ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്നതുവഴി സർക്കാരിന് ആകെ എത്ര കോടി രൂപയുടെ അധിക ബാദ്ധ്യതയുണ്ടാകുമെന്ന് വ്യക്തമാക്കാമോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) 2016 മേയ് മാസത്തിന് ശേഷം കെ.എസ്.ആർ.ടി.സി.യുടെ ഏതെങ്കിലും വായ്പാ ബാദ്ധ്യത സർക്കാർ എറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

## കടമെടുപ്പ് പരിധി വെട്ടിക്കുറക്കൽ

2582 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ചിട്ടുള്ള കടമെടുപ്പ് പരിധി എത്രയാണ്; സംസ്ഥാനത്തിന്റെ കണക്കുപ്രകാരം സംസ്ഥാനം പ്രതീക്ഷിച്ച ഈ പരിധി എത്രയാണ്;വ്യക്തമാക്കുമോ,;

(ബി) എന്തെല്ലാം കാരണത്താലാണ് കടമെടുപ്പ് പരിധി വെട്ടിക്കുറക്കാനിടയായത്; വ്യക്തമാക്കുമോ;

(സി) പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് കടമെടുപ്പ് പരിധി വെട്ടിക്കുറക്കാൻ കാരണമായിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനത്തിന്റെ കണക്ക് പ്രകാരം എത്രയാണ് പ്രസ്തുത നീക്കിയിരിപ്പ്; എ.ജി. അംഗീകരിച്ച കണക്ക് പ്രകാരം നീക്കിയിരിപ്പ് തുക എത്രയാണ്; പ്രസ്തുത നീക്കിയിരിപ്പ് കാരണം എത്ര തുകയാണ് വെട്ടിക്കുറച്ചത്; വിശദമാക്കാമോ;

(ഡി) കിഫ്ബി എടുത്ത വായ്പ, ക്ഷേമപെൻഷനുകൾക്കുള്ള വായ്പ എന്നിവ വായ്പ പരിധി വെട്ടിക്കുറക്കാൻ കാരണമായിട്ടുണ്ടോ; കഴിഞ്ഞ സർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ കാലത്തുമായി ഓരോ സാമ്പത്തിക വർഷവും എത്ര തുകയാണ് ഇക്കാരണത്താൽ വെട്ടിക്കുറച്ചിട്ടുള്ളത്; നടപ്പ് സാമ്പത്തിക വർഷം എത്ര തുകയാണ് വെട്ടി കുറച്ചത്; വിശദാംശം ലഭ്യമാക്കുമോ?

## സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി

2583 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം എത്ര തവണയാണ് സംസ്ഥാന സർക്കാർ

കടമെടുത്തതെന്നും സംസ്ഥാന ജി.ഡി.പി.യുടെ എത്ര ശതമാനം ആണ് കടമെടുത്തതെന്നും എത്ര കോടി രൂപ കേന്ദ്രത്തിൽ നിന്നും കടമെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം സാമൂഹ്യ സുരക്ഷ പെൻഷൻ ലിമിറ്റഡ് എന്ന കമ്പനിയും കിഫ്ബിയും ചേർന്ന് എത്ര കടമെടുത്തിട്ടുണ്ടെന്നും പ്രസ്തുത കടമെടുപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ ഉൾപ്പെടുത്തണം എന്ന് കേന്ദ്ര സർക്കാർ നിർദേശം നൽകിയിട്ടുണ്ടോയെന്നും ഇക്കാര്യത്തിൽ എന്ത് തീരുമാനം എടുത്തുവെന്നും അറിയിക്കാമോ;

(സി) സർക്കാർ എടുത്തിട്ടുള്ള കടമെടുപ്പുകൾ നിലവിൽ സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിൽ ആക്കിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ഡി) 2022-23 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സഹായം ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരിന്റെ റവന്യൂ വരുമാനം എത്രയാണെന്നും തൊട്ട് മുൻപത്തെ വർഷത്തേക്കാൾ വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിയെന്നും പ്രസ്തുത വർഷത്തെ ചെലവുകൾ എത്ര ആയിരുന്നുവെന്നും വിശദമാക്കുമോ;

(ഇ) നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ വിവിധ മാർഗ്ഗങ്ങളിൽ നിന്നും ലഭിച്ച നികുതി - നികുതിയേതര വരുമാനം, ചെലവ് എന്നിവ എത്രയാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

## <u>സംസ്ഥാനത്തിന്റെ പൊതുകടം</u>

2584 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര കടം, പൊതു കടം എന്നിവ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും, മുൻകൂറുകളും ഇനത്തിൽ എത്ര തുകയാണ് കടമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ പൊതു കടം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ പൊതുകടവും, കിഫ്ബി, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയ സർക്കാർ ഗ്യാരണ്ടികളിൽ എടുത്ത കടവും ചേർത്ത് എത്ര രൂപയാണ് ആകെ കടം എന്ന് അറിയിക്കുമോ?

## <u>പുതിയ വായ്പകൾ</u>

2585 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ എത്ര രൂപ വായ്പ എടുത്തിട്ടുണ്ടെന്നും പ്രസ്തുത വായ്പയിൽ എത്ര രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പുതിയ വായ്പകൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## മഞ്ചേരി മണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള സ്കൂൾ കെട്ടിട നിർമ്മാണം

2586 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ മഞ്ചേരി സർക്കാർ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, പട്ടിക്കാട് സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച തുക വിനിയോഗിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## കിഫ്ബി രൂപീകരണം

2587 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി രൂപീകരണവുമായി ബന്ധപ്പെട്ട് നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ ആരിൽ നിന്നാണ് നിയമോപദേശം തേടിയത്; എത്ര രൂപയാണ് ഫീസിനത്തിൽ ചെലവഴിച്ചത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## വാളാട് ഹയർ സെക്കന്ററി സ്കൂൾ

2588 **ശ്രീ ഒ . ആർ. കേളു** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്താൽ നിർമ്മിക്കേണ്ട മാനന്തവാടി മണ്ഡലത്തിലെ വാളാട് സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(സി) നിലവിൽ എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി അനുവദിച്ചിരുന്നത്;വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി ആരംഭിക്കാൻ വൈകുന്നത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കിഫ്ബി വായ്പകളുടെ തിരിച്ചടവ്

2589 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വായ്പയുടെ തിരിച്ചടവിനായി ഏതൊക്കെ ഇനത്തിലുള്ള വരുമാനമാണ് ഉപയോഗപ്പെടുത്തുന്നത്; വ്യക്തമാക്കാമോ;

(ബി) അടുത്ത 5 സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ എത്ര രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഇനത്തിൽ ലഭിക്കുന്ന വരുമാനം വായ്പയുടെ തിരിച്ചടവിന് പര്യാപ്തം ആയിരിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ;വ്യക്തമാക്കാമോ;

(ഡി) കിഫ്ബി വായ്പകളുടെ തിരിച്ചടവിനായി ഏതൊക്കെ രീതിയിലുള്ള അധിക

വരുമാനം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ?

**കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിലെ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ**

2590 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള അക്കാദമിക് ബ്ലോക്ക്, ലൈബ്രറി ബ്ലോക്ക്, കാന്റീൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനം ആരംഭിക്കുന്നതിന് തടസങ്ങളുണ്ടോ; പ്രവർത്തനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കിഫ്ബി നടത്തുന്ന പ്രവർത്തനങ്ങൾ**

2591 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസനത്തിലൂടെ സാമ്പത്തിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി കിഫ്ബി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബി പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(സി) കിഫ്ബി പദ്ധതികൾക്കാവശ്യമായ പണം ഏറ്റവും കുറഞ്ഞ ചെലവിൽ കണ്ടെത്തുന്നതിനായി രൂപം നൽകിയിട്ടുള്ള അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ് സംവിധാനത്തിന്റെ പ്രവർത്തനം വിശദമാക്കുമോ?

**കോട്ടക്കൽ നഗരസഭ മാർക്കറ്റിന്റെ ആധുനികവൽക്കരണം**

2592 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ നഗരസഭയിലെ മാർക്കറ്റ് ആധുനികവൽക്കരിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; സാങ്കേതികാനുമതി ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ശേഷിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) മാർക്കറ്റ് നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## തിരൂരങ്ങാടി മണ്ഡലത്തിൽ കിഫ്ബി പ്രവൃത്തികൾ

2593 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ 2016-ന് ശേഷം കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും നിർമ്മാണം പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ അവയുടെ നിർമാണം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച നടപടികളും പൂർത്തീകരിക്കാനുള്ള നടപടികളും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുകകളുടെ വിശദാംശവും ഇവയ്ക്ക് അനുമതി നൽകിയ തീയതികളും ഈ പ്രവൃത്തികളുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശവും ഇനം തിരിച്ച് വിശദമാക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതി

2594 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതി പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ വീതം അനുമതി ലഭിച്ച കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഇരിമ്പിളിയം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്നും പ്രവൃത്തി അടിയന്തരമായി പൂർത്തികരിക്കുമോയെന്നും വിശദമാക്കുമോ?

## പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതി

2595 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ലോകനാർക്കാവിലെ തീർത്ഥാടന ടൂറിസം പദ്ധതി

2596 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകനാർക്കാവിൽ തീർത്ഥാടന ടൂറിസം പദ്ധതിയുടെ ഭാഗമായി കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ?

**പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ-പാടിയോട്ടുചാൽ റോഡ് നവീകരണം**

2597 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ-പാടിയോട്ടുചാൽ റോഡ് നവീകരണ പ്രവൃത്തിയ്ക്ക് കിഫ്ബി ധനാനുമതി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബി ധനാനുമതി അടിയന്തരമായി ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

**കിഫ്ബി -മൂന്നാം കൈ കരിങ്ങാട് റോഡ് പ്രവൃത്തി**

2598 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം പ്രഖ്യാപിച്ച മൂന്നാം കൈ-കരിങ്ങാട് റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) കിഫ്ബി ചെയർമാൻ ഉൾപ്പെടെയുള്ള ആളുകൾ പങ്കെടുത്ത യോഗത്തിൽ പ്രസ്തുത റോഡ് പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.)യിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യാമെന്ന് ഉറപ്പ് പറഞ്ഞിരുന്നോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

**മണലൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തി**

2599 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ അനുവദിച്ച മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് കിഫ്ബി ഡയറക്ടർ അടക്കം പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് കിഫ്ബിയുടെ അന്തിമ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

**കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

2600 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും

പൂർത്തിയാക്കാത്തതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും കാലതാമസം നേരിടുന്നതിനുള്ള കാരണവും വിശദമാക്കാമോ;

(സി) ഓരോ പദ്ധതിയും പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

**ഗുരുവായൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതി**

2601 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ മണ്ഡലത്തിൽ അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**കിഫ്ബി ഫണ്ട് വിനിയോഗിച്ച് സ്കൂളുകളുടെ നവീകരണം**

2602 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് നവീകരിക്കാൻ ഉദ്ദേശിക്കുന്നത്; സ്കൂളിന്റെ പേര്, അനുവദിച്ച തുക,പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**വൈപ്പിൻ മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ പ്രവൃത്തികൾ**

2603 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി എന്തെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**മൊകേരി ഗവ.കോളേജിലെ കിഫ്ബി പദ്ധതികൾ**

2604 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മൊകേരി ഗവ. കോളേജിൽ കിഫ്ബി വഴി നടന്നു വരുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ; ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ?

**നെന്മാറ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

2605 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ കിഫ്ബി മുഖേന ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>കിഫ്ബി ഫണ്ട് ഉപയോഗിച്ച് സ്കൂളുകളുടെ നിർമ്മാണം</u>**

2606 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ 12.05.2022-ലെ സർക്കാർ ഉത്തരവ് (സാധാ) 3588/2022 പ്രകാരം 1.30 കോടി രൂപയുടെ നിർവഹണം നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ള സ്കൂളുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം അനുമതി ലഭ്യമായിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ,വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ പുതുക്കിയ രൂപരേഖയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് അംഗീകാരം നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>പിറവം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

2607 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാം ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചതിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതെല്ലാം; ഏതെല്ലാം നിർവഹണ ഏജൻസികളാണ് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളത് ; പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പുതിയ ഏതെല്ലാം പദ്ധതികളാണ് പിറവം മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>ഉടുമ്പൻചോല മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

2608 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികൾ, അവയുടെ പേര്, വകുപ്പ്, അനുവദിച്ച തുക എന്നിവ തരം തിരിച്ച് വിശദ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും നിലവിൽ ഏത് ഘട്ടത്തിലാണെന്ന് പ്രവൃത്തിയുടെ പേര് തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത ഫണ്ട് മുഖേന അനുവദിച്ച പ്രവൃത്തികൾക്ക് അടിയന്തരമായി അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

## തരൂർ മണ്ഡലത്തിലെ കഴനി പഴമ്പാലക്കോട് റോഡ് നിർമ്മാണം

2609 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ 2016-17- സാമ്പത്തിക വർഷത്തിൽ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി 32.89 കോടി അനുവദിച്ച കഴനി പഴമ്പാലക്കോട് റോഡിന്റെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കാഞ്ഞങ്ങാട് ഫ്ലൈഓവർ നിർമ്മാണം

2610 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ലൈഓവർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## ജി.എച്ച്.എസ്.എസ്. കല്ലിങ്കൽ പാടം സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം

2611 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിൽ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ കിഫ്ബി ഫണ്ട് മുഖേന ഒരു കോടി രൂപ അനുവദിച്ച ജി.എച്ച്.എസ്.എസ്. കല്ലിങ്കൽ പാടം സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## കിഫ്ബി പദ്ധതികൾ

2612 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ വിവിധ വകുപ്പുകളിലായി എത്ര കോടി രൂപയുടെ ഏതൊക്കെ പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) കിഫ്ബി മുഖേന ആകെ എത്ര കോടി രൂപയുടെ പദ്ധതികൾ ഓരോ വകുപ്പിലും ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി വഴി ആകെ എത്ര കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

## ഉടുമ്പൻചോല നെടുംകണ്ടം കോടതി സമുച്ചയ നിർമ്മാണം

2613 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിലെ നെടുംകണ്ടത്ത് അനുവദിച്ച കോടതി സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച തുക എത്രയാണ്; വ്യക്തമാക്കാമോ;

(സി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാതെ നീളുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നീണ്ടു പോകാനിടയായ സാഹചര്യം വിശദീകരിക്കാമോ;

(ഇ) അടിയന്തരമായി നെടുംകണ്ടം കോടതി സമുച്ചയ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിലെ ഭേദഗതി

2614 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും ഉടമസ്ഥതയിലുള്ള കളിസ്ഥലങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിലേക്കായി അനുവദനീയമായ പ്രവൃത്തികൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി ഉൾപ്പെടുത്തുന്നത് പരിഗണിക്കാമോ?

## വള്ളിക്കുന്ന് മണ്ഡലം ആസ്തി വികസന ഫണ്ട് പ്രത്യേക അനുമതി

2615 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ കൊണ്ടോട്ടി ബ്ലോക്കിൽ ഉൾപ്പെടുന്ന പള്ളിക്കൽ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രത്തിലും തിരൂരങ്ങാടി ബ്ലോക്കിൽ ഉൾപ്പെടുന്ന പെരുവള്ളൂർ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രത്തിലും വാഹനം വാങ്ങുന്നതിന് 2023-24 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) വള്ളിക്കുന്ന് മണ്ഡലം ആസ്തി വികസന പദ്ധതി 2014-15 പ്രകാരം ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ പുള്ളിപ്പുഴക്ക് കുറുകെ അയ്യപ്പൻകാവ് മുനമ്പത്ത് കടവ് പാലം നിർമ്മാണം എന്ന പ്രവൃത്തിക്ക് അനുവദിച്ച തുക ചെലവഴിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പാലത്തിന്റെ അനുബന്ധ റോഡായ ചക്കുവളവ് ചാലിപ്പറമ്പ് മുനമ്പത്ത് കടവ് റോഡിന്റെ നവീകരണത്തിനായി വിനിയോഗിക്കുവാൻ അനുവാദം നൽകാമോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് പ്രത്യേക അനുമതി നൽകുന്നതിന്റെ ഭാഗമായി റിപ്പോർട്ടുകൾ ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

**<u>പെരുമന തോട്ടക്കര പാലം നിർമ്മാണം</u>**

2616 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിലെ പെരുമന തോട്ടക്കര പാലം നിർമ്മാണ പൂർത്തീകരണത്തിനായി 2017-18 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്നുമുള്ള ടെൻഡർ സേവിംഗ്സിന്റെ അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള പ്രത്യേക അനുമതിയ്ക്കായി സമർപ്പിച്ച റിപ്പോർട്ടിൻമേലുള്ള തുടർ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>മഞ്ചേശ്വരം മണ്ഡലത്തിലെ എൽ.എ.സി- എ.ഡി.എസ് ഉപയോഗിച്ചുള്ള ഐസൊലേഷൻ വാർഡ് നിർമ്മാണം</u>**

2617 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എൽ.എ.സി- എ.ഡി.എസ് ഉപയോഗപ്പെടുത്തി മഞ്ചേശ്വരം മണ്ഡലത്തിൽ നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡ് പ്രവ്യത്തി യുടെ നിർവ്വഹണ ഏജൻസിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും നിലവിൽ ഇത് നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ മോണിട്ടറിംഗ് ചുമതല ആർക്കാണെന്നും പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തി ചെയ്യുന്ന കരാറുകാരന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; എഗ്രിമെന്റ് കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കുമോ?

**<u>എം.പി. മാരുടെ പ്രാദേശിക വികസന ഫണ്ട് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗരേഖ</u>**

2618 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.പി. മാരുടെ പ്രാദേശിക വികസന ഫണ്ട് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗരേഖ/ മാനദണ്ഡങ്ങൾ പുതുക്കിക്കൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ടോ; ഇതു സംബന്ധിച്ച ഉത്തരവ് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; പഴയ ഉത്തരവിലെ ഏതൊക്കെ വ്യവസ്ഥകളാണ് പുതിയ ഉത്തരവിൽ പരിഷ്കരിച്ചിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പുതുക്കിയ മാർഗ്ഗരേഖ സംസ്ഥാനത്തിന്റെ വികസന സാധ്യതകളെ പരിമിതപ്പെടുത്തും എന്ന അഭിപ്രായം ഉണ്ടോ; ഏതൊക്കെ മേഖലകളിലാണ് പുതുക്കിയ മാർഗ്ഗരേഖ നിർദേശങ്ങൾ തിരിച്ചടിയാകാൻ സാധ്യതയുള്ളത്;

(സി) ഫെഡറലിസത്തെ ബാധിക്കുന്ന തരത്തിലുള്ള ഏതൊക്കെ നിർദേശങ്ങളാണ് പുതിയ മാർഗ്ഗ നിർദേശ ഉത്തരവിലുള്ളതെന്ന് വിശദമാക്കാമോ?

**ആലത്തൂർ മണ്ഡലത്തിന്റെ ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ്**

2619 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ എത്ര തുക ബാക്കിയുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് പുതുതായി എത്ര രൂപയുടെ പ്രവൃത്തികൾ നിർവ്വഹിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

**കരാറുകാരുടെ കുടിശിക കൊടുത്തുതീർക്കാൻ നടപടി**

2620 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ആസ്തി വികസന ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ച പ്രവർത്തനങ്ങളിൽ കരാറുകാർക്ക് കുടിശികയുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ നടത്തിയ ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് തുക നൽകാനുള്ളതെന്ന് മണ്ഡലം തിരിച്ച് തുക സഹിതം വ്യക്തമാക്കാമോ;

(സി) തുക നൽകാൻ കാലവിളംബം സംഭവിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കുടിശിക എപ്പോൾ കൊടുത്തുതീർക്കുമെന്ന് വ്യക്തമാക്കാമോ?

**വാമനപുരം മണ്ഡലത്തിലെ എം.എൽ.എ ആസ്തി വികസന പദ്ധതി**

2621 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ വാമനപുരം മണ്ഡലത്തിലെ എം.എൽ.എ ആസ്തി വികസന പദ്ധതി പ്രകാരമുള്ള ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ടെണ്ടർ സേവിംഗ്സ് തുക പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ അനുവാദം ആവശ്യമുണ്ടോ; വിശദമാക്കാമോ?

**പുതുക്കാട്-മണ്ഡലം ആസ്തിവികസന ഫണ്ട്**

2622 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചെമ്പുച്ചിറ ഗവൺമെന്റ് എച്ച്.എസ്.എസിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 3 കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി കൈറ്റിന്റെ മേൽനോ ട്ടത്തിൽ നടപ്പാക്കിയ പ്രവൃത്തിയ്ക്കൊപ്പം

കെട്ടിടനിർമ്മാണം നടത്തുന്നതിനായി പുതുക്കാട്-മണ്ഡലം ആസ്തിവികസന ഫണ്ടിൽ നിന്നും 82 ലക്ഷം രൂപ അനുവദിച്ചിരുന്നുവെങ്കിലും ടെണ്ടർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തികരിച്ച സാഹചര്യത്തിലും ബാക്കി പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിയില്ലെന്ന് കൈറ്റ് നിലപാടെടുത്ത സാഹചര്യത്തിലും ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക തിരികെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## മലമ്പുഴ മണ്ഡലത്തിൽ എം.എൽ.എ. പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ

2623 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിൽ എം.എൽ.എ. പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിന് സ്ഥലം എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളിൽ ഏതിനെല്ലാം ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് തുക സഹിതം വിശദവിവരം ലഭ്യമാക്കാമോ?

## ഒരു പഞ്ചായത്തിൽ ഒരു കളിക്കളം

2624 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന്റെ പദ്ധതിയായ" ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" എന്ന പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്തെ എം.എൽ.എ.മാർക്ക് അനുവദിച്ച ആസ്തി വികസന ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതിനകം ഭരണാനുമതി നൽകിയവ എത്ര എന്ന് അറിയിക്കാമോ;

(സി) ഗുരുവായൂർ മണ്ഡലത്തിലെ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിലെ എം.എൽ.എ. - എ.ഡി.എഫ് /എസ്.ഡി.എ.ഫ്. -ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

2625 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പയ്യന്നൂർ മണ്ഡലത്തിലെ എം.എൽ.എ.- എ.ഡി.എഫ്/ എസ്.ഡി.എ.ഫ് . -ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികളിൽ പ്രവൃത്തി പൂർത്തിയാക്കി ബില്ല് സമർപ്പിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് പദ്ധതിയുടെ വർഷം, പേര് എന്നിവ സഹിതം വിശദമാക്കാമോ;

(ബി) 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പയ്യന്നൂർ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിംഗ്സായി എത്ര രൂപയാണ് ഉള്ളത് എന്ന് ഓരോ സാമ്പത്തിക വർഷം തിരിച്ച് അറിയിക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ എം.എൽ.എ.-എ.ഡി.എഫ്/ എസ്.ഡി.എഫ്. പദ്ധതികൾ

2626 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2021-22, 2022-23 വർഷങ്ങളിലെ എം.എൽ.എ- ആസ്തി വികസന ഫണ്ട്/ പ്രത്യേക വികസന നിധി എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ 2022-23 വർഷത്തെ എം.എൽ.എ-ആസ്തി വികസന ഫണ്ട്/ പ്രത്യേക വികസന നിധി പദ്ധതികളിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## എം.എൽ.എ.ഫണ്ട് ഉപയോഗത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ നവീകരണം

2627 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്), ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി നിർമ്മാണം നടത്തുന്നതിനായി എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ സാങ്കേതിക കാരണങ്ങൾ ചൂണ്ടികാട്ടി അനുമതി നിഷേധിക്കുന്ന സാഹചര്യം പരിശോധിക്കുമോ;

(ബി) എം.എൽ.എ.-പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്) , ആസ്തി വികസന ഫണ്ട് എന്നിവ പുതിയ സാങ്കേതിക വിദ്യകളും, രീതികളും നടപ്പാക്കുന്നതിന് സഹായകരമായ വിധത്തിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) റോഡുകളുടെ ടൈൽസ് വിരിയ്ക്കൽ, കോൺക്രീറ്റിംഗ്, ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ അനുവദിയ്ക്കൽ, ജംഗ്ഷനുകളുടെ സൗന്ദര്യവത്കരണം, റോഡുകളുടെ ബി.എം.എക്സ് ബി.സി. നവീകരണം തുടങ്ങിയ പ്രവൃത്തികൾക്ക് എ.ഡി.എഫ്, എസ്.ഡി.എഫ് ഫണ്ടുകൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

## സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിൽ ക്ഷേത്രക്കുളം, പൊതുകുളം എന്നിവയുടെ നവീകരണം

2628 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. യുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ക്ഷേത്രക്കുളം, പൊതുകുളം എന്നിവ നവീകരിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## തിരൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

2629 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന പദ്ധതി, ആസ്തി വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതും പൂർത്തിയാവാത്തതുമായ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ആസ്തി വികസന പദ്ധതികളിൽ ഇതുവരെയുള്ള ടെണ്ടർ സേവിംഗ്സ് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

## <u>വിവിധ പദ്ധതികൾക്കുള്ള കേന്ദ്ര ധനസഹായ കുടിശിക</u>

2630 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികൾക്കുള്ള സഹായ ഇനത്തിൽ കേന്ദ്രത്തിൽ നിന്നും എത്ര രൂപ കുടിശിക ലഭിക്കാനുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഏതൊക്കെ പദ്ധതികളിൽ എത്ര തുക വീതം ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ലഭിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ധനസഹായം ലഭിക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടതു സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ?

## <u>സർവകലാശാല അദ്ധ്യാപകരുടെ ശമ്പള കുടിശികയുടെ കേന്ദ്രവിഹിതം</u>

2631 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട്, സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അദ്ധ്യാപകർക്കുള്ള ശമ്പള കുടിശികയിലെ കേന്ദ്ര വിഹിതമായ എഴുനൂറ്റി അൻപത് കോടി രൂപ ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ശമ്പള കുടിശികയുടെ കേന്ദ്ര വിഹിതം ലഭിക്കുന്നതിനായി സംസ്ഥാനം നൽകിയ അപേക്ഷ പൂർണ്ണമല്ലാത്തതും യഥാവിധി സമർപ്പിക്കാത്തതുമാണോ പ്രസ്തുത തുക ലഭിക്കാതിരിക്കാൻ കാരണമായതെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്രം നിശ്ചയിച്ച സമയ പരിധിക്കുള്ളിൽ പൂർണ്ണവും കൃത്യവുമായ അപേക്ഷ സംസ്ഥാനം സമർപ്പിച്ചിരുന്നോയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ;

(ഡി) അപേക്ഷ നൽകാതിരുന്നാൽ കേന്ദ്ര വിഹിതം നൽകാനാവില്ലെന്ന് കേന്ദ്രം അറിയിച്ചിരുന്നോ; അപ്രകാരമുള്ള അറിയിപ്പ് സംസ്ഥാനത്തിന് എപ്പോഴെല്ലാമാണ് ലഭിച്ചിട്ടുള്ളത്; പ്രസ്തുത അറിയിപ്പുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## <u>സെസ്സുകളും സർചാർജ്ജുകളും നിർത്തലാക്കാനുള്ള തീരുമാനം</u>

2632 **ശ്രീമതി കാനത്തിൽ ജമീല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾക്ക് വിഹിതം നൽകാതെ കേന്ദ്രത്തിന് വരുമാനമുണ്ടാക്കുന്നതിനായി ഏർപ്പെടുത്തിയ സെസ്സുകളും സർചാർജ്ജുകളും നിർത്തലാക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;

(ബി) ഇതിനായി കേരളത്തിന് മറ്റു സംസ്ഥാനങ്ങളുടെ പിന്തുണ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പുതുതായി കൊണ്ടുവന്ന തസ്തികകൾ

2633 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ സർക്കാർ വകുപ്പുകളിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) അതിൽ പി.എസ്.സി. വഴി എത്ര നിയമനങ്ങൾ നടത്താനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## സ്പാർക്ക് സംവിധാനം വഴി ശമ്പള പ്രോസസ്സിംഗ്

2634 **ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ ഏകീകരണത്തിന് ശേഷം സ്പാർക്ക് സംവിധാനം ലഭ്യമല്ലാത്ത വകുപ്പിൽ നിന്നും സ്പാർക്ക് സംവിധാനം ഉള്ള വകുപ്പിലേക്ക് വന്ന ഉദ്യോഗസ്ഥർക്ക് സ്പാർക്കിൽ എൻട്രി നടത്തുന്നതിനും ശമ്പളം പ്രോസസ്സ് ചെയ്യുന്നതിനും തടസ്സം നേരിടുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടി വിശദമാക്കാമോ?

## മെഡിസെപ്പ് ആനുകൂല്യങ്ങളുടെയും പ്രീമിയം തുകയുടെയും വിശദാംശങ്ങൾ

2635 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയ മെഡിസെപ്പിൽ കഴിഞ്ഞ ഒരു വർഷം ആകെ അടച്ച പ്രീമിയം തുക എത്രയെന്നും ഇതിൽ സർക്കാർ വിഹിതം എത്രയെന്നും വ്യക്തമാക്കാമോ;

(ബി) സർക്കാർ വിഹിതം അടക്കുന്നില്ലെങ്കിൽ വിഹിതം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കഴിഞ്ഞ ഒരു വർഷം ചികിത്സയിനത്തിൽ മെഡിസെപ്പ് മുഖേന ചെലവാക്കിയ തുക എത്രയാണ്; ലഭിച്ച പ്രീമിയത്തേക്കാൾ കൂടുതൽ ചികിത്സക്കായി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അധികമായി നൽകിയ തുക എത്രയെന്നും ഇല്ലെങ്കിൽ ബാലൻസ് എത്രയെന്നും വിശദമാക്കുമോ;

(ഡി) മെഡിസെപ്പ് ആനുകൂല്യം ലഭിക്കുന്നതിനായി ആശുപത്രികൾ നിബന്ധനകൾ ഉൾപ്പെടുത്തിയ സമ്മതപത്രം ഒപ്പിട്ടു വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇങ്ങനെ നിബന്ധന വെക്കുന്നത് നിയമാനുസൃതമാണോ; വ്യക്തമാക്കുമോ;

(എഫ്) അഡ്മിറ്റ് ആകുന്ന ആളിന് ഡിസ്ചാർജിന് ശേഷം ചികിത്സക്കായി ആവശ്യമായി വരുന്ന മുഴുവൻ മരുന്നുകളും മെഡിസെപ്പ് സ്കീമിൽ ഉൾപ്പെടുത്തി ലഭിക്കുമോ; ഇല്ലെങ്കിൽ എത്ര ദിവസത്തേക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുമെന്ന വിശദാംശം നൽകുമോ?

## കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി

2636 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവീസിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി ആരംഭിച്ചത് ഏത് വർഷം മുതലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏത് തരം പെൻഷനാണ് നിലവിലുള്ളത്; ഓരോ പൊതുമേഖലാ സ്ഥാപനത്തിലും പെൻഷൻ പ്രായം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിൽ നിലവിലുള്ള സർക്കാർ/പൊതുമേഖലാ ജീവനക്കാരുടെ പെൻഷൻ പ്രായം ഏകീകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ ?

## മെഡിസെപ്പ് പ്രീമിയം

2637 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിക്കുന്ന സർക്കാർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഈടാക്കുന്നതുമായി ബന്ധപ്പെട്ടുള്ള 24.06.2022- തീയതിയിലെ സ.ഉ.(പി) 71/2022/ധന നമ്പർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ജീവനക്കാരുടെ പി.എഫ്, എസ്.എൽ.ഐ, ജിഐ.എസ്, മെഡിസെപ്പ്, ജി.പി.എ.ഐ.എസ് എന്നിവ ഓൺലൈൻ വഴി ഇ-ട്രഷറിയിൽ അടക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കുമോ ?

## ശമ്പളപരിഷ്കരണ കുടിശിക ലഭ്യമാക്കാനും പിൻവലിക്കാനുമുള്ള വ്യവസ്ഥകൾ

2638 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പളപരിഷ്കരണ കുടിശിക വിതരണം ചെയ്യുന്നതിനായി 2016-2021 ലെ സർക്കാർ കൊണ്ടുവന്ന വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; വിശദാംശം നൽകാമോ;

(ബി) കുടിശിക പി.എഫ്. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനും ആയത് ജീവനക്കാർക്ക് പിൻവലിക്കുന്നതിനുമുള്ള വ്യവസ്ഥകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യവസ്ഥകൾ പ്രകാരം കുടിശിക തുകയുടെ എത്ര ഗഡു ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്; അങ്ങനെയെങ്കിൽ നിർദിഷ്ട കാലാവധി

കഴിഞ്ഞിട്ടും ക്രെഡിറ്റ് ചെയ്ത തുക ജീവനക്കാർക്ക് പിൻവലിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## തദ്ദേശസ്വയംഭരണ പൊതുസർവ്വീസിനെ സ്പാർക്കിൽ ഉൾപ്പെടുത്തുന്നത്

2639 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച സാഹചര്യത്തിൽ ഈ വകുപ്പിൽ ഉൾപ്പെട്ട പഞ്ചായത്ത്, നഗരകാര്യം ഉൾപ്പെടെയുള്ള 6 വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ തസ്തികകൾക്ക് സ്പെഷ്യൽ റൂൾ പ്രകാരം സ്പാർക്കിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ ഉൾപ്പെട്ട നഗരസഭകളിലെ ജീവനക്കാർക്ക് സ്പാർക്കിൽ പെൻ നമ്പർ നൽകാത്തതിന്റെ കാരണം വിശദീകരിക്കാമോ; പെൻ നമ്പർ നൽകരുതെന്ന് ധനകാര്യവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതി

2640 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന സംസ്ഥാന സർവ്വീസ് ജീവനക്കാർ, ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, ആൾ ഇന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ എന്നിവരുടെ എൻ.പി.എസ്. അക്കൗണ്ടിലേക്ക് സംസ്ഥാന സർക്കാർ അടവാക്കുന്ന വിഹിതം വകയിരുത്തുന്ന ചെലവ് ശീർഷകം ഏതെന്നും 2016-2017 മുതൽ 2021-22 സാമ്പത്തിക വർഷം വരെ ഓരോ സാമ്പത്തിക വർഷവും പ്രസ്തുത ശീർഷകത്തിലെ ചെലവ് എത്രയെന്നും ഇനം തിരിച്ച് വിശദമാക്കാമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതി

2641 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ പെൻഷൻ സ്കീം നിലവിൽ വന്ന തീയതിയ്ക്ക് (01.04.2013) മുമ്പായി നോട്ടിഫിക്കേഷൻ വന്നിട്ടുള്ള തസ്തികകളിൽ നിയമനം നേടിയിട്ടുള്ളവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനോ, നാഷണൽ പെൻഷൻ സ്കീമോ തിരഞ്ഞെടുക്കാമെന്നുള്ള രീതിയിൽ കേന്ദ്ര സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ജി.എസ്.ടി. ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്)

2642 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.റ്റി വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ് ) തസ്തികയിൽ നിയമിതനായ ഉദ്യോഗസ്ഥൻ ബഹു. കേരള ലോകായുക്തയിൽ 440/2018/ B, 68/2023C എന്നീ നമ്പരുകളിലുള്ള കേസുകളിൽ പ്രതിയാണെന്നും ടിയാനെതിരെ അഴിമതി, അധികാര ദുർവിനിയോഗം തുടങ്ങിയ ഗൗരവകരമായ പരാതികളിൻമേൽ അന്വേഷണം നടന്നു കൊണ്ടിരിക്കുന്നതാണെന്നുമുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) 15-ാം നിയമസഭയുടെ 8 ാം സമ്മേളനത്തിലെ 27/02/2023 തീയതിയിലെ ചോദ്യം നമ്പർ 2440 നുള്ള മറുപടിയിൽ വിജിലൻസ് അന്വേഷണം നേരിടുന്നതായി അറിയിച്ചിരുന്ന പ്രസ്തുത ഉദ്യോഗസ്ഥനെയാണ് ഡെപ്യൂട്ടി കമ്മീഷണർ ഇന്റലിജൻസ് തിരുവനന്തപുരം ആയി ഇപ്പോൾ നിയമിച്ചിരിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലോകായുക്തയുടേയും വിജിലൻസിന്റേയും നടപടികൾ നേരിടുന്ന ഉദ്യോഗസ്ഥനെ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ് ) എന്ന സെൻസിറ്റീവ് തസ്തികയിൽ നിയമിക്കുന്നത് സർക്കാരിന്റെ നിലവിലെ നയങ്ങൾക്ക് അനുസരിച്ചാണോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥനെ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ് ) എന്ന സുപ്രധാന തസ്തികയിൽ നിയമിക്കുന്നതിന് ലോകായുക്ത / വിജിലൻസ് കേസുകൾ മറച്ച് വെച്ച് ശിപാർശ നൽകിയ ജി.എസ്.ടി. കമ്മീഷണറുടെയും നികുതി വകുപ്പ് സെക്രട്ടറിയുടെയും നടപടികൾ നിയമപ്രകാരവും സർക്കാർ നയങ്ങൾക്ക് അനുസരിച്ചുമാണോ എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഉദ്യോഗസ്ഥനെ തിരുവനന്തപുരം ജില്ല ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ് ) തസ്ഥികയിൽ നിന്ന് മാറ്റി നിയമിക്കുവാൻ ബഹു. ധനകാര്യ മന്ത്രി തയ്യാറാകുമോ?

## <u>പങ്കാളിത്ത പെൻഷൻ പദ്ധതിക്കുള്ള കേന്ദ്രാനുകൂല്യങ്ങൾ</u>

2643 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പെൻഷൻ അക്കൗണ്ടിലേയ്ക്കുള്ള സർക്കാർ വിഹിതം 14% ആക്കി ഉയർത്തിക്കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ 31.01.2019-ലെ എഫ് .നം .1/3/2016-പി ആർ ഓഫീസ് മെമ്മോറാണ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പ്രകാരം പ്രസ്തുത ജീവനക്കാരുടെ പെൻഷൻ അക്കൗണ്ടിൽ 14% വിഹിതം സർക്കാർ അടയ്ക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയതിന്റെ കോംപൻസേഷൻ എന്ന രീതിയിൽ കേന്ദ്രത്തിൽ നിന്നും എത്ര തുകയാണ് എല്ലാ വർഷവും കടമെടുക്കുന്നതെന്ന വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട് സർവീസിൽ ഇരുന്ന് മരിച്ചവരുടെ കുടുംബത്തിനുള്ള കുടുംബ പെൻഷൻ, പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായവർക്കുള്ള ഡി.സി.ആർ.ജി., 14% സർക്കാർ വിഹിതം എന്നിവ സംസ്ഥാനത്ത് അനുവദിക്കാത്തത് എന്തു കൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) കേന്ദ്ര സർക്കാരും മറ്റു സംസ്ഥാന സർക്കാരുകളും നടപ്പിലാക്കിയ അതേ പദ്ധതി തന്നെയാണോ കേരളത്തിൽ നടപ്പിലാക്കിയിരിക്കുന്നത്; ഇല്ലെങ്കിൽ കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതും കേരളത്തിൽ മാത്രം അനുവദിച്ചിട്ടില്ലാത്തതുമായ പ്രസ്തുത ആനുകൂല്യങ്ങൾ ഉടനടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## എട്ടാം ശമ്പള പരിഷ്കരണ ഉത്തരവ് -സീനിയർ സൂപ്രണ്ട് ഹയർഗ്രേഡ്

2644 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 25.3.2006 തീയതിയിലെ എട്ടാം ശമ്പള പരിഷ്കരണ ഉത്തരവിന്റെ (ജി.ഒ (പി) നം.145/2006/ഫിൻ ) അനുബന്ധം-12 ഫൂട് നോട്ട് 'ഇ' പ്രകാരം കോമൺ കാറ്റഗറിയിലെ 20% സീനിയർ സൂപ്രണ്ടുമാർക്ക് 12250 - 19800 രൂപ അനുവദിച്ച ശമ്പള സ്കെയിൽ സർക്കാർ ഏതെങ്കിലും ഉത്തരവിലൂടെ പരിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇല്ലായെങ്കിൽ എന്തുകൊണ്ടാണ് 26.2.2011 തീയതിയിലെ ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവിന്റെ ( ജി.ഒ (പി) നം.85/2011/ഫിൻ )അനുബന്ധം-12 പ്രകാരം കോമൺ കാറ്റഗറി 'ഇ' ൽ സീനിയർ സൂപ്രണ്ട് ഹയർ ഗ്രേഡിന്റെ ശമ്പള സ്കെയിൽ Rs.11910-19350 രൂപയായി കുറച്ച് പരാമർശിച്ചിരിക്കുന്നത് എന്നറിയിക്കാമോ;

(സി) 06.03.2007 തീയതിയിലെ (ജി.ഒ (എം.എസ്) നം.98/07/(37)/ഫിൻ ) സർക്കാർ ഉത്തരവ്, 25.3.2006 തീയതിയിലെ ജി.ഒ (പി) നം.145/2006/ഫിൻ അനുബന്ധം-12 ഫൂട് നോട്ട് 'ഇ' യ്ക്കും ബാധകമാക്കാവുന്നതാണോ എന്നറിയിക്കാമോ?

## മെഡിസെപ്പ് ഗുണഭോക്താക്കൾ

2645 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്ക് വേണ്ടി നടപ്പിലാക്കിയ മെഡിസെപ്പ് പദ്ധതി ഒരു വർഷം പൂർത്തീകരിക്കുമ്പോൾ എത്ര കോടി രൂപയുടെ ചികിത്സയാണ് ഇൻഷ്വറൻസ് മുഖേന ഗുണഭോക്താക്കൾക്ക് കിട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മെഡിസിപ്പിൽ ഇതുവരെയായി എത്ര പേർ അംഗമായിട്ടുണ്ടെന്നും ഇതുവഴി പ്രതിമാസം എത്ര കോടി രൂപയാണ് ഇൻഷ്വറൻസ് കമ്പനികൾക്ക് ലഭിക്കുന്നതെന്നും അറിയിക്കാമോ;

(സി) മെഡിസിപ്പ് ഇൻഷ്വറൻസ് കമ്പനി വഴി കരാറിൽ ഏർപ്പെട്ട പല ആശുപത്രികൾക്കും യഥാസമയം ഫണ്ട് കൈമാറാത്തതിനാൽ രോഗിയുടെ ഡിസ്ചാർജ്ജ് വൈകിക്കുന്നതുൾപ്പെടെയുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് സ്വീകരിച്ച പരിഹാര നടപടി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) മെഡിസെപ്പ് നിലനിൽക്കെ ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് എത്ര കോടി രൂപയാണ് അനുവദിക്കപ്പെട്ടതെന്ന് അറിയിക്കാമോ;?

## ചികിത്സാ ബില്ലുകൾ റീംഇംബേഴ്സ്മെന്റ് ചെയ്യുന്നതിന്റെ നടപടിക്രമം

2646 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് ആനുകൂല്യം ലഭിക്കാത്ത ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്ന സർക്കാർ ജീവനക്കാരായ രോഗികൾക്ക് ആശുപത്രി ചികിത്സാ ബില്ലുകൾ റീംഇംബേഴ്സ്ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുമോ;

(ബി) എങ്കിൽ ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്; അതിന്റെ നടപടി ക്രമങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ?

## ഫാം തൊഴിലാളികളുടെ വേതനം

2647 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തുല്യമായ ശമ്പള സ്കെയിലിൽ സ്പാർക് വഴി വേതനം കൈപ്പറ്റുന്ന ഫാം തൊഴിലാളികളെ ധനവകുപ്പിന്റെ സർക്കാർ ജീവനക്കാരുടെ പുതുക്കിയ വർഗ്ഗീകരണ പ്രകാരം എ, ബി, സി, ഡി എന്ന ശമ്പള സ്കെയിൽ തിരിച്ചുള്ള ഗ്രൂപ്പുകളിൽ ഉൾപ്പെടുത്തുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ;

(ബി) ഫാം തൊഴിലാളികൾക്ക് വേതനവുമായി ബന്ധപ്പെട്ട് നൽകുന്ന ആനുകൂല്യങ്ങളായ പുതുക്കുന്ന ക്ഷാമബത്ത, അരിയറുകൾ എന്നിവ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ;

(സി) സർക്കാർ ജീവനക്കാർക്കുള്ള ഇൻഷുറൻസ് സ്കീമുകളായ സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ്, ഗ്രൂപ്പ് ഇൻഷുറൻസ്, ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റൽ ഇൻഷുറൻസ് എന്നിവയിൽ ഫാം തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കൃഷി വകുപ്പിലെ 50 വയസ്സിന് താഴെയുള്ള സ്ഥിരം തൊഴിലാളികളെ പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതാണെന്ന് ഇൻഷുറൻസ് ഡയറക്ടർ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സ

2648 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സയ്ക്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ: വിശദമാക്കാമോ;

(ബി) പ്രസ്തുത ചികിത്സ മെഡിസെപ്പിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) അവയവമാറ്റ ശസ്ത്രക്രിയകൾ മെഡിസെപ്പ് മുഖേന നടത്തുന്നതിന് കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ഡി) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ആശുപത്രികളിൽ നിന്നും ഇൻഷുറൻസ് കമ്പനിക്ക് അറിയിപ്പ് നൽകിയിട്ടും ഇൻഷുറൻസ് കമ്പനിയിൽ നിന്നും മറുപടി വൈകുന്നത്

ഒഴിവാക്കാൻ വകുപ്പ് നടപടി സ്വീകരിക്കുമോ?

**പാലക്കാട് ജില്ലയിൽ ബജറ്റ് പ്രൊവിഷൻ ലഭിച്ച പദ്ധതികൾ**

2649 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ നിയോജക മണ്ഡലങ്ങളിൽ 2016-17 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ 20 ശതമാനം ബജറ്റ് പ്രൊവിഷൻ ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും അതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

**ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ**

2650 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ 2021 -22മുതൽ 2023-24 കാലയളവിൽ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി, അനുവദിച്ച തുക, ഭരണാനുമതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ സർക്കാർ അധികാരത്തിൽ വന്നശേഷം എസ് ഡി എഫ് , എ ഡി എസ് പ്രകാരം ഏതൊക്കെ പ്രവർത്തികൾക്കാണ് ഭരണാനുതി നൽകിയത്;ഏതിനൊക്കെ നൽകാനുണ്ട്; വിശദ വിവരം പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ?

**അതിവേഗ പോക്സോ കോടതികൾ രൂപീകരിക്കാൻ വകയിരുത്തിയ തുക**

2651 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിവേഗ പോക്സോ കോടതികൾ രൂപീകരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും നാളിതുവരെ ഇതിൽനിന്ന് എത്ര രൂപ അനുവദിച്ച് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും നാളിതുവരെ ഇതിൽനിന്ന് എത്ര രൂപ അനുവദിച്ച് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

**കോവിഡാനന്തര പഠനങ്ങൾക്കുള്ള തുക**

2652 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു സാമ്പത്തികവർഷങ്ങളിലെ ബജറ്റുകളിൽ കോവിഡാനന്തര

പഠനങ്ങൾക്കും ഉചിതമായ ചികിത്സാരീതിയുടെ വികസനത്തിനുമായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ബജറ്റ് പദ്ധതികൾ</u>**

2653 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ സംസ്ഥാന ബജറ്റിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് തുക വകയിരുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതിനൊക്കെയാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്; അവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കടവുപുഴ പാലത്തിനായി ബജറ്റിൽ തുക മാറ്റി അനുവദിക്കാനുള്ള നടപടി</u>**

2654 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിൽ 2021-22 ബജറ്റിൽ മൂന്നിലവ് ഗ്രാമപഞ്ചായത്തിലെ ചില്ലച്ചി തോടിനുകുറുകെ പാലം നിർമ്മിക്കാൻ അനുവദിക്കപ്പെട്ടിരുന്ന 3.5 കോടി രൂപ സാങ്കേതിക കാരണങ്ങളാൽ പ്രാവർത്തികമാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക 2021 കാലവർഷക്കെടുതിയിൽ തകർന്ന പ്രസ്തുത പഞ്ചായത്തിലെ കടവുപുഴ പാലത്തിന് മാറ്റി അനുവദിക്കാനായി രേഖാമൂലം നൽകിയ നിവേദനത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് മാറ്റി അനുവദിച്ച് കടവുപുഴ പാലം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ചെലവു ചുരുക്കാനുള്ള നിർദ്ദേശങ്ങൾ</u>**

2655 **ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ വകുപ്പുകൾക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) പദ്ധതിയിതര ചെലവുകൾ കുറയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ചെലവു ചുരുക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ?

**<u>മലപ്പുറം മണ്ഡലത്തിലെ ബജറ്റ് പ്രവർത്തികളുടെ പുരോഗതി</u>**

2656 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ 2021-22 മുതൽ 2023-24 വരെയുള്ള കാലയളവുകളിലെ ബജറ്റുകളിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടെയും പുരോഗതി വിശദീകരിക്കാമോ ?

## ബഡ്ജറ്റിൽ നിർദ്ദേശിച്ച തുക

2657 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗം, വനം വന്യജീവി, ടൂറിസം, പൊതുമരാമത്ത്, ഇറിഗേഷൻ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ, വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, ആരോഗ്യകുടുംബക്ഷേമം , വനിതാ-ശിശു വികസനം എന്നീ വകുപ്പുകൾക്ക് 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റിൽ നിർദ്ദേശിച്ച തുകയും, അനുവദിച്ച് നൽകിയ തുകയും എത്രയാണ്; അനുവദിച്ച് നൽകിയ തുക എത്ര ഗഡുക്കളായി ഏതെല്ലാം തീയതികളിൽ നൽകി; വിശദമാക്കാമോ?

## വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി വകയിരുത്തിയ തുക

2658 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; നാളിതുവരെ എത്ര തുക അനുവദിച്ചു നൽകിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചത്; വിശദാംശം നൽകാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എത്ര രൂപയാണ് വകയിരുത്തിയിരുന്നത്; അതിൽ എത്ര തുക അനുവദിച്ചു നൽകിയിരുന്നുവെന്നും, എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നും വിശദീകരിക്കാമോ?

## വെള്ളക്കെട്ട് പരിഹരിക്കുന്നതിന് അനുവദിച്ച തുക

2659 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് 2023-24 ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയോയെന്ന് വ്യക്തമാക്കാമോ?

## ലൈഫ് പദ്ധതി

2660 **ശ്രീ. ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) 2021- 22 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ലൈഫ് പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ തുക എത്രയാണ്; നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിവരങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

## സാമൂഹ്യ സുരക്ഷ പെൻഷൻ ബെനിഫിഷ്യറീസ് ലിസ്റ്റ് ഏകീകരണം

2661 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നിലധികം മാസങ്ങളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ സഹകരണ ബാങ്കുകൾ വഴി ഒന്നിച്ച് വിതരണം ചെയ്യേണ്ട സാഹചര്യം വരുമ്പോൾ ഓരോ മാസത്തെയും പെൻഷൻ ബെനിഫിഷറീസ് ലിസ്റ്റ് ഫോം -1 ൽ വെവ്വേറെയായി നൽകേണ്ടി വരുന്നത് കാരണം പെൻഷൻ വിതരണത്തിനും അനുബന്ധ ജോലികൾക്കും കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സന്ദർഭങ്ങളിൽ ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കുവാനും കാലതാമസം ഒഴിവാക്കുവാനും വേണ്ടി വിതരണം ചെയ്യേണ്ട എല്ലാ മാസങ്ങളുടെയും തുക ഒന്നിച്ച് ഫോം-1 ൽ ലിസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഒന്നിലധികം മാസങ്ങളുടെ പെൻഷൻ വിതരണത്തിന് ഇപ്പോൾ നൽകി വരുന്ന ഒരു മാസത്തെ ഇൻസെന്റീവ് കാലോചിതമായി പരിഷ്കരിക്കുവാനും ഓരോ മാസത്തിനും എന്ന തോതിൽ കുടിശികയില്ലാതെ വിതരണം ചെയ്യുവാനും നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ പെൻഷൻ വിതരണത്തിന് നൽകി വരുന്ന ഇൻസെന്റീവ് കുടിശിക എത്രയാണ്; ആയത് എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് വെളിപ്പെടുത്തുമോ?

## ക്ഷേമപെൻഷൻ വിതരണം

2662 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തോടനുബന്ധിച്ച് ക്ഷേമപെൻഷൻ വിതരണം തടസ്സമില്ലാതെ തുടരുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ ഒരു വർഷം സംസ്ഥാന സർക്കാർ ചെലവഴിക്കുന്ന തുകയെത്രയെന്നും ഈയിനത്തിൽ കേന്ദ്ര സർക്കാർ ചെലവഴിക്കുന്ന തുകയെത്രയെന്നും വിശദമാക്കുമോ;

(സി) ക്ഷേമ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് കേന്ദ്രം നൽകേണ്ട തുക കൃത്യമായി ലഭിക്കുന്നില്ലെന്നത് വസ്തുതയാണോ; വിശദാംശം നൽകുമോ?

## **സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം**

2663 **ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നൽകിവരുന്ന സാമൂഹ്യ ക്ഷേമപെൻഷൻ കുടിശ്ശിക ഉൾപ്പെടെ സമയബന്ധിതമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

## **സാമൂഹ്യ സുരക്ഷ പെൻഷൻ**

2664 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയായി എത്ര കോടി രൂപ സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഒരു മാസം സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിന് എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ട്; എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ട് ;വിശദമാക്കാമോ ;

(സി) സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും എത്ര കോടി രൂപ ഇതുവരെയായി കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കാമോ?

## **സാമൂഹിക ക്ഷേമ പെൻഷനും ക്ഷേമനിധി പെൻഷനും**

2665 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ജൂലൈ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര പേർക്കാണ് സാമൂഹിക ക്ഷേമ പെൻഷനും ക്ഷേമനിധി പെൻഷനും നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 2023 ജൂലൈ കണക്ക് പ്രകാരം എത്ര പേരുടെ സാമൂഹിക ക്ഷേമ പെൻഷനും ക്ഷേമനിധി പെൻഷനുമാണ് സസ്പെൻഡ് ചെയ്തിരിക്കുന്നതെന്നും ഇതിന്റെ കാരണങ്ങളും വ്യക്തമാക്കാമോ;

(സി) ക്ഷേമനിധി പെൻഷൻ നൽകുവാൻ സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ; എങ്കിൽ ഒരോ ക്ഷേമനിധി ബോർഡിനും എത്ര തുകയാണ് ഗ്രാന്റായി നൽകുന്നതെന്ന് വിശദീകരിക്കാമോ?

## **സാമൂഹ്യ സുരക്ഷ പെൻഷൻ**

2666 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ പ്രതിമാസം എത്ര തുക വിതരണം ചെയ്യുന്നുവെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) സാമൂഹ്യ സുരക്ഷ പെൻഷൻ അനർഹമായി വാങ്ങുന്നവരെ കണ്ടെത്തുന്നതിന്

സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നും എത്ര പേർ അനർഹമായി പെൻഷൻ വാങ്ങുന്നുണ്ടെന്നും അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്താമോ?

**<u>ക്ഷേമപെൻഷൻ വിതരണത്തിന് കേന്ദ്ര വിഹിതം</u>**

2667 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷൻ വിതരണത്തിനായി കേന്ദ്രസർക്കാർ നൽകേണ്ടുന്ന വിഹിതം എത്രയാണ്; ഏതെല്ലാം വിഭാഗത്തിലുള്ള പെൻഷനാണ് ഇതിൽ നിന്നും നൽകുന്നത്;

(ബി) ക്ഷേമപെൻഷൻ വിതരണത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക കൃത്യമായി ലഭിക്കാറുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ കുടിശ്ശികയിനത്തിൽ എന്തു തുക ലഭിക്കാനുണ്ടെന്നും എന്ന് മുതലാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

**<u>പെട്രോൾ, ഡീസൽ വില വർദ്ധന</u>**

2668 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ നികുതി ഇനത്തിൽ 2016 മേയ് മാസം മുതൽ നാളിതുവരെ ലഭിച്ച അധിക വരുമാനം എത്ര; വിശദവിവരം ലഭ്യമാക്കാമോ;

(ബി) പെട്രോൾ ഡീസൽ വില വർദ്ധനവ് മൂലമുണ്ടാകുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന അധിക നികുതി വരുമാനം ഒഴിവാക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ?

**<u>ഇന്ധന സെസ്സ്</u>**

2669 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധന സെസിൽക്കൂടി കണ്ടെത്തിയ അധിക വരുമാനം ഏതിനത്തിലാണ് സർക്കാർ ചെലവഴിച്ചത് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>സംസ്ഥാനത്തെ നികുതി വരുമാനം</u>**

2670 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പാക്കിയത് എന്നു മുതൽക്കാണ്; ജി.എസ്.ടി. നടപ്പാക്കിയതു മുതൽ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തെ തനത് നികുതി വരുമാനം എത്ര രൂപ വീതമാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാകുമോ;

(ബി) ഇവ ഓരോ വർഷവും പ്രതീക്ഷിച്ചിരുന്ന നികുതി വരുമാനത്തിന്റെ എത്ര ശതമാനം വീതമാണെന്ന് അറിയിക്കുമോ;

(സി) ഈ കാലയളവിൽ സംസ്ഥാനത്തെ എല്ലായിനങ്ങളിലുമായി ആകെ പിരിഞ്ഞു

കിട്ടാനുള്ള നികുതി കുടിശിക എത്രയാണ്; സാമ്പത്തിക വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) നികുതി കുടിശിക പൂർണമായും പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

## <u>നികുതി രംഗത്തെ നവീകരണം</u>

2671 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. ഐ. ബി. സതീഷ്**
**ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നികുതി രംഗത്തെ മുഴുവൻ നവീകരിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പുനഃസംഘടനയിലൂടെ നികുതി ഭരണ നിർവ്വഹണം സാങ്കേതിക വിദ്യാധിഷ്ഠിതമായി മാറ്റുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ നമ്പരുകളും വ്യാജ രജിസ്ട്രേഷനിലൂടെയുള്ള ചരക്ക് കടത്തും കണ്ടെത്തുന്നതിൽ രാജ്യത്തിനു തന്നെ മാതൃകയാകുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നികുതി ദായകരെ കൂടി പരിഗണനയിലെടുത്ത് അവരുടെ ഭാഗം കൂടി കേൾക്കുന്നതിനും സേവനങ്ങൾ കാലതാമസം കൂടാതെ നൽകുന്നതിനും നടത്തിയിട്ടുള്ള ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ?

## <u>കടമെടുപ്പ് പരിധി</u>

2672 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അനുവദിച്ച മുൻകാല വായ്പകളുടെ തിരിച്ചടവ് ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് എത്ര രൂപയുടെ ബാദ്ധ്യത ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ഓണക്കാലത്തെ ചെലവുകൾക്കായി എത്ര കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്; പ്രസ്തുത തുക ഏത് രീതിയിൽ കണ്ടെത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## <u>മോട്ടോർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി</u>

2673 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും നാളിതുവരെ ഉണ്ടായിട്ടുള്ള അധിക വരുമാനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

## <u>സർക്കാരിന്റെ ധനസ്ഥിതി</u>

2674 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനസംബന്ധമായ സർക്കാരിന്റെ പ്രഖ്യാപനങ്ങളും യാഥാർത്ഥ്യവും തമ്മിൽ പൊരുത്തക്കേടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരമേറ്റശേഷമുള്ള ഓരോ വർഷവും ബജറ്റുകളിൽ പ്രതീക്ഷിച്ച റവന്യൂ കമ്മിയും യഥാർത്ഥത്തിലുള്ള റവന്യൂ കമ്മിയും തമ്മിൽ താരതമ്യപ്പെടുത്തി വിശദമാക്കാമോ; റവന്യൂ കമ്മി വർദ്ധിക്കാനുള്ള കാരണം വെളിപ്പെടുത്താമോ;

(സി) ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ മുന്നറിയിപ്പുകൾ അവഗണിച്ചത് ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ടോ; റവന്യൂ വരുമാനം കുറയുന്നതിനുള്ള കാരണങ്ങൾ വസ്തുനിഷ്ഠമായി പരിശോധിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

**<u>മറ്റ് വകുപ്പുകളിലെ സേവനകാലം പെൻഷൻ ആനുകൂല്യത്തിന് പരിഗണിക്കുന്ന നടപടി</u>**

2675 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിലെ ജീവനക്കാരും അദ്ധ്യാപകരും സർവ്വകലാശാലയിലെ സേവനത്തിന് മുമ്പ് കൃഷി വകുപ്പ്, കോക്കനട്ട് ബോർഡ്, റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ് മുതലായ സ്ഥാപനങ്ങളിൽ അനുഷ്ഠിച്ച സേവന കാലാവധി പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിനായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്താണെന്നും ഏതെല്ലാം സ്ഥാപനങ്ങളിലെ സേവനങ്ങളാണ് ഇത്തരത്തിൽ പരിഗണിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള സേവന കാലാവധി കഴിഞ്ഞ പതിനഞ്ച് വർഷത്തിനുള്ളിൽ പരിഗണിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) മറ്റു വകുപ്പുകളിലും, ബോർഡുകളിലും അനുഷ്ഠിച്ചിട്ടുള്ള സേവന കാലം നിലവിൽ പെൻഷൻ ആനുകൂല്യങ്ങൾക്കായി പരിഗണിക്കാറുണ്ടോ;

(ഡി) പരിഗണിക്കില്ലെങ്കിൽ ആയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവ് ലഭ്യമാക്കാമോ?

**<u>സർവകലാശാലകൾക്കുള്ള ധന സഹായം</u>**

2676 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പല സർവകലാശാലകൾക്കുമുള്ള ഗ്രാന്റ് വിഹിതം മാസാദ്യം ലഭ്യമാക്കാത്തത് കാരണം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ ഓരോ സർവകലാശാലയ്ക്കും വാർഷിക പ്ലാൻ, നോൺ പ്ലാൻ ഗ്രാന്റിനങ്ങളിൽ 2021-22 മുതൽ 2023 -24 വരെയുള്ള വർഷങ്ങളിൽ എത്ര ശതമാനം വീതം വർദ്ധനവ് വരുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

**നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള അക്രഡിറ്റഡ് ഏജൻസികളുടെ വിശദാംശങ്ങൾ**

2677 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സംസ്ഥാനത്ത് എത്ര അക്രഡിറ്റഡ് ഏജൻസികളുണ്ടെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

**സേഫ് കേരള പദ്ധതി കെൽട്രോണിനെ പി.എം.സി. ആക്കിയ നടപടി**

2678 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഷാഫി പറമ്പിൽ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനവകുപ്പിന്റെ 4/7/2019 ലെ 77 /2019/ധന നമ്പർ ഉത്തരവ് പ്രകാരം ട്രാഫിക് സിഗ്നലിങ് അടക്കമുള്ള ഐ.ടി അനുബന്ധ പദ്ധതികളിൽ കെൽട്രോണിനെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് ആക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ട്രാഫിക് സിഗ്നലിങ് അടക്കമുള്ള ഐ.ടി അനുബന്ധ പദ്ധതികളിൽ കെൽട്രോണിനെ പ്രൊജക്റ്റ് മാനേജ്മന്റ് കൺസൾട്ടന്റ് ആയി തെരഞ്ഞെടുത്തത് നിയമാനുസൃതമാണോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് ലംഘിച്ചുകൊണ്ട് കെൽട്രോണിനെ പി.എം.സി. ആയി തെരഞ്ഞെടുത്തതിനെ ധനകാര്യവകുപ്പ് എതിർത്തിരുന്നോ എന്ന് വ്യക്തമാക്കാമോ?

**ബജറ്റിന് പുറത്ത് സമാഹരിച്ച തുകയുടെ വിശദാംശങ്ങൾ**

2679 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി, പ്രവാസി ചിട്ടി തുടങ്ങിയവയിലൂടെ ബജറ്റിന് പുറത്ത് സമാഹരിച്ചിട്ടുള്ള തുക എത്രയാണ്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയിൽ തിരിച്ചടയ്ക്കേണ്ടതായ തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച വ്യക്തമാക്കുമോ; നാളിതുവരെ ഈയിനത്തിൽ എത്ര തുക തിരിച്ചടച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

**കേരള സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ്**

2680 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത എത്ര അംഗങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് എന്തെല്ലാം

ആനുകൂല്യങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ?

**മെഡിസെപ്പിൽ നിന്നും സ്വകാര്യ ആശുപത്രികളുടെ പിൻവാങ്ങൽ**

2681 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ആരംഭിച്ച മെഡിസെപ്പിൽ നിന്നും സ്വകാര്യ ആശുപത്രികൾ കൂട്ടത്തോടെ പിൻവാങ്ങുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിസെപ്പ് ആനുകൂല്യം നൽകി ചികിത്സിച്ചിരുന്ന പല സ്വകാര്യ ആശുപത്രികളും ഇപ്പോൾ ചികിത്സ നിഷേധിക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(സി) സർക്കാർ ജീവനക്കാർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന രീതിയിൽ മെഡിസെപ് സൗകര്യം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

**ഫാമിലി പെൻഷന് അർഹതയുള്ളവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നടപടി**

2682 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മരിച്ചുപോയ പെൻഷനറുടെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന മക്കൾക്ക് ഫാമിലി പെൻഷന് അർഹത വരുന്ന സാഹചര്യത്തിൽ പ്രസ്തുത ഫാമിലി പെൻഷൻ ചട്ട പ്രകാരം അനുവദിക്കുന്ന അധികാരി "പെൻഷൻ സാങ്ഷനിങ് അതോറിറ്റി" ആണോ എന്നറിയിക്കാമോ;

(ബി) സർക്കാർ പെൻഷൻ സാങ്ഷനിങ് അധികാരിയായ കേസുകൾ ഒഴികെ അതത് വകുപ്പുകളിലെ പെൻഷൻ സാങ്ഷനിങ് അധികാരികൾക്ക് പ്രസ്തുത കുടുംബ പെൻഷൻ അനുവദിക്കാവുന്നതാണോ എന്നറിയിക്കാമോ;

(സി) അങ്ങനെയെങ്കിൽ ഇത്തരം കേസുകളിൽ വിവിധ വകുപ്പുകൾ ഭരണ വകുപ്പിലും ധനകാര്യ വകുപ്പിലും ശിപാർശ സമർപ്പിച്ച് സർക്കാർ അനുമതി വാങ്ങുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) ചട്ട പ്രകാരം വേണ്ടതില്ലാത്ത ഇത്തരം അധിക അനുമതി ഉത്തരവുകൾ നേടുന്നതിനുള്ള കാലതാമസം കാരണം ഫാമിലി പെൻഷന് അർഹതയുള്ളവർ അനുഭവിക്കുന്ന സാമ്പത്തിക പ്രയാസങ്ങളും മറ്റു ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

**വായ്പ ഇനങ്ങളുടെ പലിശ**

2683 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വായ്പകളുടെ പലിശ ഇനത്തിൽ പ്രതിമാസം എത്ര രൂപയാണ് സംസ്ഥാനത്തിനു ചെലവഴിക്കേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ; മൊത്തം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണ് പ്രസ്തുത തുകയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്തിന്റെ പൊതു കടം, ആളോഹരി കടം എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) 2016 മാർച്ച് 31 ന് സംസ്ഥാനത്തിന്റെ പൊതു കടം, ആളോഹരി കടം എന്നിവ എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

**എ.ഐ. ക്യാമറകൾ സ്ഥാപിക്കൽ- ധനവകുപ്പ് ഉത്തരവിൻെറ ലംഘനം**

2684 **ശ്രീമതി ഉമ തോമസ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.സി (പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ്) ആയി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ കരാർ കമ്പനികളുമായി മാതൃ വകുപ്പ് ഉൾപ്പെടുന്ന ത്രികക്ഷി കരാറിൽ മാത്രമേ ഏർപ്പെടാൻ പാടുള്ളു എന്ന് നിഷ്കർഷിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കരാർ കമ്പനികളെ തെരഞ്ഞെടുക്കാൻ പി.എം.സി.കളെ ഏല്പിക്കുന്ന സാഹചര്യത്തിൽ മാതൃ വകുപ്പ്, പി.എം.സി., കരാർ കമ്പനി എന്നിവർ ചേർന്നുള്ള ത്രികക്ഷി കരാറിൽ മാത്രമേ ഏർപ്പെടാൻ പാടുള്ളു എന്ന നിബന്ധന ലംഘിച്ചതിനെ ധനകാര്യ വകുപ്പ് എതിർത്തിട്ടുണ്ടോ; വിശദമാക്കുമോ?

**കിഫ്ബിയുടെ ഇൻഫ്രാസ്ട്രക്ച്ചർ ഫൈനാൻസിങ്**

2685 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി രൂപീകരിക്കുന്നതിന് മുൻപ് സംസ്ഥാന സർക്കാർ ഇൻഫ്രാസ്ട്രക്ച്ചർ ഫൈനാൻസിങ് നടത്തിയിരുന്നത് എങ്ങനെയായിരുന്നു; വിശദ വിവരങ്ങൾ നൽകാമോ; ഇതിനായി ഏതൊക്കെ സ്ഥാപനങ്ങളാണ് ഉണ്ടായിരുന്നത്; ഇപ്പോഴും പ്രസ്തുത സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യ വികസനമേഖലയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബി എങ്ങനെയാണ് ഫണ്ട് ശേഖരിച്ചിട്ടുള്ളതെന്നത് വ്യക്തമാക്കുമോ; കിഫ്ബി നിലവിൽ വന്നതുമുതൽ നാളിതുവരെ ശേഖരിച്ചിട്ടുള്ള ഫണ്ട് വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) വിദേശത്തുള്ള സ്റ്റോക്ക് എക്സ്ചേഞ്ചിൽ കൂടിയ നിരക്കിലാണോ കിഫ്ബി ബോണ്ട് ഇഷ്യൂ ചെയ്തിട്ടുള്ളത്; എങ്കിൽ എന്തിനാണെന്ന് വ്യക്തമാക്കുമോ; രൂപം കൊണ്ടതിനു ശേഷം എത്ര മസാല ബോണ്ടുകൾ കിഫ്ബി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കിഫ്ബിക്ക് ഇൻഫ്രാസ്ട്രക്ച്ചർ മേഖലയിൽ മാത്രമല്ലാതെ മറ്റ് മേഖലകളിലും ഇൻവെസ്റ്റ്മെന്റ് ഉണ്ടോ; വ്യക്തമാക്കുമോ?

**മലമ്പുഴ മണ്ഡലത്തിലെ "മലമ്പുഴ റിംഗ് റോഡും പാലവും നിർമ്മാണം"**

2686 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ "മലമ്പുഴ റിംഗ് റോഡും പാലവും നിർമ്മാണം" എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിക്ക് ആകെ എത്ര രൂപയുടെ സാമ്പത്തികാനുമതി ആണ് നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ?

**<u>മാനന്തവാടി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

2687 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ നാളിതുവരെ അനുവദിച്ച കിഫ്ബി പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിൽ നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്ത പദ്ധതികളുടെ സ്ഥിതി അറിയിക്കാമോ?

**<u>കുത്തനൂർ ഗ്രാമപഞ്ചായത്തിലെ തോലനൂർ ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണ പുരോഗതി</u>**

2688 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ കുത്തനൂർ ഗ്രാമപഞ്ചായത്തിലെ തോലനൂർ ജി.എച്ച്.എസ്.എസ്. കെട്ടിടത്തിന്റെ (കിഫ്ബി ഫണ്ട്- 3 കോടി) നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>ചാത്തന്നൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

2689 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കാമോ?

**<u>പെരിന്തൽമണ്ണ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

2690 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിൽ നടപ്പാക്കിയ കിഫ്ബി പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിന്ന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെല്ലാം

പ്രവൃത്തികൾ ഇനി നടപ്പാക്കാനുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

## പ്രളയ സെസ് പലിശ ഒഴിവാക്കാനുള്ള നടപടി

2691 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മുതൽ 2022 വരെ സാമ്പത്തിക വർഷങ്ങളിൽ കൊണ്ടുവന്ന പ്രളയ സെസ് കോവിഡ് മഹാമാരി മൂലം സാമ്പത്തിക പ്രതിസന്ധിയിലായ വ്യാപാരികൾക്കും വ്യവസായികൾക്കും മറ്റും അടയ്ക്കാൻ കഴിയാതെ വന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സെസ് അടക്കാൻ വ്യാപാരികളും വ്യവസായികളും തയ്യാറാണെങ്കിലും ഭീമമായ തുക പലിശയായി അടയ്ക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പലിശ പൂർണ്ണമായും ഒഴിവാക്കി പ്രസ്തുത വർഷങ്ങളിലെ സെസ് മാത്രം അടയ്ക്കുന്നതിന് ഒരു ആംനസ്റ്റി സ്കീം കൊണ്ടുവരുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

## പ്രളയ സെസ്

2692 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.08.2019 മുതൽ 2 വർഷക്കാലത്തേയ്ക്ക് ഏർപ്പെടുത്തിയ പ്രളയ സെസ് ഇനത്തിൽ എത്ര രൂപ പിരിച്ചു എന്നറിയിക്കാമോ; ഈയിനത്തിൽ ലഭിക്കേണ്ട തുക പൂർണ്ണമായി ലഭിച്ചെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ബി) പ്രളയ സെസ് നിലവിലുള്ള കാലയളവിലെ സംസ്ഥാനത്തിനകത്തുള്ള ബിസിനസ് ടു കൺസ്യൂമർ ടാക്സബിൾ സപ്ലൈ എത്ര തുകയാണ് (സ്വർണ്ണവും ഡയമണ്ടും ഒഴികെ); ഇതിൽ കേരളത്തിന്റെ കൈവശമുള്ള ഫയലിലെ തുക എത്രയെന്നും, കേന്ദ്രത്തിന്റെ കൈവശമുള്ള ഫയലുകളിലെ തുക സംബന്ധിച്ച വിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് എത്രയെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത കാലയളവിലെ സ്വർണ്ണവും ഡയമണ്ടും വില്പനയുടെ ബിസിനസ് ടു കൺസ്യൂമർ തുക എത്രയാണ്;ഇതിൽ കേരളത്തിന്റെ കൈവശമുള്ള ഫയലിലെ തുക എത്രയെന്നും, കേന്ദ്രത്തിന്റെ കൈവശമുള്ള ഫയലുകളിലെ തുക സംബന്ധിച്ച് വിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് എത്രയെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ ബിസിനസ് ടു ബിസിനസ് കച്ചവടങ്ങളിൽ ബിസിനസ് ആവശ്യങ്ങൾക്ക് അല്ലാതെ വാങ്ങിച്ച സാധനങ്ങളുടേയും സേവനങ്ങളുടേയും മേൽ പ്രളയ സെസ് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൽ കേരളത്തിന്റെ കൈവശമുള്ള ഫയലുകളിലെ ടേൺഓവർ സെസ് തുക എത്രയെന്നും , കേന്ദ്രത്തിന്റെ കൈവശമുള്ള ഫയലിലെ ടേൺഓവർ സെസ് തുക സംബന്ധിച്ച വിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് എത്രയെന്നും അറിയിക്കാമോ;

(ഇ) നാളിതുവരെ പ്രളയ സെസിൽ വീഴ്ച വരുത്തിയ എത്ര നികുതിദായകരെ ജി.എസ്.ടി. വകുപ്പ് കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) ജി.എസ്.ടി. ജീവനക്കാർക്ക് പരിശോധിക്കുവാൻ ഡിസൈൻ ചെയ്തിരുന്ന വെബ് സൈറ്റിൽ പ്രളയ സെസ് ഇപ്പോഴും മെയിന്റയിൻ ചെയ്യുന്നുണ്ടോ; ഏത് ഏജൻസിയാണ് ഇപ്പോൾ മെയിന്റയിൻ ചെയ്യുന്നത്; ആയതിന്റെ കരാർ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

**<u>ഓൺലൈൻ ഗെയിമുകൾക്ക് ജി.എസ്.ടി.</u>**

2693 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ വി ജോയി**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി കാനത്തിൽ ജമീല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ഗെയിമുകൾ, ചൂതാട്ട കേന്ദ്രങ്ങൾ, കുതിരപ്പന്തയം എന്നിവയ്ക്ക് ഉയർന്ന ജി.എസ്.ടി. ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത് സംബന്ധിച്ച നിയമനിർമ്മാണം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഓൺലൈൻ ഗെയിമുകൾ നിരോധിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള അധികാരം നിലനിർത്തുന്ന തരത്തിലാണോ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) വിദേശരാജ്യങ്ങളിലുള്ള സ്ഥാപനങ്ങൾ നികുതി ഒടുക്കാതെ നടത്തുന്ന ഓൺലൈൻ ഗെയിമുകൾ അവസാനിപ്പിക്കുന്നതിനോ നിയമവിധേയമായി പ്രവർത്തിപ്പിക്കുന്നതിനോ ബില്ലിൽ വ്യവസ്ഥ ഉണ്ടാകുമോ; വിശദമാക്കുമോ?

**<u>ജി.എസ്.ടി. വകുപ്പിന്റെ നവീകരണം</u>**

2694 **ശ്രീ. പി. നന്ദകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ ഭരണ നിർവ്വഹണത്തിന് അനിവാര്യമായ പുതിയ സങ്കേതികവിദ്യയിലധിഷ്ഠിതമായ സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് പൂർണ്ണ സജ്ജമായിട്ടുണ്ടോ;

(ബി) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ സോഫ്റ്റ് വെയറായ AIMS ന്റെ നവീകരണം പൂർത്തിയായോ?

**<u>ഇ-വേ ബിൽ സംവിധാനം</u>**

2695 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-വേ ബിൽ ഏർപ്പെടുത്തുന്നത് ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) എത്ര രൂപയ്ക്ക് മുകളിൽ വില വരുന്ന സ്വർണ്ണത്തിനാണ് ഇ-വേ ബിൽ നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുള്ളത്; രജിസ്റ്റേർഡ് വ്യാപാരികൾക്ക് മാത്രമായി ഇ-വേ ബിൽ പരിമിതപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>കരുണാ ദാസ് കെ യുടെ പെൻഷൻ ആനുകൂല്യങ്ങൾ വൈകിപ്പിച്ച നടപടി</u>**

2696 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ പാലക്കാട് ജില്ലയിൽ നിന്നും ഡെപ്യൂട്ടി കമ്മീഷണറായി വിരമിച്ച കരുണാ ദാസ് കെ. എന്ന ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യങ്ങൾ അകാരണമായി വൈകിപ്പിച്ചതിനെതിരെ നടപടി ആവശ്യപ്പെട്ട് വകുപ്പ് മന്ത്രിക്ക് 07.06.2023 തീയതിയായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ അടങ്ങിയ ഫയലിൽ തീരുമാനമെടുക്കാതെ വൈകിപ്പിച്ചത് വകുപ്പ് മന്ത്രിയുടെ ഓഫീസിലെ ഒരു ഉദ്യോഗസ്ഥനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 07.06.2023-ലെ പരാതിയിൽ തുടർ നടപടി സ്വീകരിക്കുവാൻ നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) പെൻഷൻ ആനുകൂല്യങ്ങൾ വൈകിയതുമൂലം ടിയാനുണ്ടായ സാമ്പത്തിക നഷ്ടം അതിന് കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി നൽകുവാൻ നടപടി സ്വീകരിക്കുമോ?

**<u>അഡ്വാൻസ് റൂളിംഗുകൾ</u>**

2697 **ശ്രീ. ഷാഫി പറമ്പിൽ**

**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 സെപ്റ്റംബർ മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിൽ ജി.എസ്.ടി. അഡ്വാൻസ് റൂളിംഗ് അതോറിറ്റി മുൻപാകെയുള്ള അഡ്വാൻസ് റൂളിംഗ് അപേക്ഷകൾ തീർപ്പാക്കുന്നതിന് ഒന്ന് മുതൽ മൂന്ന് വർഷം വരെ കാലതാമസം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാന ജി.എസ്.ടി. അംഗം പ്രസ്തുത അതോറിറ്റിയുടെ എത്ര സിറ്റിംഗുകൾ/ഹിയറിംഗുകളിൽ പങ്കെടുത്തുവെന്നും അംഗം ഒപ്പിട്ടു കൊണ്ടുള്ള എത്ര കേസുകൾ അതോറിറ്റി തീർപ്പാക്കി റൂളിംഗ് നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) അഡ്വാൻസ് റൂളിംഗ് അതോറിറ്റിയിലെ സംസ്ഥാന ജി.എസ്.ടി. അംഗത്തിന്റെ നിസ്സഹകരണം കാരണമാണ് പ്രസ്തുത കാലയളവിൽ സിറ്റിംഗുകൾ/ഹിയറിംഗുകൾ സമയബന്ധിതമായി നടക്കാത്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ കേന്ദ്ര അംഗം സംസ്ഥാന ജി.എസ്.ടി. കമ്മീഷണർക്ക് രേഖാമൂലം പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ജി.എസ്.ടി. നിയമപ്രകാരം അഡ്വാൻസ് റൂളിംഗുകൾക്കായുള്ള അപേക്ഷകൾ ഫയൽ ചെയ്ത് തൊണ്ണൂറ് ദിവസങ്ങൾക്കകം തീർപ്പാക്കേണ്ടതുണ്ടോ; എങ്കിൽ 2021 സെപ്റ്റംബർ മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിൽ അതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ അതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുമോ?

2698 **<u>ചോദ്യം പിൻവലിച്ചു</u>**

## <u>സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി വിഹിതം</u>

2699 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി വിഹിതം കൃത്യമായി ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; കുടിശ്ശികയായി ലഭിക്കേണ്ടത് എത്ര രൂപയാണ്; വിശദമാക്കുമോ?

## <u>ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കാൻ നടപടി</u>

2700 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ-വേ ബിൽ പരിശോധന കാര്യക്ഷമമല്ല എന്നതും പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളിൽ സ്ഥാപിച്ച എ.എൻ.പി.ആർ. (ആട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റക്കഗ്നിഷൻ) ക്യാമറകളിൽ നിരവധി എണ്ണം പ്രവർത്തനക്ഷമമല്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഈ-വേ ബിൽ പരിശോധന കാര്യക്ഷമമല്ലാത്തതിനാൽ നികുതി വരുമാനത്തിൽ ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ; ഇത് തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## <u>ജി.എസ്.ടി. വകുപ്പിൽ പൊതു സ്ഥലംമാറ്റ ചട്ടങ്ങളുടെ ലംഘനം</u>

2701 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി.വകുപ്പിൽ പൊതു സ്ഥലംമാറ്റ ചട്ടങ്ങൾ വ്യാപകമായി അട്ടിമറിക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉത്തരവ് നമ്പർ 03/2017 ഉ.ഭ.പ.വ തീയതി 25/02/2017 പ്രകാരം ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം 2021, 2022, 2023 വർഷങ്ങളിൽ നടത്തിയിരുന്നോ; ഇല്ലെങ്കിൽ ആയതിന് പ്രത്യേക കാരണങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രത്യേക പരിഗണന അർഹിക്കുന്ന ജീവനക്കാർ പോലും കോടതിയെയും കമ്മീഷനുകളേയും സമീപിച്ച് അനുകൂല ഉത്തരവുകൾ നേടിയാൽ പോലും അർഹതപ്പെട്ട സ്ഥലംമാറ്റം നൽകുന്നതിൽ യഥാസമയം നടപടികൾ

സ്വീകരിക്കാഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസുകളിൽ നികുതി വകുപ്പ് സെക്രട്ടറിയും ജി.എസ്.ടി. കമ്മീഷണറും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെയും ദേശീയ പട്ടികജാതി കമ്മീഷന്റെയും കോടതിയലക്ഷ്യ നടപടികൾ നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജീവനക്കാരുടെ അർഹതപ്പെട്ട സ്ഥാനക്കയറ്റം അകാരണമായി വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ സ്ഥാനക്കയറ്റം വൈകിപ്പിച്ചതുമായി ബന്ധപ്പെട്ട് മുൻ നികുതി വകുപ്പ് സെക്രട്ടറി, നികുതി വകുപ്പ് കമ്മീഷണർ എന്നിവരെ പ്രതി ചേർത്ത് കേരള ലോകായുക്ത അധികാര ദുർവിനയോഗത്തിന് കേസെടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് കാരണക്കാരായ ജി.എസ്.ടി. വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തയ്യാറുണ്ടോ; വ്യക്തമാക്കാമോ?

## ഐ.ജി.എസ്.ടി. വരുമാനത്തിലെ കുറവ്

2702 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തലത്തിലും മറ്റു ഉപഭോക്തൃ സംസ്ഥാനങ്ങളിലും ജി.എസ്.ടി. വരുമാനം വർദ്ധിക്കുമ്പോൾ സംസ്ഥാനത്തെ ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച രീതിയിൽ വളർച്ച കൈവരിക്കാൻ സാധിക്കാത്തതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഐ.ജി.എസ്.ടി. കാര്യക്ഷമമായി പിരിക്കാത്തതുമൂലം സംസ്ഥാനത്തിന് കഴിഞ്ഞ ആറു വർഷങ്ങളിലായി ഭീമമായ നഷ്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഐ.ജി.എസ്.ടി. പിരിവ് സംവിധാനത്തിന്റെ പോരായ്മകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) വ്യാപാരി വ്യവസായികളുടെ യഥാർത്ഥ ജി.എസ്.ടി. കണക്കുകൾ പരിശോധിക്കാൻ ഓഡിറ്റ് ഫീൽഡ് ഓഫീസുകൾ രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## സംയോജിത ചരക്ക് സേവന നികുതിയും 3 ബി റിട്ടേൺ ഫയലിങ്ങും

2703 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ജി.എസ്.ടി. ആക്റ്റ്, 2017 സെക്ഷൻ 17 (1) എ, ബി, സി, ഡി, ഇ, എഫ്, സെക്ഷൻ 10 എന്നിവ അനുസരിച്ച് സംസ്ഥാനത്തിന് അകത്തേക്ക് വരുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും മേൽ ചുമത്തുന്ന സംയോജിത ചരക്ക് സേവന നികുതി വിഹിതം വാങ്ങുന്ന സ്ഥാപനങ്ങളും വ്യക്തികളും 3 ബി റിട്ടേൺ കൃത്യമായി

രേഖപ്പെടുത്താത്തത് മൂലം സംസ്ഥാനത്തിന് അർഹമായ 50 ശതമാനം ഐ.ജി.എസ്.ടി. നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ക്രമപ്രകാരം നടത്താത്തതിനാൽ ജി.എസ്.ടി. വകുപ്പ് നടപടികൾ സ്വീകരിച്ച എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ;

(സി) ഇത്തരത്തിൽ സ്ഥാപനങ്ങൾ/വ്യക്തികൾ 3 ബി റിട്ടേണുകളിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; പ്രസ്തുത നടപടികൾ ആരംഭിച്ച തീയതി വ്യക്തമാക്കാമോ; ഇത്തരം ക്രമരഹിതമായ റിട്ടേൺ ഫയലിങ്ങ് മൂലം 2017 ജൂലൈ മുതൽ 2022 മാർച്ച് 31 വരെ സംസ്ഥാനത്തിന് അർഹമായതും നഷ്ടപ്പെട്ടതുമായ ഐ.ജി.എസ്.ടി. വിഹിതത്തിന്റെ കണക്ക് ലഭ്യമാക്കാമോ;

(ഡി) ഇത്തരത്തിൽ രാജ്യത്തിന് പുറത്ത് നിന്നോ സംസ്ഥാനത്തിന് പുറത്ത് നിന്നോ സാധനങ്ങളോ സേവനങ്ങളോ വൻതോതിൽ കൊണ്ട് വന്ന് ജി.എസ്.ടി. രഹിത ഉൽപന്നമാക്കി വിപണനം ചെയ്യുന്നവർ അല്ലെങ്കിൽ കോമ്പോസിഷൻ നിരക്കിൽ നികുതി അടക്കുന്ന വ്യാപാരികൾ/സ്ഥാപനങ്ങൾ എന്നിവർക്കായി 3 ബി റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന് പ്രത്യേക പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

## <u>നികുതി പിരിവ് കാര്യക്ഷമമാക്കാൻ പ്രവർത്തനങ്ങൾ</u>

2704 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സ്വർണ്ണവ്യാപാരമുൾപ്പെടെയുള്ള പല മേഖലകളിലും ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്നതും സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി ലഭിക്കാതിരിക്കുന്നതും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നികുതി പിരിവ് ഉദ്യോഗസ്ഥ മേഖലയിലെ അഴിമതിയും കൈക്കൂലിയും ഇല്ലാതാക്കാൻ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ അത്തരത്തിൽ എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## <u>ഡീസൽ/പെട്രോൾ നികുതി വെട്ടിപ്പ് കേസുകൾ</u>

2705 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡീസൽ കള്ളക്കടത്ത് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് അത്തരത്തിലുള്ള എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട്; കണ്ടെത്തിയതിൽ ഉൾപ്പെട്ട പമ്പുകളുടെ പേര്, രജിസ്ട്രേഷൻ നമ്പർ എന്നിവ വ്യക്തമാക്കാമോ;

(ബി) പെട്രോൾ പമ്പുകൾ കേന്ദ്ര വില്പന നിയമത്തിലെ ഫോം സി യുടെ ബലത്തിൽ സംസ്ഥാനത്തിനകത്ത് എത്ര ലിറ്റർ പെട്രോളിയം ഉൽപ്പന്നങ്ങൾ കൊണ്ടുവന്ന്

വില്പന നടത്തിയിട്ടുണ്ട്; ഈ വകയിൽ എത്ര രൂപയുടെ നികുതി വെട്ടിപ്പ് നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്;

(സി) അങ്ങനെ കണ്ടെത്തിയ തുകയിൽ എത്ര രൂപ നികുതിയായും പിഴയായും അടപ്പിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

**<u>ജി.എസ്.ടി വകുപ്പ് ഓഡിറ്റ് വിങ്ങിന്റെ പ്രവർത്തനം</u>**

2706 **ശ്രീ. ഷാഫി പറമ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി വകുപ്പ് പുന:സംഘടനയുമായി ബന്ധപ്പെട്ട് പുതുതായി രൂപീകരിച്ച ഓഡിറ്റ് വിങ്ങിൽ എ.എസ്.റ്റി.ഓ. കേഡർ വരെ എത്ര ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്; ആയതിന്റെ തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; 2023 ജനുവരി 10 മുതൽ പ്രസ്തുത വിഭാഗത്തിലെ ജീവനക്കാർക്ക് നൽകിയിരുന്ന ജോലിയുടെ വിശദംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ വിഭാഗത്തിലെ ജീവനക്കാർ 2023 ജൂലൈ 31 വരെ എത്ര നികുതി ദായകരുടെ ഫയലുകളിൽ ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) എത്ര കേസുകളിൽ എ. ഡി. ടി. 01 കൊടുഞ്ഞു ? ജില്ലതിരിച്ച് എ. ഡി. ടി. 01 കൊടുത്ത തീയതി, നികുതി ദായകന്റെ പേര് നികുതി നിർണ്ണയം ബാധകമായ വർഷം എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ? ഏതെങ്കിലും കേസുകളിൽ എ ഡി ടി 02 നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ മേൽ എ. ഡി. ടി. 01 ൽ പ്രതിപാദിക്കുന്ന വിവരങ്ങൾ ലഭ്യമാക്കാമോ? ടി ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തന ഫലമായി 2023 ജൂലൈ 31 വരെയുള്ള കാലയളവിൽ എത്ര രൂപാ ഡി ർ സി 03 പ്രകാരം സർക്കാർ ഖജനാവിലേക്ക് ലഭിച്ചിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) 2023 ജനുവരി മുതൽ 2023 ജൂലൈ വരെ ജി എസ് ടി ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാർക്കായി ശമ്പളം, ഡി എ , എച്ച് ആർ എ ,മറ്റ് അലവൻസുകളായി എത്ര രൂപ ചിലവഴിച്ചു.? ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? പുതുതായി രൂപീകരിച്ച ഓഡിറ്റ് വിഭാഗത്തിൽ ജീവനക്കാർക്ക് ആവശ്യമായ കസേര, മേശ, കംപ്യൂട്ടറുകൾ / ലാപ് ടോപ്പ് മറ്റ് ഭൗതിക സാഹചര്യങ്ങൾ, ഓഫീസ് ഫർണിച്ചർ എന്നിവ ഒരുക്കുന്നതിൽ വകുപ്പിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഇ) ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാർക്ക് ജി ഐ ഫ് ടി മുഖാന്തരം നടത്തിയ ഓൺലൈൻ ട്രെയിനിങ്ങിലേക്കായി എത്ര രൂപ ചിലവായി ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓഡിറ്റ് മാസ്റ്റർ ട്രൈനർ മാർക്കായി നൽകിയ പരിശീലനത്തിന് ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>വിത്ത് തേങ്ങാ സംഭരണത്തിനുള്ള തുക വിതരണം ചെയ്യുന്നതിനുള്ള ട്രഷറി നിയന്ത്രണം</u>**

2707 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിത്ത് തേങ്ങാ സംഭരണത്തിനുള്ള തുക കർഷകർക്ക് വിതരണം ചെയ്യുന്നതിന് ട്രഷറി നിയന്ത്രണം ഉണ്ടോ; വിശദമാക്കാമോ;

(ബി) നാളികേര വിലയിടിവ് കാരണം പ്രതിസന്ധിയിൽ ആയ കൃഷിക്കാർക്ക് വിത്ത് തേങ്ങാ സംഭരണത്തിനുള്ള തുക വേഗത്തിൽ നൽകുന്നതിന് സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ അറിയിക്കാമോ?

**ട്രഷറി നിരോധനം**

2708 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ട്രഷറി നിരോധനമുണ്ടോ; എങ്കിൽ പ്രസ്തുത നിരോധനം കൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും ആയതിന് കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ ട്രഷറിയിൽ നിന്ന് എത്ര രൂപ വരെയുള്ള ബില്ലുകൾ മാറാൻ സാധിക്കും; കൂടുതൽ തുകയുടെ ബില്ലുകൾ മാറുന്ന കാര്യത്തിൽ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ;

(സി) ട്രഷറി നിരോധനം ഏർപ്പെടുത്തിയത് കാരണം ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ബില്ലുകളാണ് മാറ്റി നൽകാൻ കഴിയാത്തതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത നിരോധനം മൂലം ബില്ലുകൾ മാറാൻ കഴിയാത്ത എത്ര കരാറുകാരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇവർക്ക് നൽകാനുള്ള തുക എത്രയാണെന്നും എത്ര നാളത്തെ കുടിശിക ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ?

**ട്രഷറി നിയന്ത്രണം**

2709 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) പത്ത് ലക്ഷത്തിന് മുകളിലുള്ള ബില്ല് മാറാൻ ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;?

**ഷൊർണ്ണൂർ മണ്ഡലത്തിലെ സബ് ട്രഷറികളുടെ നിർമ്മാണം**

2710 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെറുപ്പളശേരി, ഷൊർണ്ണൂർ സബ് ട്രഷറികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ഇവ ഏത് വർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**കുരാച്ചുണ്ട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം**

2711 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ട്രഷറി വകുപ്പിന് ലഭ്യമായിട്ടുണ്ടോ;

(ബി) കൂരാച്ചുണ്ട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

## മലപ്പുറം ജില്ലയിലെ സബ് ട്രഷറികളിലെ ജീവനക്കാർ

2712 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര സബ് ട്രഷറികളാണ് ഉള്ളത്; ഓരോ ട്രഷറിയിലും നിലവിലുള്ള സ്റ്റാഫ് സ്ട്രെങ്ത് അറിയിക്കുമോ; എത്ര ഡ്രോയിംഗ് ആന്റ് ഡിസ്ബേർസിംഗ് ഓഫീസർമാർ ഉണ്ടെന്നുള്ള കണക്ക് സബ് ട്രഷറി അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഇവയിൽ താലൂക്ക് ആസ്ഥാനങ്ങളിൽ ഉള്ള സബ് ട്രഷറികൾ ഏതെല്ലാമാണ്;

(സി) താലൂക്ക് ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന കൊണ്ടോട്ടി സബ് ട്രഷറിയിൽ ആവശ്യമായ തസ്തികൾ അനുവദിക്കുന്നതിനും അതുവരെ ജില്ലയിൽ ജോലിഭാരം കുറവുള്ള സബ് ട്രഷറിയിൽ നിന്നും ജീവനക്കാരെ ഇവിടേയ്ക്ക് പുനക്രമീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കാരുണ്യ ബനവലന്റ് ഫണ്ട്

2713 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23 എന്നീ വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിൽ കാരുണ്യ ബനവലന്റ് ഫണ്ട് മുഖേന എത്ര തുക അനുവദിച്ചുവെന്നും എത്ര പേർക്കാണ് അനുവദിച്ചതെന്നും വിശദമാക്കാമോ?

## കെ.എസ്.എഫ്.ഇ. ചിട്ടി ബാധ്യത എഴുതി തള്ളുന്നതിന് നടപടി

2714 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. തിരുവല്ല ശാഖയിൽ സുവർണ്ണ ജൂബിലി ചിട്ടിയിൽ ചേർന്ന ജയചന്ദ്രൻ.റ്റി.ആർ. എന്ന വ്യക്തി ചിട്ടി ലേലത്തിൽ പിടിച്ചതിന്റെ പിറ്റേദിവസം മരണപ്പെട്ടതിനാൽ ബാധ്യതകൾ എഴുതി തള്ളുന്നത് സംബന്ധിച്ച് ടിയാന്റെ ഭാര്യ ശ്രീമതി.എ.ആർ.അജിതകുമാരി സമർപ്പിച്ച അപേക്ഷ (നം.6961056) യിൽ സ്വീകരിച്ച നടപടികളും തീരുമാനങ്ങളുമെന്തെന്ന് വ്യക്തമാക്കാമോ?

## സംസ്ഥാന ഇൻഷുറൻസ് വകുപ്പ് ആധുനികവത്കരണം

2715 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ആധുനികവത്കരിക്കുന്നതിനും ബിസിനസ്സ് വിപുലപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## മെഡിസെപ് പദ്ധതിയുടെ വിപുലീകരണം

2716 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് മുഖേന കൂടുതൽ രോഗങ്ങൾക്ക് ഇൻഷ്വറൻസ് സഹായം ലഭ്യമാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## മെഡിസെപ് ആനുകൂല്യം

2717 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് കുടിശിക ഉള്ളതിനാൽ സ്വകാര്യ ആശുപത്രികളിൽ നിന്നും മെഡിസെപ് ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മെഡിസെപ് പദ്ധതി വഴി ചികിത്സ നൽകിയ ഇനത്തിൽ ആശുപത്രികൾക്ക് നൽകാനുള്ള കുടിശിക എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കുടിശിക എത്ര നാളിനകം കൊടുത്തുതീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ചികിത്സാ പാക്കേജുകൾ പരിഷ്കരിച്ച്, സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മെച്ചപ്പെട്ട ചികിത്സ ഉറപ്പുവരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ഡി) മെഡിസെപ്പ് ആനുകൂല്യം ലഭിക്കുന്നതിന് പ്രത്യേക അനുമതി വേണ്ട സന്ദർഭങ്ങളിൽ ആയത് സമയബന്ധിതമായി നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ;

(ഇ) മെഡിസെപ് ആനുകൂല്യങ്ങൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട പരാതി നൽകുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ; ആയത് വിപുലീകരിക്കുന്നതിനുവേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കാമോ?

## മെഡിസെപ്പ് പദ്ധതി

2718 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി പ്രകാരം എത്ര ആശുപത്രികളിലാണ് നിലവിൽ ക്യാഷ് ലെസ് ചികിത്സ ഏർപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത ആശുപത്രികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കുന്നതിന് ജീവനക്കാരിൽ നിന്നും മുൻകൂർ തുക ഈടാക്കുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഏത് സാഹചര്യത്തിലാണ് അപ്രകാരം തുക ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അപ്രകാരം ഈടാക്കുന്ന തുകയുടെ പകുതി പോലും ഇൻഷുറൻസ് ക്ലെയിമായി ലഭിക്കുന്നില്ല എന്നതും മുൻകൂർ പണം നൽകാതെ ചികിത്സ ലഭിക്കുന്നില്ല എന്നതും മെഡിസെപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തെ പരാജയപ്പെടുത്തിയിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി ഗുണകരമായ രീതിയിൽ പുനഃ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജീവനക്കാർക്ക് അനുകൂലമായ രീതിയിൽ പുനഃ ക്രമീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽ മെഡിസെപ്പ് പദ്ധതി പിൻവലിച്ച് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് സ്കീം പുന:സ്ഥാപിക്കുമോ; വ്യക്തമാക്കുമോ?

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെഡിസെപ്പ് ആനുകൂല്യം**

2719 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെഡിസെപ്പ് ആനുകൂല്യം ലഭ്യമാക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

**മെഡിസെപ്പ് ആനുകൂല്യങ്ങൾ**

2720 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏതൊക്കെ അസുഖങ്ങൾക്കാണ് മെഡിസെപ്പ് വഴി ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഒരു രോഗിക്ക് ഒരേ സമയം ഒന്നിൽ കൂടുതൽ രോഗങ്ങൾക്ക് ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുട്ടു മാറ്റിവെക്കൽ, ഇടുപ്പെല്ല് മാറ്റി വെക്കൽ എന്നീ ശസ്ത്രക്രിയകൾക്ക് മെഡിസെപ്പ് മുഖേന ആനുകൂല്യം ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ശസ്ത്രക്രിയകൾക്കുള്ള ആനുകൂല്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കോഴിക്കോട് ജില്ലയിലെ ഏതൊക്കെ ആശുപത്രികളാണ് മെഡിസെപ്പിൽ ഉൾപ്പെട്ടതെന്ന് വിശദമാക്കാമോ?

**മെഡിസെപ്പ് പദ്ധതി**

2721 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിൽ ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും ഒരേ തുക പ്രീമിയം ഈടാക്കിയിട്ടും ചികിത്സ ആനുകൂല്യങ്ങൾ പെൻഷൻകാർക്ക് കുറവാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് പരിഹരിക്കുന്നതിനായി അടിയന്തര ഇടപെടൽ നടത്തുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പെൻഷൻകാരുടെ ആശ്രിതരെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ദമ്പതികൾ പെൻഷൻകാരായാൽ രണ്ടുപേരും പ്രതിമാസ പ്രീമിയം അടയ്ക്കണം എന്ന

വ്യവസ്ഥ ഒഴിവാക്കുമോ; വ്യക്തമാക്കുമോ?

**<u>പെൻഷൻകാരുടെ മെഡിസെപ്പ് ആനുകൂല്യങ്ങൾ</u>**

2722 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിൽ പെൻഷൻകാരോട് വിവേചനം കാണിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജീവനക്കാർക്കും പെൻഷൻകാർക്കും ഒരേ പ്രീമിയം ആണെന്നിരിക്കെ പെൻഷൻകാർക്ക് നൽകുന്ന ആനുകൂല്യത്തിൽ കുറവ് വരുത്താനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പങ്കാളികൾ രണ്ടുപേരും പെൻഷൻകാർ ആണെങ്കിൽ രണ്ടുപേരിൽ നിന്നും പ്രീമിയം തുക ഈടാക്കുന്ന വ്യവസ്ഥ റദ്ദാക്കണമെന്ന ആവശ്യം നിരാകരിച്ചിട്ടുണ്ടോ;

(ഡി) ഇൻഷുറൻസ് പരിരക്ഷ ലഭിക്കാൻ അർഹതയുള്ളവരിൽ നിന്നും ആദ്യം തുക അടയ്ക്കാൻ ആവശ്യപ്പെടുന്നതായ പരാതികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

**<u>കെ.എഫ്.സി.യുടെ പദ്ധതികൾ കൂടുതൽ മികവുറ്റതാക്കുന്നതിന് നടപടി</u>**

2723 **ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വ്യാവസായിക, തൊഴിൽ മേഖലകളുടെ വളർച്ചയ്ക്ക് ആക്കം കൂട്ടാൻ കെ.എഫ്.സി.യുടെ പ്രവർത്തന പദ്ധതികൾക്ക് സാധിച്ചിട്ടുണ്ടോ; കെ.എഫ്.സി.യ്ക്ക് ലാഭം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിനടിസ്ഥാനമായി കോർപ്പറേഷൻ നടത്തിയ പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിനും കെ.എഫ്.സി. സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; പുതിയ വായ്പാപദ്ധതികൾ നടപ്പാക്കുന്നതിനും നിലവിലുള്ള പദ്ധതികൾ കൂടുതൽ മികവുറ്റതാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) രാജ്യത്തെ ഏറ്റവും മികച്ച ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമാക്കി കെ.എഫ്.സി.യെ മാറ്റാനുതകുന്ന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകുമോ?

**<u>പ്രിന്റു ചെയ്ത മുദ്രപത്രങ്ങൾ</u>**

2724 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തിയ സാഹചര്യത്തിൽ സർക്കാരിന്റെയും വെണ്ടർമാരുടെയും കൈവശമുള്ള പ്രിന്റ് ചെയ്ത മുദ്രപത്രങ്ങളുടെ കണക്ക് എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**<u>വിദ്യാർത്ഥികൾക്ക് നിയമബോധവും ഭരണഘടനാ സാക്ഷരതയും ഉറപ്പുവരുത്താൻ നടപടി</u>**

2725 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികൾക്ക് നിയമബോധവും ഭരണഘടനാ സാക്ഷരതയും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനാവശ്യമായ പഠന സാമഗ്രികൾ ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ</u>**

2726 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനത്തിനായി വർഷംതോറും എത്ര തുകയാണ് ഗ്രാന്റായി നൽകിയിരിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) മനുഷ്യാവകാശ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കാറുണ്ടോ; എങ്കിൽ ഇനി ഏതെല്ലാം സാമ്പത്തിക വർഷത്തെ റിപ്പോർട്ട് സമർപ്പിക്കാനുണ്ട്; വ്യക്തമാക്കാമോ?

**<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനലാഭം</u>**

2727 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമവും ലാഭകരവും ആക്കുന്നതിനായി ദീർഘകാല, ഇടക്കാല, ഹ്രസ്വകാല കാലയളവിലേക്കുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ മാസ്റ്റർപ്ലാൻ പ്രകാരം ഓരോ പൊതുമേഖലാ സ്ഥാപനവും ലക്ഷ്യമിട്ട പതിവ് വിറ്റുവരവ്, അധിക വിറ്റുവരവ്, മൊത്തം വിറ്റുവരവ്, പ്രവർത്തന ലാഭം, പ്രവർത്തന നഷ്ടം എന്നിവ എത്രെയന്ന് വ്യക്തമാക്കാമോ;

(സി) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ഓരോ പൊതുമേഖലാ സ്ഥാപനവും

കൈവരിച്ച പതിവ് വിറ്റുവരവ്, അധിക വിറ്റുവരവ്, മൊത്തം വിറ്റുവരവ് എന്നിവ എത്രെയന്ന് വ്യക്തമാക്കാമോ?

## പോത്തുകൽ സ്കിൽ ഡെവലപ്മെന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

2728 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പോത്തുകൽ ഗ്രാമപഞ്ചായത്ത് സ്കിൽ ഡെവലപ്മെന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമി. നമ്പർ എസ്.ഐ.എൻ.ഡി. (എം) 169 എന്ന സംഘം വ്യവസായ വകുപ്പിനു കീഴിൽ എന്നാണ് രജിസ്റ്റർ ചെയ്തതെന്ന് അറിയിക്കാമോ; ടി സംഘത്തിന്റെ നിയമാവലിയുടെയും മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) ടി സംഘത്തിന് സംസ്ഥാനത്തെ വിവിധ നിർമ്മാണ ജോലികൾ വിവിധ വകുപ്പുകളിൽ നിന്നും നേരിട്ട് ഏറ്റെടുത്ത് നിർവഹിക്കുന്നതിന് ധനവകുപ്പിന്റെ അക്രഡിറ്റേഷൻ ഉണ്ടോ എന്ന് അറിയിക്കാമോ; ടെൻഡറുകളിൽ പങ്കെടുത്തല്ലാതെ നേരിട്ട് നിർമ്മാണ പ്രവൃത്തികൾ നിർവഹിക്കുന്നതിന് ഏതെങ്കിലും പ്രത്യേക അനുമതികൾ മേൽ സംഘത്തിനുണ്ടോ എന്ന് വിശദമാക്കാമോ; ഉണ്ടെങ്കിൽ അനുമതികളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) മേൽ സംഘത്തിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും തസ്തികകളും ഏതൊക്കെയെന്ന് അറിയിക്കാമോ; വിവിധ നിർമ്മാണ പ്രവൃത്തികൾ നേരിട്ട് ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിനാവശ്യമായ സാങ്കേതിക വൈദഗ്ധ്യമുള്ള സ്ഥിരം തസ്തികകൾ ടി സംഘത്തിലുണ്ടോയെന്നും ആയതിന് സർക്കാരിന്റെ അംഗീകാരമുണ്ടോയെന്നും അറിയിക്കാമോ;

(ഡി) മേൽ സംഘത്തിന്റെ പ്രവർത്തന പരിധി നിശ്ചയിച്ചത് പോത്തുകൽ ഗ്രാമപഞ്ചായത്തിൽ മാത്രമാണോയെന്നും സംസ്ഥാനത്തെ പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിനുള്ള വിവിധ ലൈസൻസുകൾ ടി സംഘത്തിന്റെ പേരിലുണ്ടോയെന്നും അറിയിക്കാമോ; ഉണ്ടെങ്കിൽ ലൈസൻസുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡിനെ പ്രവർത്തനസജ്ജമാക്കൽ

2729 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡിനെ നിലവിലെ സാമ്പത്തിക ബാദ്ധ്യതകൾ പരിഹരിച്ച് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

## കണ്ണൂർ ജില്ലയിലെ ഇൻഡസ്ട്രിയൽ സൊസൈറ്റികൾ

2730 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര ഇൻഡസ്ട്രിയൽ സൊസൈറ്റികൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(ബി) അവയിൽ ലാഭത്തിലായിട്ടുള്ള സ്ഥാപനങ്ങളുടെ വിശദവിവരം അറിയിക്കാമോ?

**<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഡിറ്റ്</u>**

2731 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല സഹകരണ സ്വയംഭരണ സ്ഥാപനങ്ങളിൽ 2022-23 വരെ ആഡിറ്റ് പൂർത്തിയാക്കിയ കമ്പനികളുടെ എണ്ണം എത്രയാണ്;അവയുടെ പേര് വിവരം വെളിപ്പെടുത്താമോ ;

(ബി) ആഡിറ്റ് പൂർത്തിയാക്കാത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണ്;വിശദമാക്കാമോ;

(സി) പ്രസ്തുത നടപടി പൂർത്തിയാക്കാനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; ആയത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ?

**<u>മലബാർ സിമെന്റ്സിൽ എം.ഡി നിയമനം</u>**

2732 **ശ്രീ. വി. ആർ. സുനിൽകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമെന്റ്സിൽ നിലവിൽ സ്ഥിരം എം.ഡി ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിയമനം വൈകുന്നതിനുള്ള കാരണമെന്താണെന്നും സ്ഥിരം എം.ഡി -യെ എപ്പോൾ നിയമിക്കുമെന്നും അറിയിക്കാമോ ;

(സി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണ നടപടികൾ എപ്പോൾ നടപ്പിലാക്കുമെന്ന് അറിയിക്കാമോ?

**<u>കാസർകോട് കെൽ കമ്പനി വിശദാംശങ്ങൾ</u>**

2733 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് (ഭെൽ) കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) ആയി മാറിയതിന് ശേഷം പ്രസ്തുത സ്ഥാപനത്തിന് സർക്കാർ നൽകിയ ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(സി) വാഗ്ദാനം ചെയ്ത ഫണ്ടുകൾ കെല്ലിനു നൽകി കഴിഞ്ഞോ; ഇല്ലെങ്കിൽ ഇനി എത്ര ഫണ്ടാണ് നൽകാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ടെന്നും അവിടെ ഉൽപ്പാദിപ്പിക്കുന്ന സാമഗ്രികൾ എന്തൊക്കെയാണെന്നും കമ്പനി ഇപ്പോൾ ലാഭകരമാണോ എന്നും വ്യക്തമാക്കാമോ;

(ഇ) ജീവനക്കാരുടെ ശമ്പളയിനത്തിൽ കുടിശിക ഉണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

**<u>സേഫ് കേരള പദ്ധതി -ആന്വിറ്റി മോഡൽ</u>**

2734 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി നടപ്പിലാക്കിയ പദ്ധതി ആന്വിറ്റി മോഡലിൽ നടപ്പിലാക്കാൻ കെൽട്രോൺ നിർദ്ദേശിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആന്വിറ്റി മോഡലിൽ നടപ്പിലാക്കിയാൽ ഉണ്ടാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

(സി) എ. ഐ. ക്യാമറകൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയതിന് ശേഷം ബി.ഒ.ഒ.ടി. മോഡലിൽ നിന്നും ആന്വിറ്റി മോഡലിലേക്ക് മാറ്റാൻ ഉള്ള കാരണം വിശദമാക്കാമോ?

**<u>സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന ബദൽ വികസന നയം</u>**

2735 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതോടൊപ്പം കേന്ദ്ര സർക്കാർ ഓഹരികൾ വിറ്റഴിച്ച് സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ച സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ കൂടി ഏറ്റെടുത്ത് പ്രവർത്തനം ശക്തിപ്പെടുത്തുന്ന ബദൽ വികസന നയം മുൻ സർക്കാരും ഈ സർക്കാരും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ആയതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ സംസ്ഥാന സർക്കാരിന്റെ ഓഹരിയും ആസ്തിയും തിരികെ ലഭിക്കുന്നതിന് വ്യവസായ വകുപ്പ് എടുക്കുന്ന നടപടികളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>ആലപ്പുഴ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ</u>**

2736 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ഉള്ളതെന്നും ഇവ ഓരോന്നും പ്രവർത്തിക്കുന്നത് എത്ര സ്ഥലത്താണ് എന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ എന്തൊക്കെ

നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ആലപ്പുഴ മണ്ഡലത്തിൽ പുതുതായി ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>പാലക്കാട് ജില്ലയിലെ പൊതു മേഖലാ സ്ഥാപനങ്ങൾ</u>**

2737 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ ഉത്പന്നങ്ങൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) വ്യവസായ വകുപ്പിന് കീഴിൽ ആലത്തൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളുടെ വിശദ വിവരം അറിയിക്കാമോ;

(സി) 2023-24 കാലയളവിൽ പാലക്കാട് ജില്ലയിൽ എത്ര വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

**<u>കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് കൊച്ചി മാമല യൂണിറ്റ്</u>**

2738 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ (കെ.ഇ.എൽ.)കൊച്ചി മാമല യൂണിറ്റിൽ എന്തെല്ലാം വിപുലീകരണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.ഇ.എൽ.-ന് ആവശ്യമായ പാർട്ട്സ് നിർമ്മിക്കുന്നതിനായി കെ.ഇ.എൽ. - കിൻഫ്ര സംയുക്ത സംരംഭമായി ഒരു ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>സേഫ് കേരള പദ്ധതി-കെൽട്രോൺ നിർവഹിക്കുന്ന പ്രവൃത്തികൾ</u>**

2739 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിന് കെൽട്രോൺ നിർവഹിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഏതൊക്കെ പ്രവൃത്തികൾക്കാണ് കെൽട്രോൺ കരാർ നൽകിയതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കെൽട്രോൺ എസ്.ആർ.ഐ.ടി. എന്ന

സ്ഥാപനവുമായി ഏർപ്പെട്ട കരാറിലെ ഉപകരാർ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ?

## പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കാൻ നടപടി

2740 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## പിറവം മണ്ഡലത്തിലെ വ്യവസായ പദ്ധതികൾ

2741 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദവിവരം,അനുവദിച്ച തുക എന്നിവ വ്യക്തമാക്കാമോ?;

(സി) വ്യവസായ വകുപ്പ് പ്രഖ്യാപിച്ചതും എന്നാൽ നാളിതുവരെ ആരംഭിക്കാത്തതുമായ പദ്ധതികളെന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ ഉപേക്ഷിക്കാൻ ഇടയാക്കിയ സാഹചര്യം എന്തെന്ന് അറിയിക്കാമോ?

## 2022-23വ്യവസായ സംരംഭക വർഷം

2742 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വ്യവസായ സംരംഭക വർഷമായി വകുപ്പ് ആചരിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാകുമോ;

(ബി) 2022-23 ൽ തുടങ്ങിയ പുതിയ സംരംഭങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) 2022-23 ൽ സംരംഭക പട്ടികയിൽ ഉൾപ്പെട്ടിരുന്നതും. പുതുതായി പട്ടികയിൽ ഉൾപ്പെടുത്തിയതുമായ എത്ര സ്ഥാപനങ്ങളാണ് വിവിധകാരണങ്ങളാൽ ഈ വർഷം നിർത്തി പോയതെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) എംപ്ലോയ്മെൻറ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് ആയി വകുപ്പ് പുതിയതായി നിയമിച്ച ഉദ്യോഗസ്ഥർ, 2022-23 ൽ ആരംഭിച്ചതും നിലവിൽ പൂട്ടിപോയതുമായ സംരംഭകരുടെ കണക്കെടുക്കാത്തതിന്റെ കാരണങ്ങൾ വിശദീകരിക്കുമോ?

## ഉല്പന്നങ്ങൾക്ക് കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ

2743 **ശ്രീ വി ജോയി**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. പി. വി. അൻവർ**

**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പന്നങ്ങൾക്ക് കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത സർട്ടിഫിക്കേഷൻ അനുവദിക്കുന്നതിന് സംരംഭകർ പാലിക്കേണ്ട മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സർട്ടിഫിക്കേഷൻ നൽകുന്നതിനായി സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>നൂതന സംരംഭകത്വ വികസനം</u>

2744 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതന സംരംഭകത്വ വികസനത്തിനായി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്;വിശദമാക്കാമോ;

(ബി) ചെറുകിട - ഇടത്തരം സംരംഭങ്ങളുടെ വികസനത്തിനും, ഈ മേഖലയെ ഊർജ്ജിതപ്പെടുത്തുന്നതിനുമായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## <u>സംരംഭക വർഷം പദ്ധതി -പ്രത്യേകവായ്പ സ്കീമിൽ സഹകരണ മേഖലയെ കൂടി ഉൾപ്പെടുത്തുവാനുള്ള നടപടി</u>

2745 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നാല് ശതമാനം പലിശനിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി പ്രത്യേക സ്കീം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) സഹകരണ മേഖലയിലെ ബാങ്കുകൾക്കുള്ള സാങ്കേതിക പരിമിതികൾ പരിശോധിച്ച് പ്രസ്തുത സ്കീമിൽ സഹകരണ മേഖലയെ കൂടി ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) വായ്പ അപേക്ഷയിന്മേൽ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നടപടി പൂർത്തിയാക്കി വായ്പ അനുവദിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>പൊതുമേഖലാ സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും നടപടി</u>

2746 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിനുകീഴിൽ, ലാഭത്തിലായ

പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ പ്രവർത്തന ലാഭം എത്രയാണെന്നും വിശദമാക്കുമോ;

(ബി) നഷ്ടത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ സഞ്ചിത നഷ്ടം എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

**<u>കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പമെന്റ് കോർപ്പറേഷൻ -സ്റ്റാർട്ടപ്പ് പദ്ധതികൾ</u>**

2747 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പമെന്റ് കോർപ്പറേഷൻ മുഖേന എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഒറ്റപ്പാലം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>**

2748 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം; വിശദവിവരം ലഭ്യമാക്കാമോ?

**<u>വ്യവസായ വകുപ്പിന്റെ മീറ്റ് ദി ഇൻവെസ്റ്റർ,മീറ്റ് ദി മിനിസ്റ്റർ പരിപാടികൾ</u>**

2749 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റ് ദി ഇൻവെസ്റ്റർ എന്ന പേരിൽ വ്യവസായ വകുപ്പ് നടത്തിയ പരിപാടി വിശദമാക്കാമോ; പ്രസ്തുത പരിപാടി പ്രകാരം സംസ്ഥാനത്ത് എത്ര പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) മീറ്റ് ദി മിനിസ്റ്റർ പരിപാടി കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്; ഈ പരിപാടിയിൽ നിക്ഷേപകരുടെ എത്ര പരാതികൾ ലഭിച്ചു; ഇവയിൽ എത്ര പരാതികൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>കാസർഗോഡ് ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾ</u>**

2750 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-2024 വർഷത്തെ ബജറ്റിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ വ്യവസായ

സ്ഥാപനങ്ങൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത തുക മേൽ സ്ഥാപനങ്ങളിലെ ഏതൊക്കെ പദ്ധതികൾക്കാണ് വിനിയോഗിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നിലവിൽ ഇതിന്റെ പുരോഗതി ഏത് തലത്തിലാണുള്ളതെന്ന് വിശദമാക്കാമോ?

## വ്യവസായ മേഖലയുടെ വളർച്ച

2751 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വ്യവസായ മേഖലയുടെ ത്വരിതഗതിയിലുള്ള വളർച്ചയ്ക്കായി സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എത്ര തുകയുടെ നിക്ഷേപം ഏതൊക്കെ മേഖലയിൽ നിന്നും നാളിതുവരെ ലഭ്യമായി; ഇതുവഴി എത്ര പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യത ഉറപ്പാക്കാൻ സാധിച്ചു; വ്യക്തമാക്കുമോ;

(സി) 'കേരള ബ്രാൻഡ് 'നടപ്പാക്കി കേരള ഉല്പന്നങ്ങൾ യാഥാർത്ഥ്യമാക്കുവാനും അതുവഴി ഉല്പാദനവും വിപണനവും കാര്യക്ഷമമാക്കാനുമായുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## സമൂഹത്തിൽ സംരംഭകത്വ സംസ്കാരത്തിന്റെ വികസനം

2752 **ശ്രീ പി എസ് സുപാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുവാൻ സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിലെ സാഹചര്യങ്ങൾക്ക് അനുയോജ്യമായ ഹൈടെക് വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വൻകിട വ്യവസായ പദ്ധതികളുടെ കാര്യത്തിൽ കൃത്യമായ മേൽനോട്ടവും പ്രവർത്തന പുരോഗതിയുടെ അവലോകനവും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് വ്യവസായ നയങ്ങളുടെയും പദ്ധതികളുടെയും സമയബന്ധിതമായ അവലോകനത്തിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് പഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ്

2753 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം,

വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി പ്രസ്തുത എസ്റ്റേറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ചങ്ങനാശ്ശേരി വെരൂർ വ്യവസായ എസ്റ്റേറ്റിന്റെ നവീകരണം

2754 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി വെരൂർ വ്യവസായ എസ്റ്റേറ്റിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത എസ്റ്റേറ്റ് നവീകരണത്തിനായുള്ള നടപടികൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ പ്രസ്തുത വ്യവസായ എസ്റ്റേറ്റിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

2755 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ ലൈസൻസുകൾക്കും മറ്റ് അനുമതികൾക്കും കാലാതാമസം നേരിടുന്നതുമൂലം സംരംഭകർക്ക് സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ കാലാതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

## നാദാപുരം മണ്ഡലത്തിലെ സംരംഭക വർഷം പദ്ധതി

2756 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതി അനുസരിച്ച് നാദാപുരം നിയോജക മണ്ഡലത്തിൽ പുതുതായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

## സംരംഭക വർഷം പദ്ധതി

2757 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ൽ സംരംഭക വർഷം പദ്ധതി പ്രകാരം എത്ര സംരംഭങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര നാനോ വ്യവസായ യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്; വിശദമാക്കാമോ;

(സി) ജില്ലകൾ തോറും എം.എസ് .എം. ഇ. ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

**<u>കേരള ഓട്ടോമൊബൈൽ ലിമിറ്റഡിന്റെ വാഹന നിർമ്മാണം</u>**

2758 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഓട്ടോമൊബൈൽ ലിമിറ്റഡിന്റെ (കെ.എ.എൽ.) മേൽനോട്ടത്തിൽ സംസ്ഥാനത്ത് ഇലക്ട്രിക് സ്കൂട്ടർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ സഹകരണത്തോടെ സംസ്ഥാനത്ത് ഇതുവരെയായി എത്ര ഇലക്ട്രിക് ഓട്ടോറിക്ഷകൾ നിരത്തിലിറക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

**<u>അരുവിക്കര മണ്ഡലത്തിൽ വനിതകൾക്കുള്ള വ്യവസായ സംരംഭങ്ങൾ</u>**

2759 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനിതകൾക്കായി എത്ര വ്യവസായ സംരംഭങ്ങൾ പുതുതായി തുടങ്ങിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(ബി) അരുവിക്കര മണ്ഡലത്തിൽ വനിതകൾക്കായി ഇത് വരെ ആരംഭിച്ചതും ,ആരംഭിക്കാൻ പോകുന്നതുമായ വ്യവസായ സംരംഭങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ</u>**

2760 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു എന്ന് ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദമാക്കാമോ?

**<u>മാവൂർ ഗ്വാളിയോർ റയോൺസിന് നൽകിയ സ്ഥലത്ത് സംരംഭം ആരംഭിക്കുന്നതിന് നടപടി</u>**

2761 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂരിൽ ഗ്വാളിയോർ റയോൺസിന് വിട്ടു നൽകിയ സ്ഥലം ഉപയോഗപ്പെടുത്തി

പരിസ്ഥിതി സൗഹൃദ സംരംഭം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## പാലക്കാട് ജില്ലയിലെ സിറ്റി ഗ്യാസ് പദ്ധതി

2762 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈപ്പ് വഴി നാച്വറൽ ഗ്യാസ് വീടുകളിൽ എത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതി പാലക്കാട് ജില്ലയിൽ ഉണ്ടോ; ഉണ്ടെങ്കിൽ നിലവിൽ എത്ര കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിലെ വീടുകളിൽ പ്രസ്തുത പദ്ധതി പ്രകാരം ഗ്യാസ് ലഭ്യമാക്കുന്നത് എപ്പോൾ പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## സിറ്റി ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി

2763 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് സിറ്റി ഗ്യാസ് ലൈൻ പദ്ധതി ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ എത്ര പേർക്ക് പ്രസ്തുത പദ്ധതിയിലൂടെ കണക്ഷൻ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

## കൂത്തുപറമ്പ് മണ്ഡലത്തിലെ കിൻഫ്ര പാർക്കിനുള്ള ഭൂമി ഏറ്റെടുക്കൽ

2764 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന ചെണ്ടയാട് നവോദയ കുന്നിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് 506 ഏക്കർ ഭൂമി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുന്നത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചതിനാൽ ഭൂമിയുടെ ക്രയവിക്രയങ്ങൾ നടത്താനാവാതെ ഉടമകൾ പ്രയാസപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

## അൺ സ്കിൽഡ് വർക്കർമാരുടെ ഇ.പി.എഫ്.

2765 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിഡ്കോ എത്ര ശതമാനം ലാഭമാണ്

നേടിയതെന്ന് അറിയിക്കാമോ;

(ബി) സിഡ്കോയുടെ പാപ്പനംകോട് പി.ഡി.സി. യൂണിറ്റിൽ അൺ സ്കിൽഡ് വർക്കർ തസ്തികയിൽ 26/8/2015 -ലെ പി.ഡബ്ല്യു. വർക്ക്സ് 2013 - 14 റിക്രൂട്ട്മെൻറ് എന്ന ഉത്തരവ് പ്രകാരം നിയമിച്ച ജീവനക്കാരുടെ എണ്ണം എത്രയെന്നും 12/7/2019 -ലെ പി.ഡബ്ല്യു. 14 - 16 ഉത്തരവ് പ്രകാരം ഇതിൽ എത്ര പേരെ ഒഴിവാക്കിയെന്നും അറിയിക്കുമോ;

(സി) പി.ഡി.സി. യൂണിറ്റിൽ നിന്നും ഒഴിവാക്കപ്പെട്ട അൺ സ്കിൽഡ് വർക്കർമാരുടെ ശമ്പളത്തിൽ നിന്നും ഇ.പി.എഫ്. ഇനത്തിൽ എത്ര തുക വീതം ഈടാക്കിയെന്നും ഇതിൽ എത്ര തുക വീതം ഓരോരുത്തരുടെയും ഇ.പി.എഫ്. അക്കൗണ്ടിൽ നിക്ഷേപിച്ചെന്നും അറിയിക്കാമോ;

(ഡി) പി.ഡി.സി. യൂണിറ്റിൽ നിന്നും ഒഴിവാക്കപ്പെട്ട തൊഴിലാളികളുടെ ഇ.പി.എഫ്. അക്കൗണ്ടിൽ സിഡ്കോയുടെ വിഹിതമായി എത്ര തുക നിക്ഷേപിച്ചിട്ടുണ്ടെന്നും ബാക്കി എത്ര തുക നൽകാനുണ്ടെന്നും അറിയിക്കുമോ ;

(ഇ) പ്രസ്തുത തൊഴിലാളികളുടെ ഇ.പി.എഫ്. വിഹിതം അടയ്ക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## തഴപ്പായ കുടിൽ വ്യവസായത്തിന്റെ സാധ്യതകളെക്കുറിച്ച് പഠനം

2766 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിലെ എടവിലങ്ങ് പഞ്ചായത്തിലെ പ്രധാന വരുമാന മാർഗമായിരുന്ന തഴപ്പായ നെയ്ത്ത് വ്യവസായം നാമമാത്രമായി ചുരുക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ വൈവിധ്യവൽക്കരണത്തിലൂടെ ഈ വ്യവസായത്തെ തിരിച്ചുകൊണ്ടു വരുന്നതിനാവശ്യമായ ക്രിയാത്മകമായ ഇടപെടൽ നടത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ;

(ബി) തഴപ്പായ ക്ഷേമനിധി അംഗങ്ങൾക്ക് തഴകൊണ്ട് ഉണ്ടാക്കാവുന്ന വിവിധ തരത്തിലുള്ള ഉത്പന്നങ്ങളെ കുറിച്ചുള്ള പരിശീലനവും, ഇതിന്റെ കുടിൽ വ്യവസായ സാധ്യതകളെ ക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സും, യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സാമ്പത്തിക സഹായവും ചെയ്യാൻ സാധിക്കുമോ ?

## എം.എസ്.എം.ഇ. ചാമ്പ്യൻസ് പദ്ധതി

2767 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ചാമ്പ്യൻസ് പദ്ധതി നടപ്പിലാക്കുന്നത് കൊണ്ട് വ്യവസായികൾക്കും ചെറുകിട വ്യവസായികൾക്കും ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ വ്യവസായ സംരംഭം

2768 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനായി നിലവിലെ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു; ആയതിലൂടെ എത്ര പേർക്ക് തൊഴിൽ നൽകി;വ്യക്തമാക്കാമോ?

## മിഷൻ 1000 ന്റെ ഭാഗമായി എം.എസ്.എം.ഇ. സംരംഭങ്ങളുടെ വികസനം

2769 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 1000 ന്റെ ഭാഗമായി എം.എസ്.എം.ഇ. സംരംഭങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) ഈ സംരംഭങ്ങൾ വഴി എത്ര തൊഴിൽ അവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്; വിശദമാക്കാമോ?

## പരമ്പരാഗത വ്യവസായ മേഖലകളെ ആശ്രയിക്കുന്ന തൊഴിലാളികൾ

2770 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായ മേഖലകളെ ആശ്രയിച്ച് തൊഴിൽ ചെയ്തു വരുന്നവരുടെ എണ്ണം എത്രയാണെന്ന വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് ശരാശരി എത്ര രൂപ വരെ മാസവരുമാനം ലഭിക്കുന്നുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(സി) പരമ്പരാഗത വ്യവസായ മേഖലയിൽ ജോലി ചെയ്ത് ഉപജീവനം നടത്തുന്നവരുടെ ഉന്നമനത്തിനും വരുമാന വർദ്ധനവിനുമായി സർക്കാർ പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## മിനി ഇൻഡസ്ട്രിയൽ പാർക്കുകൾ

2771 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന മിനി ഇന്റസ്ട്രിയൽ പാർക്കുകൾ വിപുലീകരിക്കാനും കുടുംബശ്രീയെ കൂടി ഉൾപ്പെടുത്തി കൂടുതൽ സ്ഥാപനങ്ങൾ സജ്ജമാക്കാനും പദ്ധതി ഉണ്ടാകുമോ; ഇവയുടെ നടത്തിപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളെ ഏല്പിച്ച് കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികളുണ്ടാകുമോ; വിശദമാക്കാമോ ?

## കുറ്റ്യാടി മണ്ഡലത്തിലെ മണിമല നാളീകേര പാർക്ക്

2772 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മണിമല നാളീകേര പാർക്കിൽ വ്യവസായ നിക്ഷേപങ്ങൾ

ക്ഷണിക്കുന്നതിന് മുൻപ് നടപ്പിലാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പുതിയ ഡി.പി.ആർ. -ന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഡി.പി.ആറിൽ എന്തൊക്കെ ഘടകങ്ങൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ; ഡി.പി.ആർ. പ്രകാരം എന്നാണ് പ്രവൃത്തി ടെണ്ടർ ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിൽ വ്യവസായ പാർക്ക്

2773 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭങ്ങൾ കുറവായ പൂഞ്ഞാർ മണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) പൂഞ്ഞാർ മണ്ഡലത്തിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## സ്വകാര്യ വ്യവസായ പാർക്കുകൾ

2774 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനുമതി നൽകിയ സ്വകാര്യ വ്യവസായ പാർക്കുകൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഇനി എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളതെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

## വ്യവസായങ്ങൾക്ക് കൈമാറിയ ഭൂമി

2775 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ ആകെ എത്ര വ്യവസായ പാർക്കുകളാണ് നിലവിലുള്ളത്;

(ബി) വ്യവസായ പാർക്കുകൾക്കും മറ്റ് വ്യവസായങ്ങൾക്കുമായി ആകെ എത്ര ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഭൂമിയിൽ നിലവിലുള്ള വ്യവസായങ്ങൾക്കായി എത്ര ഭൂമി ഉപയോഗിക്കുന്നു എന്നത് വ്യവസായ പാർക്കുകൾ, മറ്റു വ്യവസായങ്ങൾ എന്നിവ തരംതിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ഡി) വ്യാവസായിക ആവശ്യങ്ങൾക്കായി ഏറ്റെടുത്ത ഭൂമി വ്യവസായങ്ങൾക്ക് കൈമാറുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളും മാനദണ്ഡങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) ആകെ എത്ര ഭൂമിയാണ് ഇപ്രകാരം കൈമാറിയിട്ടുള്ളതെന്നും ഇതിൽ വ്യവസായങ്ങൾ നടത്താതെ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയുടെ അളവ് എത്രയാണെന്നും അറിയിക്കാമോ?

**കൊല്ലം ജില്ലയിലെ പുതിയ സംരംഭങ്ങൾ**

2776 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം ജില്ലയിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചുവെന്ന് നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത സംരംഭങ്ങളിൽ ചാത്തന്നൂർ മണ്ഡലത്തിൽ ആരംഭിച്ചവ ഏതെല്ലാമെന്നും അതുവഴി എത്ര പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും ജോലി നൽകാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ?

**മഞ്ചേശ്വരം താലൂക്കിൽ വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി**

2777 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ വ്യവസായ കേന്ദ്രം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത താലൂക്കിൽ നടപ്പുവർഷം താലൂക്ക് വ്യവസായ കേന്ദ്രം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്തിലെ അമൻ സ്റ്റീൽ ഒ പ്ലാസ്റ്റിന്റെ പ്രവർത്തനം**

2778 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്തിൽ പതിനാലാം വാർഡിൽ പ്രവർത്തിക്കുന്ന അമൻ സ്റ്റീൽ ഒ പ്ലാസ്റ്റ് എന്ന കമ്പനിക്ക് പ്രതിദിനം 100 കിലോഗ്രാം പ്ലാസ്റ്റിക് കാലിക്കുപ്പികൾ പ്രോസസ് ചെയ്യുന്നതിനാണ് പൊല്യൂഷൻ കൺട്രോൾ ബോർഡ് (പി.സി.ബി) അനുമതി നൽകിയിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്പോൾ പ്രസ്തുത കമ്പനിയിൽ പ്രതിദിനം 2000 കിലോഗ്രാം പ്ലാസ്റ്റിക് കുപ്പികൾ പ്രോസസ്സ് ചെയ്യാൻ ജില്ലാ വ്യവസായ കേന്ദ്രം അനുമതി നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ അനുമതിയുടെ മാനദണ്ഡമെന്ത് ; വിശദാംശങ്ങൾ നൽകുമോ; പി.സി.ബി.യുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണോ അനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) എം.എസ്.എം.ഇ.യിൽ രജിസ്ട്രേഷൻ ഉള്ള ഈ സ്ഥാപനം 2016- ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിന് അനുസൃതമായി പ്രവർത്തിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ടോ; എന്നാൽ ഈ സ്ഥാപനം പ്രസ്തുത റൂൾസിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ നിജസ്ഥിതി വ്യക്തമാക്കുമോ;

(ഇ) ഈ സ്ഥാപനത്തിന് സമീപത്തായി വ്യവസായ വകുപ്പിന്റെ കീഴിൽ ഇത്തരം വ്യവസായങ്ങൾക്കായി സ്ഥലങ്ങൾ നീക്കി വച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പന്ത്രണ്ട് മറുനാടൻ തൊഴിലാളികൾ മാത്രം ജോലി ചെയ്യുന്നതും 190.94 സ്ക്വയർ മീറ്ററിൽ സ്ഥിതി ചെയ്യുന്നതുമായ ഈ സ്ഥാപനത്തെ മേല്പറഞ്ഞ ഏതെങ്കിലും സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

**<u>കുട്ടനാട്ടിൽ നെല്ല്, മീൻ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ നടപടി</u>**

2779 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നെല്ല്, മീൻ എന്നിവയുടെ മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കുട്ടനാട്ടിൽ ആവശ്യത്തിനുള്ള അരിമില്ലുകൾ ഇല്ലാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കുട്ടനാട്ടിൽ ആരംഭിച്ച മോഡേൺ റൈസ് മിൽ നിർമ്മാണം പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയതു സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>പുതിയ വ്യവസായ വാണിജ്യ നയത്തിന്റെ ഭാഗമായി ഓൺലൈൻ വിപണി</u>**

2780 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിരമായ ഒരു വ്യവസായ ആവാസ വ്യവസ്ഥ പരിപോഷിപ്പിക്കുക എന്ന പുതിയ വ്യവസായ വാണിജ്യ നയത്തിന്റെ ഭാഗമായി എന്തെല്ലാം ഓൺലൈൻ വിപണി സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>കാസർഗോഡ് ജില്ലയിൽ സംരംഭകത്വ വികസന പരിപാടി മുഖേന ആരംഭിച്ച സ്ഥാപനങ്ങൾ</u>**

2781 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭകത്വ വികസന പരിപാടികളുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഇവയ്ക്കായി എത്ര കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) എത്ര പേർ വനിതാ സംരംഭകരായി പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഏതൊക്കെ കാലയളവിലാണ് ആരംഭിച്ചതെന്നും അറിയിക്കാമോ?

**<u>എസ്.ആർ.ഐ.ടി. കമ്പനിയുടെ ഒ.ഇ.എം. ഓതറൈസേഷൻ</u>**

2782 **ശ്രീ. പി. സി. വിഷ്ണുനാഥ്**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ. ഐ. ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ നടത്തിയ ടെൻഡറിൽ പങ്കെടുത്ത എസ്. ആർ.ഐ.ടി. കമ്പനിക്ക് കെൽട്രോൺ ഒ.ഇ.എം. ഓതറൈസേഷൻ നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അപ്രകാരം ഒ.ഇ.എം. ഓതറൈസേഷൻ നൽകിയതിന്റെ കാരണം വിശദമാക്കാമോ;;

(സി) ടെൻഡർ ക്ഷണിക്കുന്ന സ്ഥാപനം തന്നെ ടെൻഡറിൽ പങ്കെടുക്കുന്ന ഒരു സ്ഥാപനത്തിന് ഒ.ഇ.എം. ഓതറൈസേഷൻ നൽകിയത് നിയമാനുസൃതമാണോ എന്ന് വ്യക്തമാക്കാമോ?

## <u>സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന വിവിധ സ്ഥാപനങ്ങൾ</u>

2783 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016, 2023 എന്നീ വർഷങ്ങളിലെ ഏപ്രിൽ മാസത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവന്നിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം എത്ര വീതമാണ്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇവയിൽ ഓരോ സ്ഥാപനത്തിലും സ്ഥിരം ജീവനക്കാർ, താല്ക്കാലികം, കോൺട്രാക്ട്, ദിവസവേതനം എന്നീ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ വീതം 01.04.2016-ലും 01.04.2023-ലും ജോലി ചെയ്തു വരുന്നുവെന്ന വിവരം ലഭ്യമാക്കുമോ?

## <u>പുതിയ വ്യവസായ സംരംഭങ്ങൾ</u>

2784 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതു-സ്വകാര്യ മേഖലകളിലായി എത്ര പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട്; ഐ.ടി., കൃഷി, ടൂറിസം തുടങ്ങിയ മേഖലകൾക്ക് പ്രാമുഖ്യം നൽകുന്ന നയം പുതിയ സംരംഭങ്ങളിൽ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കയറ്റുമതി വർദ്ധിപ്പിക്കാൻ കഴിയുന്ന തരത്തിൽ കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനായുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ വ്യവസായവകുപ്പിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംരംഭങ്ങളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും എത്രപേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## കേരള എന്റർപ്രണർ വായ്പാപദ്ധതി

2785 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള എന്റർപ്രണർ ലോൺ സ്കീം (കെ.ഇ.എൽ.എസ്.) സംരംഭക പദ്ധതി പ്രകാരം ആർക്കൊക്കെയാണ് വായ്പ ലഭ്യമാകുന്നത്;

(ബി) വായ്പ ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) സംരംഭകർക്ക് എത്ര തുക വരെയാണ് പരമാവധി വായ്പ നൽകി വരുന്നത്;

(ഡി) വായ്പ അനുവദിക്കുന്ന അർഹരായ സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കാമോ?

## എ.ഐ. ക്യാമറ എസ്റ്റിമേറ്റ്

2786 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതി പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഡി.എസ്.ആർ. റേറ്റ് അനുസരിച്ചാണോ എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ മാർക്കറ്റ് നിരക്കുമായി താരതമ്യം ചെയ്തിരുന്നോ; വിശദമാക്കുമോ;

(സി) എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് ബി.ഒ.ഒ.ടി. അല്ലെങ്കിൽ ആന്വിറ്റി ഇവയിൽ ഏത് മോഡലിന് അനുസൃതമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

## കാർഷികോല്പന്ന വിപണന കമ്പനി രൂപീകരിക്കുന്നത് സംബന്ധിച്ച്

2787 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്ന വിപണന കമ്പനി രൂപവൽക്കരിക്കുന്നത് സംബന്ധിച്ച് കൃഷി-വ്യവസായ വകുപ്പുകൾക്കിടയിലെ തർക്കം പരിഹരിക്കുന്നതിനായി നിയോഗിച്ച സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്നും എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത സമിതി പരിശോധിച്ചതെന്നും വ്യക്തമാക്കാമോ; പ്രസ്തുത സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കമ്പനി രൂപീകരിക്കുന്നത് സംബന്ധിച്ച അജണ്ട മന്ത്രിസഭയുടെ പരിഗണനയ്ക്ക് വരുന്നതിനു മുൻപായി ഈ കാര്യത്തിൽ വ്യവസായ വകുപ്പുമായി കൃഷിവകുപ്പ് എന്തെങ്കിലും കൂടിയാലോചന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത കമ്പനി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിന്റെ

നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) വ്യവസായ വകുപ്പിന്റെ നിലപാട് മറികടന്നുകൊണ്ട് പ്രസ്തുത കമ്പനി രൂപീകരിക്കാൻ ഇടയായ സാഹചര്യം വ്യക്ത മാക്കുമോ?

## നാളീകേര മൂല്യവർദ്ധിത ഉല്പ്പന്ന വ്യവസായങ്ങൾ

2788 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളീകേര മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്നതിന് സംസ്ഥാന വ്യാപകമായി ഏതൊക്കെ സംരംഭങ്ങളാണ് നിലവിലുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ; ഈ വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെ ഉൽപ്പന്നങ്ങളാണ് നിർമ്മിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യവസായം ആരംഭിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

## മലപ്പുറം ജില്ലയിലെ ക്വാറി ഖനനം

2789 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കരിങ്കൽ ക്വാറികളുടെ താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ കരിങ്കൽ ക്വാറികളിൽ ഖനനം നടത്തുന്നതിന് അനുമതി തേടിക്കൊണ്ടുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ?

## അനധികൃത ക്വാറികൾക്കെതിരെ നടപടി

2790 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇത്തരം ക്വാറികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ക്വാറിയുടെ പ്രവർത്തനത്തിന് ആവശ്യമായ സ്ഫോടക വസ്തുക്കൾ നിയമാനുസൃതമായ പരിധിയ്ക്കപ്പുറം കൈവശം വയ്ക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; വിശദമാക്കുമോ?

## ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട് വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം

2791 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട് അടഞ്ഞുകിടക്കുന്ന വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**സൗജന്യ കൈത്തറി യൂണിഫോം പദ്ധതി വികസനത്തിന് നടപടി**

2792 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനും കൈത്തറി മേഖലയുടെ വികസനത്തിനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിൽ ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിലവസരങ്ങളും ലഭ്യമാക്കുന്നതിനും എന്തെല്ലാം പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന എത്ര വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകി വരുന്നുണ്ട്; ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും സമയബന്ധിതമായി യൂണിഫോം നൽകുവാൻ വേണ്ട നപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആവശ്യങ്ങൾക്കായി എത്ര മീറ്റർ കൈത്തറി തുണി വേണ്ടി വരുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കൈത്തറി വകുപ്പിന് നിലവിൽ എത്ര മീറ്റർ തുണിയുടെ ഓർഡർ ലഭിച്ച് വരുന്നുണ്ട്; ലഭ്യമായ ഓർഡർ പ്രകാരം എത്ര തൊഴിലാളികൾ യൂണിഫോം പദ്ധതിയിൽ ജോലി ചെയ്യുന്നുണ്ട്; ഓരോ തൊഴിലാളിയ്ക്കും ലഭ്യമാകുന്ന വേതനത്തിന്റെ പരിമിതി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൈത്തറി മേഖലയിൽ കൂടുതൽ ഓർഡർ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് നടപടി**

2793 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**കൈത്തറി മേഖല ആധുനികവൽക്കരിക്കാൻ നടപടി**

2794 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ മേഖലയ്ക്ക് വേണ്ടി 2023-24 സാമ്പത്തിക വർഷം ബഡ്ജറ്റിൽ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ കടബാധ്യത തീർക്കുന്നതിനായി കേന്ദ്ര

ഗവൺമെന്റ് സഹായം അനുവദിച്ചിട്ടുണ്ടോയെന്നും ആയത് ചെലവഴിച്ചിട്ടുണ്ടോയെന്നും ചെലവഴിച്ചിട്ടില്ലയെങ്കിൽ എന്ത് കൊണ്ടാണെന്നും വ്യക്തമാക്കുമോ;

(സി) നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ മുടക്കം കൂടാതെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കൈത്തറി മേഖലയെ ആധുനിക വൽക്കരിക്കുവാനും വൈവിദ്ധ്യവൽക്കരിക്കുവാനും സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ച് വരുന്നു എന്ന് വ്യക്തമാക്കാമോ; കൈത്തറിയ്ക്ക് റിബേറ്റിനത്തിൽ നൽകുവാനുള്ള തുക അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ;?

## കോഴിക്കോട് അത്തോളിയിലെ കുന്നത്തറ ടെക്സ്റ്റൈൽസ്

2795 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അത്തോളിയിലെ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമിയും കെട്ടിടങ്ങളും തുച്ഛമായ വിലയ്ക്ക് ലേലം ചെയ്ത് പോകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ;

(ബി) സ്റ്റേറ്റ് ഹൈവേയോട് ചേർന്നുള്ള പ്രസ്തുത പതിനൊന്ന് ഏക്കർ ഭൂമിയിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ ?

## ഉദുമ സ്പിന്നിങ്ങ് മിൽ

2796 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിങ്ങ് മിൽ നിലവിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ;

(ബി) ഈ സ്ഥാപനത്തെ ലാഭത്തിലാക്കികൊണ്ട് കൂടുതൽ ജീവനക്കാർക്ക് തൊഴിൽ നൽകുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ കുറവുള്ള കാസർഗോഡ് ജില്ലയിലെ സ്ഥാപനം എന്ന പരിഗണന നൽകി ഈ സ്ഥാപനത്തെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം

2797 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ബാംബൂ ബോർഡ് ഫാക്ടറിയിൽ പ്ലാന്റ് വർക്കർ തസ്തികയിൽ നിയമിച്ച തൊഴിലാളികൾക്ക് 2015, 2021 എന്നീ വർഷങ്ങളിൽ,പെയ്ഡ് ലീവ്, ആർജ്ജിത അവധി, വാർഷിക ഇൻക്രിമെന്റ് എന്നീ ആനുകൂല്യങ്ങൾ നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; ഈ തൊഴിലാളികൾക്ക് സ്ഥിരം നിയമനം നൽകേണ്ടതില്ലാ

എന്ന് ഏതെങ്കിലും കോടതി ഉത്തരവുകളോ എ. ജി. റിപ്പോർട്ടോ മറ്റ് സർക്കാർ ഉത്തരവുകളോ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ബാംബൂ ബോർഡ് തൊഴിലാളികളുടെ ദീർഘകാല കരാർ പുതുക്കി നിശ്ചയിക്കുന്നതിന് യൂണിയനുകൾ ഡിമാൻറ് നോട്ടീസുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ മാനേജ്മെന്റോ സർക്കാരോ ചർച്ച ചെയ്ത് നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ബാംബൂ ബോർഡ് തൊഴിലാളികൾക്ക് കുറഞ്ഞ വേതനമാണ് ലഭിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വേതന വർദ്ധനവ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വേജ് ബോർഡ് നിശ്ചയിച്ച മിനിമം വേതനം എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ബാംബൂ ബോർഡിൽ വിവിധ ബാച്ചിലുള്ള തൊഴിലാളികളുടെ നിലവിലുള്ള ശമ്പളഘടന എത്രയെന്ന് വിശദീകരിക്കുമോ; ബാംബൂ ബോർഡ് തൊഴിലാളികൾക്ക് 2022 നവംബർ മുതൽ 2023 ജൂലൈ വരെ 9 മാസത്തെ ശമ്പള കുടിശിക നൽകാൻ ഉണ്ടെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ശമ്പള കുടിശിക നൽകുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഇ) ബാംബൂ കോർപ്പറേഷന് 2016 മുതൽ 2023 ജൂലൈ വരെ വിവിധ ആവശ്യങ്ങൾക്ക് എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ട്; ഫണ്ട് അനുവദിച്ചതിന്റെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത ഫണ്ട് ബാംബൂ കോർപ്പറേഷൻ എന്തിനാണ് വിനിയോഗിച്ചതെന്ന് രേഖാമൂലമുള്ള കോപ്പി ലഭ്യമാക്കാമോ;

(എഫ്) ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള എല്ലാ വിഭാഗം തൊഴിലാളികൾക്കും കൂലിയിനത്തിൽ എത്ര രൂപ നൽകാനുണ്ടെന്ന് വിശദീകരിക്കുമോ?

## കോങ്ങാട് മണ്ഡലത്തിലെ ഖാദി ബോർഡിന് കീഴിലുള്ള സ്ഥാപനങ്ങൾ

2798 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ ഖാദി ബോർഡിന് കീഴിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കോങ്ങാട് മണ്ഡലത്തിലെ മണ്ണൂർ ഖാദി ബോർഡ് നെയ്ത്ത് ശാലയുടെ നവീകരണത്തിനും ആധുനികവത്കരണത്തിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഖാദിബോർഡിന്റെ ഉടമസ്ഥതയിലുള്ള വിവിധ യൂണിറ്റുകൾ

2799 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദിബോർഡിന്റെ ഉടമസ്ഥതയിലുള്ള വിവിധ യൂണിറ്റുകൾ പ്രവർത്തനരഹിതമായിരിക്കുന്നതും അടച്ചുപൂട്ടിയിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ കൈമാറിയ സ്ഥലത്ത് പ്രവർത്തിച്ചിരുന്ന ഖാദി

യൂണിറ്റുകൾ പ്രവർത്തിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലം തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ പ്രവർത്തിക്കാത്ത ഖാദി യൂണിറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## നെട്ടയം നൂൽനൂൽപ്പ് കേന്ദ്രം പുനരുദ്ധരിക്കുന്നതിന് നടപടി

2800 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വകുപ്പിന് സ്വന്തമായി 40 സെൻറ് സ്ഥലം ഉള്ള ഏരൂർ പഞ്ചായത്തിലെ നെട്ടയം നൂൽനൂൽപ്പ് കേന്ദ്രത്തിൽ പ്രവർത്തനം ആരംഭിച്ച നാളിൽ 55 പേർ ജോലി ചെയ്തിരുന്നുവെങ്കിലും വിപുലീകരിച്ച് പ്രവർത്തിക്കാത്തതിനാൽ പതിനഞ്ചിൽ താഴെ തൊഴിലാളികൾ മാത്രമേ നിലവിൽ ജോലിചെയുന്നുള്ളു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രദേശത്തെ ഏക തൊഴിൽദാന സംരംഭമായ നെട്ടയം നൂൽനൂൽപ്പ് കേന്ദ്രത്തെ ആധുനീകരിച്ച് കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന തരത്തിൽ വികസിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

## 2022-23 സാമ്പത്തിക വർഷം കയർഫെഡ് സംഭരിച്ച കയർ

2801 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം കയർഫെഡ് എത്ര സംഘങ്ങളിൽ നിന്നും കയർ സംഭരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം എത്ര ക്വിന്റൽ കയർ സംഭരിച്ചുവെന്ന് അറിയിക്കുമോ;

(സി) സംഭരിച്ച കയറിൽ എ.എസ്സ്.എം. (ആട്ടോമാറ്റിക് സ്പിനിംഗ് മെഷിൻ) കയർ എത്രയെന്നും എ.എസ്സ്.എം അല്ലാത്ത കയർ എത്രയെന്നും തരം തിരിച്ച് വിശദമാക്കാമോ;

(ഡി) 2023-24 സാമ്പത്തിക വർഷത്തിലെ 31.07.2023 വരെയുള്ള കയർ സംഭരണത്തിന്റെ കണക്ക്, എ.എസ്സ്.എം. കയർ എത്രയെന്നും എ.എസ്സ്.എം അല്ലാത്ത കയർ എത്രയെന്നും തരം തിരിച്ച് വ്യക്തമാക്കാമോ?

## കയർ തൊഴിലാളികളുടെ ഉന്നമനത്തിനായി നടപടികൾ

2802 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ കെ ബി ഗണേഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ തൊഴിലാളികളുടെ ഉന്നമനത്തിനു കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) കയർ മേഖലയിലെ മുഴുവൻ തൊഴിലാളികളുടെയും ക്ഷേമത്തിനായി ഈ മേഖലയിൽ കൂടുതൽ പദ്ധതികൾ നടപ്പാക്കുമോ; വിശദമാക്കുമോ?

**<u>സഞ്ചിത ലാഭത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക കയർ സംഘങ്ങൾ</u>**

2803 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര പ്രാഥമിക കയർ സംഘങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ 2022-23 സാമ്പത്തികവർഷം ഉൽപാദനം നടത്തിയിട്ടുള്ള സംഘങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) 2023 ഏപ്രിൽ 1 മുതൽ ജൂലായ് 31 വരെ ഉൽപാദനം നടത്തിയിട്ടുള്ള സംഘങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ആഡിറ്റ് റിപ്പോർട്ട് പ്രകാരം സഞ്ചിതലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര പ്രാഥമിക കയർ സംഘങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ആയതിൽ ഓരോന്നിന്റെയും സഞ്ചിതലാഭം സംഘം തിരിച്ച് വ്യക്തമാക്കാമോ?

**<u>കയർ ഭൂവസ്ത്ര നിർമ്മാണം</u>**

2804 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദമായ കയർ ഭൂവസ്ത്രങ്ങളുടെ വിപണി യിലെ സാധ്യതകളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) വാണിജ്യാടിസ്ഥാനത്തിൽ എത്ര ജില്ലകളിലാണ് ഭൂവസ്ത്രം ഉത്പാദനം നടത്തുന്നത്;

(സി) ഭൂവസ്ത്ര നിർമ്മാണത്തിന് ആഗോളവിപണിയിൽ ശ്രദ്ധ ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

**<u>കശുവണ്ടി വികസന കോർപ്പറേഷനിൽ അധിക തസ്തികകൾ</u>**

2805 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസനകോർപ്പറേഷനിലും കാപെക്സിലുമായി കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര പേർക്ക് അധികമായി തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അടുത്ത അഞ്ചു വർഷത്തിനുള്ളിൽ എത്ര പേർക്ക് കൂടി തൊഴിൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ആയതിനുവേണ്ടി പ്രസ്തുത മേഖലയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

**<u>വൈദ്യുതി ദുരുപയോഗം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ</u>**

2806 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണവും ദുരുപയോഗം കണ്ടെത്തുന്നതിനായി വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) 2020-21, 2021-22, 2022-23 കാലയളവുകളിൽ എത്ര വൈദ്യുതി മോഷണക്കേസുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ആയതുവഴി വൈദ്യുതി ബോർഡിനുണ്ടായ നഷ്ടങ്ങളുടെ വിശദാംശവും വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മോഷണവുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിൽ വൈദ്യുതി ബോർഡിലെ ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ അവർ ആരെല്ലാമെന്നും അറിയിക്കുമോ;

(ഡി) ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനത്തിൽ കാലോചിതമായ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## <u>വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി</u>

2807 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ രാഷ്ട്രീയ പാർട്ടി ഓഫീസുകൾ, മതസ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാൻ വൈദ്യുതി ബോർഡ് എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(സി) വൈദ്യുതി ബോർഡ് നടപ്പുവർഷം എത്ര കോടി രൂപയുടെ കമ്മിയാണ് റഗുലേറ്ററി കമ്മീഷൻ മുമ്പാകെ അവതരിപ്പിച്ചത്; ആയതിന് സമർപ്പിച്ച കാരണങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) കുടിശ്ശിക പിരിച്ചെടുക്കാതെ റഗുലേറ്ററി കമ്മീഷൻ മുമ്പാകെ നിരക്ക് വർദ്ധനയ്ക്കായി കെ. എസ്. ഇ. ബി. സമർപ്പിച്ച രേഖകൾ എന്തെല്ലാമാണ്; വിശദാംശം വ്യക്തമാക്കുമോ?

## <u>വൈദ്യുതിനിരക്ക് നിർണ്ണയിക്കുന്ന രീതി</u>

2808 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതരണ കമ്പനികളുടെ ചെലവിന് അനുസരിച്ച് വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്ന രീതിയിൽ കേന്ദ്ര സർക്കാർ വൈദ്യുത നിയമത്തിന്റെ ചട്ടം ഭേദഗതി ചെയ്യുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഉപഭോക്താക്കൾക്ക് വലിയ ബാദ്ധ്യത വരുത്തുന്ന പ്രസ്തുത തീരുമാനത്തിലുള്ള എതിർപ്പ് സർക്കാർ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിന് റെഗുലേറ്ററി കമ്മീഷൻ നിലവിൽ സ്വീകരിച്ചുവരുന്ന രീതി വ്യക്തമാക്കുമോ; അംഗീകൃത നഷ്ടത്തിന്റെ ഒരു ഭാഗം റെഗുലേറ്ററി അസറ്റ് ആയി നീക്കിവയ്ക്കുന്ന രീതി തുടരുന്നതിന് നടപടി

സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

**ഇടുക്കി ജില്ലയിലെ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ**

2809 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇലക്ട്രിക് ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്; മണ്ഡലം തിരിച്ച് ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ജില്ലയിൽ സ്ഥാപിച്ചിരിക്കുന്ന പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ ഏതൊക്കെയാണ്; മണ്ഡലവും പഞ്ചായത്തും തിരിച്ച് ലിസ്റ്റ് നൽകുമോ;

(സി) ഇടുക്കി ജില്ലയിൽ കൂടുതൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**വൈദ്യുതിയുടെ ആഭ്യന്തര ഉപഭോഗം**

2810 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉപഭോഗം കണക്കാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആഭ്യന്തര ഉപഭോഗത്തിന്റെ കണക്കുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഗാർഹിക ആവശ്യങ്ങൾക്കുള്ള കണക്ടഡ് ലോഡ് റെഗുലറൈസ് ചെയ്യുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ഡി) സി-ഡാക്ക് മുഖേന സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**പവർ ഹൈവേ സ്ഥാപിക്കുന്നതിന് നടപടി**

2811 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര കേരളത്തിലെ വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പവർ ഹൈവേ സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് തുടർ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**കെ. എസ്. ഇ. ബി. യുടെ വരവ് ചെലവ് കണക്കുകൾ**

2812 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വരവ്, ചെലവ് ഇനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 2016-17 മുതൽ 2022-23 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തെയും വരവിന്റെയും ചെലവിന്റെയും ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

**കഞ്ചിക്കോട് ഇൻഡസ്ട്രിയൽ ഏരിയയിൽ കെ.എസ്.ഇ.ബി.യുടെ ട്രാൻസ്മിഷൻ ഡവലപ്പ്മെന്റ് ചാർജ്ജ്**

2813 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് ഇൻഡസ്ട്രിയൽ ഏരിയയിൽ പുതുതായി സംരംഭം ആരംഭിക്കുന്നവർക്ക് കെ. എസ്. ഇ. ബി. യുടെ ട്രാൻസ്മിഷൻ ഡവലപ്പ്മെന്റ് ചാർജ്ജ് ഒഴിവാക്കി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അവിടെ പ്രവർത്തനമാരംഭിക്കുന്ന ഹമാരാ സിമന്റ്സ് ആന്റ് അലൈഡ് പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ട്രാൻസ്മിഷൻ ഡവലപ്പ്മെന്റ് ചാർജ്ജ് ഒഴിവാക്കി കിട്ടുന്നതിന് അപേക്ഷ നൽകിയിരുന്നുവോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**പൊതുമേഖല സ്ഥാപനങ്ങൾക്കുള്ള വൈദ്യുതി ഇളവ് സംബന്ധിച്ച്**

2814 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖല സ്ഥാപനങ്ങൾക്കും വൈദ്യുതി ഇളവ് നൽകുന്നുണ്ടോ?

**മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമർ.**

2815 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

**കർഷകന്റെ വാഴ വെട്ടിയ സംഭവത്തിൽ നഷ്ടപരിഹാരം**

2816 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി പഞ്ചായത്തിൽ കാവുംപുറത്ത് തോമസിന്റെ സ്ഥലത്ത് കൃഷി ചെയ്തിരുന്ന ഒൻപത് മാസം വളർച്ചയുള്ള കുലവാഴകൾ കെ. എസ്. ഇ. ബി. ഉദ്യോഗസ്ഥർ വെട്ടി നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഭവത്തിൽ അന്വേഷണം നടത്തി അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കർഷകന് നഷ്ട പരിഹാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**കോതമംഗലം ടൗണിലെ വൈദ്യുതി തടസ്സം**

2817 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ടൗണിൽ അടിക്കടി ഉണ്ടാകുന്ന വൈദ്യുതി തടസ്സം മൂലം വ്യാപാരികൾ ഉൾപ്പെടെയുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ടൗണിൽ പകൽ സമയത്തടക്കം പതിവായുണ്ടാകുന്ന വൈദ്യുത തടസ്സം ശാശ്വതമായി പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മലമ്പുഴ മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ വൈദ്യുതി കണക്ഷൻ</u>**

2818 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലാണ് പുതിയതായി വൈദ്യുതി കണക്ഷൻ നൽകിയതെന്നും ഇനി ഏതെങ്കിലും കോളനികളിൽ വൈദ്യുതി കണക്ഷൻ നൽകുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ?

**<u>ലൈനുകളിലെ ലോഡ് താങ്ങുന്നതിന് വൈദ്യുതി ബോർഡിന്റെ പദ്ധതികൾ</u>**

2819 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാല വൈദ്യുതി ഉപയോഗം ഉയരുന്ന സാഹചര്യത്തിൽ ലോഡ് താങ്ങുന്നതിന് നിലവിലെ ലൈനുകൾക്ക് കഴിയാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ സാഹചര്യത്തിൽ ലോഡ് വർദ്ധന മുന്നിൽ കണ്ട് എന്തൊക്കെ പദ്ധതികളാണ് വൈദ്യുതി ബോർഡ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ?

**<u>വൈദ്യുതി കരാറുകൾ റദ്ദ് ചെയ്ത നടപടി</u>**

2820 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ദീർഘകാല വൈദ്യുതി കരാറുകളാണ് റദ്ദ് ചെയ്തിട്ടുള്ളത്; റദ്ദ് ചെയ്യപ്പെട്ട കരാറുകൾ ഒപ്പുവെച്ച തീയതിയും വൈദ്യുതി വിതരണം ചെയ്യുന്നതിന് നിശ്ചയിച്ചിരുന്ന നിരക്കുകളും വൈദ്യുതി വിതരണം ചെയ്യുന്ന കാലയളവും വ്യക്തമാക്കാമോ;

(ബി) ഈ കരാറുകൾ റദ്ദ് ചെയ്യാൻ ഇടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) റദ്ദ് ചെയ്ത കരാറുകൾക്ക് പകരം പുതിയ കരാറുകളിൽ ഏർപ്പെടുന്നതിന് ബോർഡ് റെഗുലേറ്ററി കമ്മീഷന്റെ അനുമതി തേടിയിട്ടുണ്ടോ ; അറിയിക്കുമോ;

(ഡി) എങ്കിൽ എത്ര രൂപ നിരക്കിൽ വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ

ഏർപ്പെടുന്നതിനാണ് ബോർഡ് അനുമതി തേടിയത്; വ്യക്തമാക്കുമോ;

(ഇ) ഇപ്രകാരം നിലവിലുണ്ടായിരുന്ന ദീർഘകാല കരാറുകൾ റദ്ദ് ചെയ്ത് പുതിയ കരാരിൽ ഏർപ്പെടുന്നതുമൂലം ബോർഡിന്റെ ലാഭനഷ്ടങ്ങളിൽ എപ്രകാരമുള്ള മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

2821 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബിൽ കുടിശ്ശിക പലിശയിളവ് നൽകി പിരിച്ചെടുക്കുന്നതിനായി കെ. എസ്. ഇ. ബി. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതി പ്രകാരമുള്ള തിരിച്ചടവ് വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ കെ. എസ്. ഇ. ബി. ക്ക് ഏറ്റവും കൂടുതൽ വൈദ്യുതി കുടിശ്ശിക ലഭിക്കാനുള്ളത് ഏത് സ്ഥാപനത്തിൽ നിന്നാണെന്ന് വ്യക്തമാക്കുമോ?

## വൈദ്യുത ലൈനുകളിൽ നിന്ന് ഷോക്കേറ്റ് ഉണ്ടാകുന്ന മരണങ്ങൾ

2822 **ശ്രീ. നജീബ് കാന്തപുരം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ലൈനുകളിൽ നിന്ന് ഷോക്കേറ്റ് ഉണ്ടാകുന്ന മരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത്തരം അപകടങ്ങൾ തടയാൻ വൈദ്യുത ബോർഡ് സുരക്ഷാനയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വൈദ്യുതി അദാലത്തുകൾ സംഘടിപ്പിക്കുന്നത്

2823 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യും ഉപഭോക്താക്കളും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനും, ബോർഡിന് നൽകുവാനുള്ള കുടിശ്ശികകൾ അടച്ചുതീർക്കാൻ ഇളവുകളും, തവണകളും അനുവദിക്കുന്നതിനുമായി അദാലത്തുകൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഓരോ മണ്ഡലത്തിലും വൈദ്യുതി അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് നടപടിയെടുക്കുമോ?

## കെ.എസ്.ഇ.ബി. പുനഃസംഘടിപ്പിക്കൽ

2824 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പുനഃസംഘടന നടപടികൾക്ക് എപ്പോൾ തുടക്കമിട്ടെന്നും എപ്പോൾ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നുവെന്നും അറിയിക്കാമോ;

(സി) പുനഃസംഘടന നടപടികൾ മൂലം കെ. എസ്. ഇ. ബി. യിലെ ഒട്ടേറെ തസ്തികകൾ നികത്താതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ തസ്തികകൾ നികത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>തിരൂരങ്ങാടി മണ്ഡലത്തിൽ കെ. എസ് .ഇ .ബി .യിൽ ലഭിച്ച അപേക്ഷകളുടെ തീർപ്പാക്കൽ</u>

2825 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ എ ടൈപ്പ് പോൾ അടക്കമുള്ള വൈദ്യുതി പോസ്റ്റുകൾ, സർവീസ് വയർ, വൈദ്യുതി ലൈൻ തുടങ്ങിയവയുടെ കുറവിനാൽ വൈദ്യുത കണക്ഷൻ നൽകൽ, പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായുള്ള എത്ര അപേക്ഷകൾ തീർപ്പാക്കുവാൻ ഉണ്ടെന്ന് നഗരസഭ / പഞ്ചായത്തുകൾ തിരിച്ച് വിശദമാക്കാമോ;

(ബി) മേല്പറഞ്ഞ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

## <u>വൈദ്യുതി ചാർജ് കുടിശിക ഈടാക്കൽ</u>

2826 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് കുടിശ്ശിക പിഴ കൂടാതെ ഈടാക്കുന്നതിന് ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനത്തിലേർപ്പെടുന്ന ജീവനക്കാർക്ക് ഇൻസെന്റീവോ, പ്രോത്സാഹനമോ നൽകാൻ ആലോചിക്കുന്നുണ്ടോ?

## <u>കോങ്ങാട് നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം</u>

2827 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കരിമ്പ ഗ്രാമപഞ്ചായത്തിലെ കപ്പടം ഒന്നാം വാർഡിൽ ഇടകുറിശ്ശി കനാൽ മുതൽ വടക്കോട്ട് നാഷണൽ ഹൈവേ വരെയുള്ള പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

## കെ.എസ്.ഇ.ബി.ക്ക് ആർ.ഇ. അസറ്റ്സ് ഇന്ത്യ അവാർഡ്

2828 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതി നടത്തിപ്പിൽ ഏതെല്ലാം പ്രവർത്തനങ്ങൾ പരിഗണിച്ചാണ് കെ. എസ്. ഇ. ബി. യ്ക്ക് ദേശീയ തലത്തിൽ നൽകുന്ന ആർ.ഇ. അസറ്റ്സ് ഇന്ത്യ അവാർഡ് ലഭിച്ചത്; വിശദമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ വോർട്ടേജ് ക്ഷാമത്തിന് പരിഹാരം

2829 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ നൽകാമോ?

## കെ. എസ്. ഇ. ബി. യിലെ താൽക്കാലിക നിയമനങ്ങൾ

2830 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യിൽ പിൻവാതിൽ നിയമനം നടക്കുന്നതായുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.യിൽ നാളിതുവരെ ഏതൊക്കെ തസ്തികകളിൽ എത്ര താൽക്കാലിക നിയമനങ്ങളാണ് നടന്നിട്ടുള്ളതെന്നും പ്രസ്തുത തസ്തികളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നും ഈ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

## കെ. എസ്. ഇ. ബി. യിൽ നിന്നും വിവിധ തസ്തികകളിൽ വിരമിച്ചവരും നിയമനം ലഭിച്ചവരും

2831 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും കെ. എസ്. ഇ. ബി. യിൽ നിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ കെ . എസ് . ഇ . ബി .യിൽ മേല്പറഞ്ഞ ഓരോ തസ്തികയിലും പി. എസ്. സി. മുഖേന നിയമനം ലഭിച്ച ഉദ്യോഗസ്ഥരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ മേൽപ്പറഞ്ഞ ഓരോ തസ്തികയിലും താൽക്കാലിക നിയമനം ലഭിച്ചവരുടെ എണ്ണം തസ്തിക തിരിച്ച് അറിയിക്കാമോ; പ്രസ്തുത താൽക്കാലിക നിയമനങ്ങൾ ഏത് ഏജൻസി വഴിയാണ് നടത്തിയതെന്നും റിക്രൂട്ട്മെന്റിന്റെ നടപടിക്രമങ്ങൾ എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ?

## ഇരവിപുരം മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് ഓഫീസുകൾ

2832 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ എത്ര ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത ഓഫീസുകൾ പ്രവർത്തിക്കുന്നതിനായി പ്രതിമാസം എത്ര രൂപ ചെലവഴിക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) ഇത്തരം ഓഫീസുകൾക്ക് സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## സംസ്ഥാനത്തെ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ

2833 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ബോർഡിന്റെ കീഴിൽ എത്ര ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകളിൽ ശരാശരി എത്ര വാഹനങ്ങൾ ചാർജ് ചെയ്യുന്നുണ്ടെന്ന വിവരം ലഭ്യമാണോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകളുടെ മുന്നറിയിപ്പ് ബോർഡുകൾ പലയിടങ്ങളിലും സ്ഥാപിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## മഞ്ചേരി കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിക്കാൻ നടപടി

2834 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി കെ. എസ്. ഇ. ബി. സെക്ഷനെ വിഭജിച്ച് പൂക്കളത്തൂരിൽ പുതിയ സെക്ഷൻ ആരംഭിക്കുന്നത് പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ?

## കുറഞ്ഞ നിരക്കിൽ വൈദ്യുതി

2835 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്നതിനായി വൈദ്യുതി വാങ്ങൽ നടപടികളിൽ ഇടപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നാഷണൽ ഗ്രിഡിൽ നിന്നും സോളാർ വൈദ്യുതി വാങ്ങുവാൻ സാധിക്കുമോ; എങ്കിൽ നിരക്ക് എത്രയാണ്; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ദീർഘകാല കരാറിലൂടെ വൈദ്യുതി വാങ്ങുന്നതിന്റെ

ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) വൈദ്യുതി വാങ്ങൽ, പ്രസരണ വിതരണ നഷ്ടം എന്നീ വിഷയങ്ങളിൽ വസ്തുതകൾ മറച്ചുവച്ച് ചില കേന്ദ്രങ്ങൾ നടത്തിവരുന്ന പ്രചാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) രാജ്യത്തെ ഏറ്റവും കുറഞ്ഞ പ്രസരണ വിതരണ നഷ്ടം എന്ന നേട്ടം സ്വന്തമാക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

## ഗതാഗത തടസ്സം സൃഷ്ടിക്കുന്ന വൈദ്യുതി പോസ്റ്റുകൾ

2836 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ഗതാഗതത്തിന് തടസ്സമാകുന്ന തരത്തിലുള്ള വൈദ്യുതി പോസ്റ്റുകൾ അപകടങ്ങൾക്ക് ഇടയാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് യഥാസമയം കെ. എസ്. ഇ. ബി. നടപടികൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കെ. എസ്. ഇ. ബി. എന്തെല്ലാം നടപടികൾ സ്വീകരിക്കാറുണ്ട്; അപകടങ്ങൾക്ക് കാരണമായ വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാത്തതിന്റെ പേരിൽ കഴിഞ്ഞ ഒരു വർഷം എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## മെയിൻ ലൈനുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

2837 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ വീടുകൾക്ക് മുകളിലൂടെയും, തൊട്ടടുത്തുകൂടിയും കടന്നുപോകുന്ന വൈദ്യുതി മെയിൻ ലൈനുകൾ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങൾ ഇനം തിരിച്ചു ലഭ്യമാക്കാമോ;

(സി) പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ഈ പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും, ഇനി സ്വീകരിക്കാനുള്ള നടപടികളും സംബന്ധിച്ച വിശദവിവരങ്ങൾ ഇനം തിരിച്ച് വിശദമാക്കാമോ ;

(ഡി) ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങളും ലഭ്യമാക്കാമോ ?

## ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജിംഗ് സ്റ്റേഷനുകൾ

2838 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജിംഗ് സ്റ്റേഷനുകൾ പ്രധാനപ്പെട്ട റോഡുകളിലും ടൗണുകളിലും കൂടാതെ ചെറിയ പട്ടണങ്ങളിലും ഗ്രാമങ്ങളിലും സ്ഥാപിക്കുന്നതിന്

നടപടി സ്വീകരിച്ച് വരുന്നുണ്ടോ; വിശദമാക്കുമോ?

**<u>തിരുവനന്തപുരം ജില്ലയിലെ ഇ- വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ</u>**

2839 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകളാണുള്ളത്; വിശദാമാക്കാമോ;

(ബി) ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് ചാർജിംഗ് മെഷിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സംരംഭകർ നിലവിൽ പദ്ധതിയുടെഭാഗമായി; വിശദമാക്കാമോ?

**<u>വൈപ്പിൻ മണ്ഡലത്തിലെ റിവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ പദ്ധതി</u>**

2840 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്.) പദ്ധതിയിൽ വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ;

(ബി) വൈപ്പിൻകരയിലെ ഏക സംസ്ഥാനപാതയായ വൈപ്പിൻ-പള്ളിപ്പുറം റോഡിന്റെ വീതികുറവും പ്രസ്തുത റോഡിന്റെ വശങ്ങളിൽ സുഗമമായ ഗതാഗതത്തിന് തടസവും ജനങ്ങളുടെ ജീവന് ഭീഷണിയുമാവുന്ന രീതിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകൾ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

**<u>ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി</u>**

2841 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) എത്ര കോടി രൂപയുടെ പദ്ധതിയാണ് അവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതി പ്രദേശത്ത് എന്തെല്ലാം സിവിൽ മെക്കാനിക്കൽ പ്രവൃത്തികളാണ് നടക്കുന്നതെന്നും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

**<u>മിതം പദ്ധതി വിദ്യാലയങ്ങളിൽ</u>**

2842 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണത്തെ കുറിച്ച് കുട്ടികളിൽ അവബോധമുളവാക്കുന്നതിനായി നാഷണൽ സർവീസ് സ്കീമിന്റെ സഹായത്തോടെ വൊക്കേഷണൽ ഹയർ സെക്കൻഡറി തലത്തിൽ നടത്തിയ മിതം പദ്ധതി ഈ വർഷവും കൈപ്പമംഗലം മണ്ഡലത്തിലെ 78 വിദ്യാലയങ്ങളിലും ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ എല്ലാ വീടുകളിലും എൽ. ഇ. ഡി. ബൾബുകൾ തന്നെയാണോ ഉപയോഗിക്കുന്നത് എന്നറിയിക്കാമോ; കണക്കെടുപ്പ് നടത്താമോ; വിശദമാക്കുമോ;

(സി) ഓരോ വീട്ടുകാർക്കും അവർ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവും ആയതിനു ഈടാക്കുന്ന തുകയും മനസ്സിലാക്കി കൊടുക്കുന്നതിനായി ബോധവൽക്കരണ പ്രവർത്തനം ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

## സ്മാർട്ട് മീറ്റർ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രയോജനങ്ങളും

2843 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. തുടക്കം കുറിച്ച സ്മാർട്ട് മീറ്റർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും ഉപഭോക്താക്കൾക്കുള്ള പ്രയോജനങ്ങളും വ്യക്തമാക്കാമോ?

## പുതിയ വൈദ്യുതപദ്ധതികൾ

2844 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോഡ് ഷെഡിംഗ് ഇല്ലാതാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ജൂലൈ മാസമായിട്ടും ഇടുക്കി ഡാമിലെ ജലനിരപ്പ് കുറവായ സാഹചര്യത്തിൽ വൈദ്യുതി ഉല്പാദനം മെച്ചപ്പെടുത്തുവാൻ എന്തൊക്കെ ക്രമീകരണങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പീരുമേട് മണ്ഡലത്തിൽ ഉപ്പുതറയ്ക്ക് സമീപം പെരിയാർ നദിയിൽ ചെക്ക് ഡാം നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കെ. എസ്. ഇ. ബി.യെ ലാഭത്തിലാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) സംസ്ഥാനത്ത് പുതിയ വൈദ്യുതപദ്ധതികൾ ആരംഭിക്കുവാൻ തീരുമാനം ഉണ്ടോ; വിശദമാക്കാമോ?

## എലവഞ്ചേരി പഞ്ചായത്തിൽ നാട്ടുവെളിച്ചം സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതി

2845 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി പഞ്ചായത്തിൽ നടപ്പിലാക്കുന്ന നാട്ടുവെളിച്ചം സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

## മാർമല ജലവൈദ്യുത പദ്ധതി

2846 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ജല വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കാൻ നടപടി

2847 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിച്ച് ജല വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കാൻ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ ജല വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഡാമുകളിൽ കൂടുതൽ ഉത്പാദനം നടത്താൻ പുതിയ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## വൈദ്യുതി സ്മാർട്ട് മീറ്റർ മുഖേന അധികബാധ്യത

2848 **ഡോ. കെ. ടി. ജലീൽ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ട് മാസത്തെ ബിൽ തുക ശരാശരി നൂറ് രൂപയിൽ കുറവായിട്ടുള്ള എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; ശരാശരി നൂറ് യൂണിറ്റിൽ താഴെ മാത്രം വൈദ്യുതി ഉപയോഗിക്കുന്ന എത്ര ഉപഭോക്താക്കൾ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) ടോട്ടക്സ് മാതൃകയിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് കമ്പനികൾക്ക് ചെലവാകുന്നതായി കണ്ടെത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) സ്മാർട്ട് മീറ്റർ പദ്ധതിക്ക് ബദൽ സംവിധാനം ഒരുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

വ്യക്തമാക്കാമോ?

## സേവനം വാതിൽപ്പടിയിൽ പദ്ധതി

2849 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യുടെ സേവനം വാതിൽപ്പടിയിൽ എന്ന പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കോട്ടയം ജില്ലയിലെ ഏതൊക്കെ ഇലക്ട്രിക്കൽ സെക്ഷനുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നും പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്നും വ്യക്തമാക്കുമോ?

## പാലക്കാട് ജില്ലയിൽ നിലാവ് പദ്ധതി

2850 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലാവ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോ; വിശദമാക്കുമോ;

(സി) നിലാവ് പദ്ധതിയിൽ പാലക്കാട് ജില്ലയിൽ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇനം തിരിച്ച് എണ്ണം അറിയിക്കുമോ?

## ചിറയിൻകീഴ് മണ്ഡലത്തിൽ ഇലക്ട്രിക്ക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ

2851 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ പുതുതായി ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) നിലവിൽ സ്ഥാപിച്ച ചാർജിംഗ് സ്റ്റേഷനുകൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാണോ എന്ന് വ്യക്തമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രധാന പ്രവൃത്തികൾ

2852 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23 വർഷങ്ങളിൽ ആലത്തൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) വരും വർഷങ്ങളിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് ആലത്തൂർ മണ്ഡലത്തിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## ഉടുപ്പി- കരിന്തളം 400 kv ലൈനിന്റെ നിർമ്മാണം

2853 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉഡുപ്പി- കരിന്തളം 400 KV ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) നഷ്ടപരിഹാരം ആവശ്യപ്പെട്ട് സ്ഥലം ഉടമകൾ പ്രവൃത്തി തടസ്സപ്പെടുത്തിയ സാഹചര്യത്തിൽ മേൽ വിഷയത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് അറിയിക്കാമോ?

## വൈദ്യുതിയുടെ വിതരണ നഷ്ടം

2854 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വൈദ്യുതിയിൽ വിതരണ നഷ്ടം ഉണ്ടാകുന്നുണ്ടോ; ഇത് എങ്ങനെയാണ് കണക്കാക്കുന്നതെന്ന് അറിയിക്കുമോ?

## ആഭ്യന്തര വൈദ്യുതി ഉല്പാദനത്തിലുള്ള വർദ്ധനവ്

2855 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിവിധ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് അധികമായി ഉദ്പാദിപ്പിക്കാൻ സാധിച്ചുവെന്ന് വിശദമാക്കാമോ?

## വൈദ്യുതി പ്രസരണ രംഗത്തെ മാറ്റങ്ങൾ

2856 **ശ്രീ. എം. എം. മണി**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത മൂന്ന് പതിറ്റാണ്ട് കാലത്തെ ആവശ്യകത നിറവേറ്റാനുതകുന്ന രീതിയിൽ വൈദ്യുതി പ്രസരണ രംഗത്തെ മാറ്റിയെടുക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെ നീളമുള്ള 400 കെ.വി.

പവർ ഹൈവേ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയെന്താണ്; വിശദമാക്കുമോ;

(സി) പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം വ്യാപകമായതോടെ പ്രസരണ ശൃംഖലയിൽ അത്യന്താധുനിക സംവിധാനങ്ങൾ ഒരുക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനായിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>വൈദ്യുതി സർചാർജ്</u>**

2857 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധന സർചാർജ് മാസംതോറും യൂണിറ്റിന് പരമാവധി ഇരുപത് പൈസ നിരക്കിൽ ഈടാക്കാൻ കെ.എസ്.ഇ.ബി യ്ക്ക് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ നിർദ്ദേശം പൂർണമായും നടപ്പാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) കേന്ദ്ര നിർദ്ദേശപ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിരക്ക് നിർണ്ണയ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എന്നുമുതൽ വർദ്ധനവ് പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**<u>ടൈം ഓഫ് ദ ഡേ താരിഫ് സമ്പ്രദായം</u>**

2858 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതചാർജ് ഈടാക്കുന്നതിന് ടൈം ഓഫ് ദ ഡേ താരിഫ് സമ്പ്രദായം ബാധകമാക്കണമെന്ന് കേന്ദ്ര നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ബി) ഗാർഹിക ഉപഭോക്താക്കളെ ഈ നിർദ്ദേശം എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിർദ്ദേശം എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>പെരിന്തൽമണ്ണ മണ്ഡലത്തിൽ ഏരിയൽ ബഞ്ചിഡ് കേബിളിന്റെ പ്രവൃത്തികൾ</u>**

2859 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിൽ ഏരിയൽ ബഞ്ചിഡ് കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ഏതുഘട്ടത്തിലാണെന്ന്

വിശദമാക്കുമോ?

**അരുവിക്കര മണ്ഡലത്തിലെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ**

2860 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി അരുവിക്കര മണ്ഡലത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സോളാർ പാനൽ സംവിധാനത്തിലൂടെ വിവിധ തലങ്ങളിൽ നിന്നും ലഭിക്കുന്ന അധിക വൈദ്യുതിയുടെ കണക്ക് ലഭ്യമാക്കാമോ?

**സോളാർ പദ്ധതികൾ**

2861 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിവിധ സോളാർ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പുരപ്പുറ സോളാർ പദ്ധതി ഉൾപ്പെടെയുള്ള സോളാർ പദ്ധതികൾ വടക്കാഞ്ചേരി മണ്ഡലത്തിൽ വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഉചിതമായ ആനുകൂല്യങ്ങൾ നൽകി പദ്ധതിയുടെ ഉപഭോക്താക്കളാക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**സൗരോർജ്ജ ഉത്പാദകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ**

2862 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടുകളിലും സ്ഥാപനങ്ങളിലും സൗരോർജ്ജം ഉത്പാദിപ്പിക്കുന്നവരിൽ നിന്നും കെ. എസ്. ഇ. ബി. ഏകദേശം എത്ര യൂണിറ്റ് വൈദ്യുതി പ്രതിമാസം വാങ്ങുന്നുണ്ട്; സൗരോർജ്ജം വിൽപ്പന നടത്തുന്നത് വഴി കെ. എസ്. ഇ. ബി. പ്രതിമാസം എത്ര രൂപ സ്വരൂപിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) വീടുകളിലും സ്ഥാപനങ്ങളിലും സൗരോർജ്ജം ഉത്പാദിപ്പിക്കുന്നവരിൽ നിന്നും കെ. എസ്. ഇ. ബി. വൈദ്യുതി വാങ്ങുന്നത് ഏത് നിരക്കിലാണ്; ഇത്തരത്തിൽ വാങ്ങുന്ന വൈദ്യുതി കെ. എസ്. ഇ. ബി. ഏത് നിരക്കിലാണ് ഉപഭോക്താക്കൾക്ക് നൽകുന്നത്; നിരക്കുകൾ തമ്മിൽ വലിയ അന്തരമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; സൗരോർജ്ജം ഉത്പാദിപ്പിക്കുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ് ഇനത്തിൽ കെ.എസ്.ഇ.ബി. ഏതെങ്കിലും തരത്തിലുള്ള ഇളവ് നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) വീടുകളിലും സ്ഥാപനങ്ങളിലും സൗരോർജ്ജം ഉത്പാദിപ്പിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള നടപടികളല്ല കെ. എസ്. ഇ. ബി.

സ്വീകരിച്ചിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം തരത്തിലുള്ള പ്രോത്സാഹനങ്ങളാണ് നിലവിൽ ഇത്തരം ഉത്പാദകർക്ക് നൽകി വരുന്നത് ; വ്യക്തമാക്കുമോ;

(ഡി) സൗരോർജ്ജം ഉത്പാദിപ്പിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിൽ സോളാർ പദ്ധതി

2863 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിലെ പാടശേഖരങ്ങളിൽ ധാരാളം മോട്ടോർ പമ്പുകൾ പ്രവർത്തിപ്പിക്കുന്നതിനാൽ വൈദ്യുതിയുടെ ഉപഭോഗം കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഉപഭോഗം കുറയ്ക്കുന്നതിനായി പ്രസ്തുത പാടശേഖരങ്ങളിൽ സോളാർ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ സബ്സിഡി

2864 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ സബ്സിഡി ആനുകൂല്യം ലഭ്യമാകുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) സബ്സിഡി ഗുണഭോക്താവിന് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## വൈദ്യുതി ലൈൻ തട്ടിയുള്ള അപകട മരണത്തെ തുടർന്ന് കെ.എസ്.ഇ.ബി.യിൽ നിന്ന് ധനസഹായം ലഭ്യമാക്കുന്നത്

2865 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ തൊണ്ടർനാട് വച്ച് 11 കെ.വി. വൈദ്യുതി ലൈൻ തട്ടി ഷോക്കേറ്റ് മരണപ്പെട്ട അബ്ദുൾ ജബ്ബാർ എൻ.കെ. എന്നയാളുടെ വിധവ ഫാസില പി., കെ. എസ്. ഇ. ബി. യിൽ നിന്ന് ധനസഹായം ലഭ്യമാക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

(ബി) എപ്പോൾ ധനസഹായം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിൽ നിലാവ് പദ്ധതി

2866 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ നിലാവ് പദ്ധതി

നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**നിലാവ് പദ്ധതിയിലെ ബൾബുകളുടെ ബഫർ സ്റ്റോക്ക്**

2867 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന നിലാവ് പദ്ധതിയിൽ ബൾബുകളുടെ ബഫർ സ്റ്റോക്ക് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് ഇത് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

**വാമനപുരം മണ്ഡലത്തിലെ കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസുകളും സമ്പൂർണ്ണ വൈദ്യുതീകരണവും**

2868 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ എത്ര സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ സെക്ഷൻ ഓഫീസിന്റെയും പരിധിയിൽ എത്ര ഉപഭോക്താക്കൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ബി) കൂടുതൽ ഉപഭോക്താക്കൾ ഉള്ള സെക്ഷനുകളെ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ശേഷം വാമനപുരം മണ്ഡലത്തിൽ വൈദ്യുതി കണക്ഷനായി പുതുതായി എത്ര അപേക്ഷകൾ ലഭിച്ചു; അപേക്ഷിച്ച എല്ലാവർക്കും കണക്ഷൻ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിൽ എത്ര അപേക്ഷകൾ പെൻഡിംഗ് ഉണ്ട്; തീർപ്പാക്കാനുള്ള അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

**കെ. എസ്. ഇ. ബി. യുടെ പുതിയ സെക്ഷൻ ഓഫീസുകൾ**

2869 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യുടെ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്; ഓരോന്നിനും സ്വീകരിച്ച മാനദണ്ഡങ്ങൾ; വിശദീകരിക്കാമോ;

(സി) മലപ്പുറം മണ്ഡലത്തിലെ മഞ്ചേരി സർക്കിൾ പരിധിയിലുള്ള വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നിവ വിഭജിക്കണമെന്ന കാലങ്ങളായിട്ടുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പുൽപ്പറ്റ പഞ്ചായത്തിലെ പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**കാസർകോട് വൈദ്യുതി സെക്ഷൻ ഓഫീസ്**

2870 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മണ്ഡലത്തിൽ എത്ര വൈദ്യുതി സെക്ഷൻ ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സെക്ഷൻ ഓഫീസുകളിലും നിലവിൽ എത്ര ഉപഭോക്താക്കൾ വീതം ഉണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസുകളെ വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര ഉപഭോക്താക്കൾക്കാണ് ഒരു സെക്ഷൻ ഓഫീസ് വേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഇ) മണ്ഡലത്തിലെ ഓരോ സെക്ഷൻ ഓഫീസ് പരിധിയിലും നിലവിൽ എത്ര ട്രാൻസ്ഫോർമറുകൾ വീതം ഉണ്ടെന്ന് ലൊക്കേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ അതിനായി ഉദ്ദേശിക്കുന്ന ലൊക്കേഷനുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; ഇതിനായുള്ള പ്രൊപ്പോസലുകൾ ആരുടെയെല്ലാം ഭാഗത്ത് നിന്നും ലഭിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

**<u>സംസ്ഥാനത്ത് പുതിയ സബ്സ്റ്റേഷനുകളുടെ എണ്ണം</u>**

2871 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലുമായി സംസ്ഥാനത്ത് പുതിയ സബ്സ്റ്റേഷനുകൾ എത്രയെണ്ണം സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആയവയിൽ തിരുവനന്തപുരം ജില്ലയിൽ സ്ഥാപിച്ചത് എവിടെയെല്ലാമാണെന്ന് അറിയിക്കാമോ; ജില്ലയിൽ പുതുതായി സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പരിഗണനയിലുള്ള സ്ഥലങ്ങൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

**<u>സബ് സ്റ്റേഷനുകളിലെ വൈദ്യുതി തടസ്സം കുറയ്ക്കാൻ നടപടി</u>**

2872 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏതെല്ലാം സബ്സ്റ്റേഷനുകളിൽ N-1 ക്രൈറ്റീരിയ പ്രാബല്യത്തിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ ഇക്കഴിഞ്ഞ വേനൽ കാലത്ത് സബ്സ്റ്റേഷനുകൾ ഓവർലോഡായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വൈദ്യുതിയുടെ വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് പ്രസരണ മേഖലയിൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

**<u>മരവട്ടം-കാടാമ്പുഴ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം</u>**

2873 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ മരവട്ടം-കാടാമ്പുഴ 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ;

(ബി) സബ്സ്റ്റേഷനിലേക്കുള്ള ലൈൻ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി മരവട്ടത്ത് കണ്ടെത്തിയിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്ന നടപടികൾ നിലവിൽ ഏത് ഘട്ടത്തിൽ ആണെന്ന് വിശദമാക്കുമോ;

(ഡി) സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

## <u>പുലാമന്തോൾ സെക്ഷന്റെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി</u>

2874 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുലാമന്തോൾ സെക്ഷന് കീഴിലുള്ള വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റി കാമ്പസിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിച്ചാൽ പ്രസ്തുത സെക്ഷന് കീഴിലുള്ള വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്ന വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>കെ.എസ്.ഇ.ബി. അസിസ്റ്റന്റ് ഗ്രേഡ് II</u>

2875 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യിൽ ആകെ എത്ര അസിസ്റ്റന്റ് ഗ്രേഡ് II തസ്തികകൾ ഉണ്ട്; ഈ തസ്തികകളിലേക്കുള്ള നിയമന രീതി എപ്രകാരമാണ് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവിലേക്കാണ് പി.എസ്.സി. വഴി നിയമനം നടത്തുന്നത് എന്നറിയിക്കാമോ; നിലവിൽ പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവ് പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര എണ്ണം റിപ്പോർട്ട് ചെയ്യാൻ ഉണ്ട് എന്നറിയിക്കാമോ; റിപ്പോർട്ട് ചെയ്ത ഒഴിവുകൾ, റിപ്പോർട്ട് ചെയ്ത ഫയൽ നമ്പർ, റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എന്നിങ്ങനെയുള്ള വിവരം ഇനം തിരിച്ച് നൽകുമോ;

(ഡി) 2026 ഡിസംബർ വരെ ഈ തസ്തികയിൽ എത്രപേർ റിട്ടയർ ആകുന്നുണ്ട്;

ജീവനക്കാരുടെ പേര്, റിട്ടയർമെൻറ് തീയതി എന്നിവ പട്ടിക തിരിച്ച് ലഭ്യമാക്കുമോ; 2026 ഡിസംബർ കാലയളവിനുള്ളിൽ പ്രമോഷൻ വഴി എത്ര അസിസ്റ്റൻറ് ഗ്രേഡ് II ഒഴിവ് ഉണ്ടാകും; ജീവനക്കാരുടെ പേര് വിവരം തസ്തിക എന്നിങ്ങനെ തരം തിരിച്ച് നൽകുമോ;

(ഇ) 2026 ഡിസംബർ കാലയളവിനുള്ളിൽ എത്ര അസിസ്റ്റൻറ് ഗ്രേഡ് II ജീവനക്കാർ പ്രമോഷൻ ആകുന്നു; ജീവനക്കാരുടെ പേര് വിവരം തസ്തിക തിരിച്ച് ലഭ്യമാക്കുമോ; കഴിഞ്ഞ 5 വർഷത്തിനിടയിൽ എത്ര അസിസ്റ്റൻറ് ഗ്രേഡ് II തസ്തികയിൽ പി എസ് സി വഴി നിയമനം നടത്തി; ഈ കാലയളവിൽ പി എസ് സി വഴി നിയമനം നടത്തിയ തസ്തികയുടെ എണ്ണം, എൻ. ജെ. ഡി. ഒഴിവ് ഇനം തിരിച്ച് ലഭ്യമാക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിലെ ഇലക്ട്രിക്ക് ചാർജ്ജിംഗ് സ്റ്റേഷനുകൾ

2876 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഇലക്ട്രിക്ക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഇതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷനുകൾ

2877 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ, വൈപ്പിൻ, ചെറായി, വരാപ്പുഴ ഇലക്ട്രിക്കൽ സെക്ഷനുകളിലെ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത സെക്ഷൻ ഓഫീസുകളെ പുനർ നിർണ്ണയിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## പൂക്കോട്ടുംപാടം-മൈലാടിപ്പാലം റീച്ചിലെ വൈദ്യുതിപോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

2878 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിലെ പൂക്കോട്ടുംപാടം മുതൽ മൈലാടിപ്പാലം വരെയുള്ള റീച്ചിൽ റോഡ് വീതികൂട്ടി നിർമ്മിക്കുന്നതിന്റെ ഭാഗമായി വൈദ്യുതിപോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് യൂസർ ഏജൻസി കെ. എസ്. ഇ. ബി. യിൽ പണം അടവാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക ഏത് തീയതിയിലാണ് കെ.എസ്.ഇ.ബി. യിൽ അടച്ചതെന്ന് അറിയിക്കാമോ;

(ബി) മേൽ റീച്ചിലെ കെ. എസ്. ഇ. ബി. യുടെ എത്ര വൈദ്യുതിപോസ്റ്റുകളാണ് ഇതുവരെ മാറ്റി സ്ഥാപിച്ചതെന്നും ആകെ എത്ര പോസ്റ്റുകളാണ് ഇനിയും മാറ്റി സ്ഥാപിക്കേണ്ടതെന്നും ശേഷിക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് തടസ്സമെന്തെന്നും അറിയിക്കാമോ;

(സി) പൂക്കോട്ടുംപാടം, നിലമ്പൂർ എന്നീ സെക്ഷനുകളിൽ മേൽ റീച്ചിലെ

വൈദ്യുതിപോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) മേൽ റീച്ചിൽ വൈദ്യുതിപോസ്റ്റുകൾ ഇതുവരെയും മാറ്റി സ്ഥാപിച്ച് കഴിഞ്ഞിട്ടില്ലാത്തതിനാൽ പല സ്ഥലത്തും കലുങ്കുകളുൾപ്പെടെയുള്ള റോഡ് നിർമ്മാണം മുടങ്ങിക്കിടക്കുന്ന വിവരം കെ.എസ്.ഇ.ബി. യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

**സോളാർ വേലി നിർമ്മാണത്തിലെ ക്രമക്കേടുകൾ**

2879 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ സോളാർ വേലി നിർമ്മിച്ചതിലെ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് അനെർട്ടിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ കർശന വകുപ്പുതല നടപടി സ്വീകരിക്കാൻ സംസ്ഥാന വിജിലൻസ് വകുപ്പ് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ അനെർട്ടിൽ അച്ചടക്ക നടപടി തുടങ്ങിയതെന്നാണ്; ഉദ്യോഗസ്ഥനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയുണ്ടായോ; വിശദമാക്കമോ;

(സി) അച്ചടക്ക നടപടി പുരോഗമിക്കവെ ഈ ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം നൽകുകയുണ്ടായോ; എങ്കിൽ ഏത് തീയതിയിൽ ഏത് തസ്തികയിൽ നിന്നും ഏത് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയെന്ന് വ്യക്തമാക്കാമോ;

(ഡി) മേൽ തീയതിക്കു ശേഷം നടന്ന അച്ചടക്ക നടപടിയുടെ പുരോഗതി വിശദമാക്കാമോ;

(ഇ) ഇക്കാര്യത്തിൽ അനെർട്ടിന്റെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചതായി കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തിരുത്തൽ നടപടി കൈക്കൊള്ളുമെന്ന് അറിയിക്കാമോ?

**കൈപ്പമംഗലം മണ്ഡലത്തിൽ ബയോഗ്യാസ് യൂണിറ്റുകൾ**

2880 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ തൽപ്പരരായ കുടുംബങ്ങളിൽ ബയോഗ്യാസിന്റെ ചെറിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയും ഇതിന് സബ്സിഡി നൽകുന്നത് അടക്കമുള്ള പ്രവർത്തനങ്ങളും വിശദമാക്കാമോ;

(ബി) പാചക വാതക വില വർദ്ധനവിന് പ്രതിവിധിയായി അനർട്ട് രൂപവൽക്കരിച്ച ചെറിയ യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനായി പഞ്ചായത്ത് തലത്തിലോ വാർഡ് തലത്തിലോ പരിശീലന പരിപാടികൾ നൽകി ഇതിന്റെ സാധ്യതകൾ പൊതുജനങ്ങളെ ബോധ്യപ്പെടുത്താമോ?

**മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ**

2881 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-

രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമങ്ങളും ചട്ടങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് കൂടി ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പരപ്പനങ്ങാടി എ കെ ജി സഹകരണ ആശുപത്രിയുടെ ഭൂമി

2882 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി എ കെ ജി സ്മാരക സഹകരണ ആശുപത്രിയുടെ സ്ഥലം കോടതി അറ്റാച്ച് ചെയ്തിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഭൂമി മണ്ണിട്ട് നികത്തുന്നതിന് അനുമതി നൽകിയിരുന്നോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമിയിൽ തിരൂരങ്ങാടി സബ് ആർ. ടി. ഒ. ഓഫീസ് മോട്ടോർ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നത് സഹകരണ വകുപ്പിന്റെ അനുമതിയോടു കൂടിയാണോ; വിശദമാക്കാമോ?

## സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ ആശ്രിത നിയമനം

2883 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ഏതൊക്കെ തസ്തികകളിലാണ് ആശ്രിത നിയമനം നടത്തുന്നത്; വിശദമാക്കാമോ;

(ബി) സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ നാളിതുവരെ എത്രപേർക്ക് ആശ്രിത നിയമനം നൽകിയിട്ടുണ്ട്; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ ആശ്രിത നിയമനം നൽകാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) 2005 മുതൽ 2022 വരെ സഹകരണ വകുപ്പിൽ നൽകിയ ആശ്രിത നിയമനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത കാലയളവിൽ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## സഹകരണ ജീവനക്കാരുടെ പെൻഷൻ

2884 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ജീവനക്കാരുടെ പെൻഷൻ അവസാനമായി പരിഷ്കരിച്ചത് എപ്പോഴാണെന്നും വകുപ്പിനു കീഴിൽ ഇപ്പോൾ പെൻഷൻ പരിഷ്കരണ കമ്മിഷൻ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) കേരള ബാങ്കിൽ നിന്ന് പെൻഷൻ ബോർഡിലേക്ക് അടയ്ക്കാനുള്ള കുടിശ്ശിക എത്ര രൂപയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ; കുടിശ്ശിക തുക മുഴുവൻ പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) നിലവിൽ പെൻഷൻ ഫണ്ടിൽ നിന്ന് പ്രതിമാസം പെൻഷൻ നൽകുന്നതിന് എത്ര രൂപയുടെ കുറവ് ഉണ്ടെന്ന് ജില്ല തിരിച്ച് കണക്ക് അറിയിക്കുമോ?

## പ്രാദേശിക സാമ്പത്തിക വികസനം

2885 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക സാമ്പത്തിക വികസനത്തിന് സഹായകരമായ ഒരു വായ്പാ നയം തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആവിഷ്കരിക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) സഹകരണ സംഘങ്ങളുടെ വിഭവ ശേഷിയും അധിക വിഭവവും ഉപയോഗിച്ച് പ്രാദേശിക സാമ്പത്തിക വികസനം ത്വരിപ്പെടുത്തുന്ന ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) കൃഷി, ക്ഷീര വികസനം തുടങ്ങിയ മേഖലകളിൽ പ്രാദേശിക സംരംഭങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതികൾ രൂപീകരിക്കുമോ;

(ഡി) ചെറുകിട വ്യവസായം, ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികാസം എന്നിവയിൽ പ്രാദേശികമായി സംരംഭങ്ങൾ വികസിപ്പിക്കാൻ സഹകരണ സ്ഥാപനങ്ങൾക്കുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ?

## സഹകരണ സംഘങ്ങളിലെ സാമ്പത്തിക തിരിമറി തടയാൻ നടപടി

2886 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കെ ബി ഗണേഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നിക്ഷേപകരുടെ വിശ്വാസം സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണ സമിതികളും ജീവനക്കാരും സംഘത്തിൽ സാമ്പത്തിക തിരിമറി നടത്താതിരിക്കുവാൻ സഹകരണ വിജിലൻസ് വിഭാഗത്തിന്റെയും ഓഡിറ്റ് വിഭാഗത്തിന്റെയും നിരന്തര സമ്പർക്കം സഹകരണ സ്ഥാപനങ്ങളിൽ ഉണ്ടാകുന്നതിനു നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## പൂഞ്ഞാറിൽ കേപ്പിന്റെ (കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ) നേഴ്സിങ് കോളേജ്

2887 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ പാറത്തോട് കേന്ദ്രമാക്കി കേപ്പിന്റെ (കോ - ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ) ആഭിമുഖ്യത്തിൽ ഒരു നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൻമേൽ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് നഴ്സിംഗ് കോളേജ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**വിനോദ സഞ്ചാര മേഖലകളിൽ ടൂർ ഓപ്പറേറ്റിങ് സംഘങ്ങൾ**

2888 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിനോദ സഞ്ചാര മേഖലകളിലേക്ക് സഞ്ചാരികളെ എത്തിക്കുന്നതിന് സഹകരണ വകുപ്പിന് കീഴിൽ ടൂർ ഓപ്പറേറ്റിങ്ങ് സംഘങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവയുടെ എണ്ണം എത്രയാണെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് വിനോദ സഞ്ചാരികളെ എത്തിക്കുന്നതിന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**സഹകരണ മേഖലയുടെ വളർച്ചക്കും പുരോഗതിക്കുമായി ആവിഷ്കരിച്ച പദ്ധതികൾ**

2889 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ മേഖലയുടെ വളർച്ചക്കും പുരോഗതിക്കും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതുസംബന്ധിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് സഹകരണ നിക്ഷേപ സുരക്ഷാപദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**ബിനാമി മൾട്ടിസ്റ്റേറ്റ് സഹകരണ സ്ഥാപനങ്ങൾ**

2890 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതു വ്യക്തിക്കും ബിനാമിയായി മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങൾ തുടങ്ങാൻ കഴിയുമോ; ഇത് ബാങ്കിംഗ് മേഖലയെ സാരമായി ബാധിക്കുമെന്നതിനാൽ നിയമനിർമ്മാണം വഴി ഇതു ചെറുക്കാൻ കഴിയുമോ; വ്യക്തമാക്കാമോ?

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ പദ്ധതികൾ**

2891 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സഹകരണ വകുപ്പ് വഴി കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി

കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്നും ആയതിന്റെ ഓരോന്നിന്റെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങളും നൽകാമോ?

## ക്ലാർക് തസ്തികയിലേക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം

2892 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ. നിയമമനുസരിച്ച് പത്ത് ശതമാനം അന്തർവകുപ്പ് സ്ഥലംമാറ്റം നൽകണമെന്ന ചട്ടം സഹകരണ വകുപ്പ് പാലിക്കുന്നുണ്ടോ;

(ബി) നിലവിൽ മറ്റ് വകുപ്പിൽ നിന്നും സഹകരണ വകുപ്പിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് അന്തർവകുപ്പ് സ്ഥലം മാറ്റത്തിന് ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ വർഷം സഹകരണ വകുപ്പിൽ എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ക്ലാർക്കിന്റെ ഒഴിവ് വന്നിരുന്നോ; എങ്കിൽ അതിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റത്തിനായി ആരെയെങ്കിലും പരിഗണിച്ചിരുന്നോ;

(ഡി) 2023 ജനുവരി 31 ന് ശേഷം സഹകരണ വകുപ്പിൽ തൃശ്ശൂർ, എറണാകുളം ജില്ലകളിൽ നിന്നും എത്ര ക്ലാർക്ക് തസ്തികയുടെ ഒഴിവ് റിപ്പോർട്ട് ചെയ്തുവെന്നും അതിലേക്ക് ഫെബ്രുവരി 1 ന് ശേഷം ലഭിച്ച അന്തർ വകുപ്പ് സ്ഥലം മാറ്റ അപേക്ഷയിൽ എത്രയെണ്ണം പരിഗണിച്ചുവെന്നും അറിയിക്കാമോ; പരിഗണിച്ചില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) 2024 മാർച്ച് 31 ന് മുമ്പായി എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവുകൾ വരാൻ സാധ്യതയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) 2024-ൽ സഹകരണ വകുപ്പിൽ വരുന്ന ക്ലാർക്ക് ഒഴിവിലേക്ക് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം അന്തർ വകുപ്പ് സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിക്കുമോ; ഇല്ലെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## മുറ്റത്തെ മുല്ല വായ്പാപദ്ധതി

2893 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ച മുറ്റത്തെ മുല്ല വായ്പാ പദ്ധതിയിലൂടെ 2022-23 സാമ്പത്തിക വർഷത്തിൽ എത്ര രൂപയാണ് വായ്പയായി അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പദ്ധതി ആദ്യം ആരംഭിച്ച പാലക്കാട് ജില്ലയിൽ ഇതുവരെ എത്ര തുക ഈ പദ്ധതിയിലൂടെ വായ്പയായി അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

## മെഡിസെപ്പ് മാതൃകയിൽ ഇൻഷുറൻസ് പദ്ധതി

2894 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെഡിസെപ്പ് മാതൃകയിൽ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് വരെയായി എന്ന്

അറിയിക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കൃഷിക്കാർക്കും വ്യവസായ സംരംഭകർക്കുമുള്ള പദ്ധതികൾ</u>**

2895 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാർക്കും വ്യവസായ സംരംഭകർക്കും ആവശ്യമായ പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിന് സഹകരണ മേഖലയിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അത്തരത്തിൽ വായ്പ ലഭിക്കുന്നവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ?

**<u>ആരോഗ്യ, കാർഷിക രംഗങ്ങളിൽ സഹകരണ മേഖലയുടെ ഇടപെടൽ</u>**

2896 **ശ്രീ ഒ . ആർ. കേളു**
**ശ്രീമതി ദെലീമ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് സഹകരണ മേഖലയുടെ സമഗ്ര ഇടപെടൽ സുശക്തമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കാമോ;

(ബി) കേരള ബാങ്ക് വഴി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(സി) സഹകരണ ആശുപത്രികൾക്ക് സർക്കാർ ധനസഹായം നൽകിവരുന്നുണ്ടോ; ആശുപത്രി അപ്പെക്സ് ഫെഡറേഷന് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

**<u>ആലപ്പുഴ മണ്ഡലത്തിലെ കേരള ബാങ്കിന്റെ പ്രവർത്തനം</u>**

2897 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കേരള ബാങ്കിന്റെ എത്ര ശാഖകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ശാഖകളിൽ ആകെ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നതെന്ന് തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(സി) ആലപ്പുഴ മണ്ഡലത്തിൽ കേരള ബാങ്കിന്റെ പുതിയ സായാഹ്ന ശാഖകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) കേരള ബാങ്ക് മുഖേന വിദ്യാർത്ഥികളിൽ സമ്പാദ്യശീലം നടപ്പിലാക്കാൻ നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ?

**സ്വയംതൊഴിൽ പദ്ധതിക്കുള്ള വായ്പകൾ**

2898 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള ബാങ്ക് വഴി നടപ്പിലാക്കിയ സ്വയംതൊഴിൽ പദ്ധതികൾക്കായുള്ള വായ്പാ പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) കാർഷിക മേഖലയിൽ സഹകരണ ബാങ്ക് വഴി ഏതെല്ലാം വായ്പാ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ?

**കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ**

2899 **ശ്രീ. എം.വിജിൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന് 2022-23 സാമ്പത്തിക വർഷം മുൻവർഷത്തെക്കാൾ കൂടുതൽ ഇടപാടുകൾ നടത്തുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ബാങ്കിന് നിക്ഷേപ സമാഹരണത്തിലും വായ്പാ വിതരണത്തിലും കൈവരിക്കാൻ കഴിഞ്ഞ പുരോഗതിയെക്കുറിച്ച് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് രംഗത്ത് സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

**കാർഷിക വികസന ബാങ്കുകളുടെ ആധുനികവൽക്കരണം**

2900 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കുകളുടെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

**ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി**

2901 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ വായ്പാ തിരിച്ചടവ് കുടിശ്ശികയായിട്ടുള്ള വായ്പ്പക്കാർക്ക ആയത് ഇളവുകളോടെ തിരിച്ചടക്കുന്നതിനുള്ള ഒറ്റ തവണ തീർപ്പാക്കൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയത് എപ്പോൾ നടപ്പിലാക്കും എന്നും അതുവഴി എന്തൊക്കെ

ഇളവുകളാണ് നൽകാൻ കഴിയുന്നതെന്നും അറിയിക്കാമോ?

## റിസ്ക് ഫണ്ട്

2902 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്തവർ മരണപ്പെടുമ്പോൾ അവരുടെ കുടുംബത്തിന് ലഭിക്കേണ്ട റിസ്ക് ഫണ്ട് അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഓൺലൈൻ മുഖേന നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഇനിയും എത്ര പേർക്കാണ് റിസ്ക് ഫണ്ട് അനുവദിക്കാനുള്ളത്; വിശദമാക്കാമോ?

## നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ഭരണസമിതി

2903 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സഹകരണ അർബൻ ബാങ്കിലെ നിലവിലുള്ള ഭരണസമിതി അംഗങ്ങളുടെ പേരും വിലാസവും ചുമതലയേറ്റ വർഷവും തെരഞ്ഞെടുത്ത വിഭാഗവും അറിയിക്കാമോ; വോട്ടെടുപ്പ് നടത്തിയാണോ ഇവരെ തെരഞ്ഞെടുത്തത്; ഇപ്പോഴത്തെ ഭരണ സമിതിക്ക് മുമ്പ് ഉണ്ടായിരുന്ന ഭരണസമിതി അംഗങ്ങളുടെ പേരും വിലാസവും ചുമതലയേറ്റ വർഷവും തെരഞ്ഞെടുത്ത വിഭാഗവും അറിയിക്കാമോ; വിശദമാക്കാമോ;

(ബി) നിലമ്പൂർ സഹകരണ അർബൻ ബാങ്കിന്റെ നിലവിലെ ചെയർമാനെ പ്രസ്തുത ബാങ്കിന്റെ ഭരണസമിതി അംഗമായി തെരഞ്ഞെടുത്തത് ഏത് വർഷമാണ്; അദ്ദേഹത്തെ ആദ്യമായി ചെയർമാനായി തെരഞ്ഞെടുത്തത് ഏത് വർഷമാണെന്നും എത്ര തവണയും എത്ര വർഷവും തുടർച്ചയായി അദ്ദേഹം ചെയർമാൻ ആയിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) അദ്ദേഹത്തെ ബാങ്കിന്റെ ചെയർമാനായി തെരഞ്ഞെടുത്തതിനുശേഷം പ്രസ്തുത ബാങ്കിന്റെ പൊതുനന്മ ഫണ്ട് ചെലവഴിച്ചതിന്റെ നാളിതുവരെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; മേൽ കാലയളവിൽ 50,000 രൂപയോ അതിനു മുകളിലോ പൊതുനന്മ ഫണ്ട് വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആർക്കൊക്കെ എന്തിനൊക്കെ നൽകിയെന്നും നൽകിയ തുകയും തീയതിയും വൗച്ചറും ഭരണസമിതി തീരുമാനത്തിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വ്യക്തി ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷം നാളിതുവരെ പ്രസ്തുത ബാങ്കിൽ എത്ര നിയമനങ്ങൾ നടന്നുവെന്നും ഏതെല്ലാം തസ്തികകളിലേക്കാണ് നിയമനം നടന്നതെന്നും അറിയിക്കാമോ; നിയമനം ലഭിച്ച ആളുകളുടെ പേരും വിലാസവും ഏത് വർഷത്തിലാണ് ഇവർക്ക് നിയമനം ലഭിച്ചതെന്നും നിലവിൽ ജോലി ചെയ്യുന്ന ബ്രാഞ്ചുകളുടെ വിവരവും ലഭ്യമാക്കാമോ?

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

2904 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും കേരള ബാങ്കിൽ നിന്നും ലോൺ എടുത്തവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## സഹകരണ ബാങ്കുകളിലെ പാർട്ട് ടൈം ജീവനക്കാരുടെ പ്രൊമോഷൻ

2905 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ പാർട്ട് ടൈം ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള പ്രമോഷൻ സാധ്യത നിലവിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഡിഗ്രിയും എച്ച്.ഡി.സി. യോഗ്യതയും ഉള്ള പാർട്ട് ടൈം ജീവനക്കാർക്ക് പ്രമോഷൻ നൽകുന്നതിന് ആവശ്യമായ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## നിലമ്പൂർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സൊസൈറ്റി തെരഞ്ഞെടുപ്പ്

2906 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24 എന്നീ കാലയളവുകളിൽ നിലമ്പൂർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സൊസൈറ്റിയുടെ ഭരണസമിതി തെരഞ്ഞെടുപ്പ് നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭരണസമിതി അംഗങ്ങളുടെ പേര്, മേൽവിലാസം ഉൾപ്പടെയുള്ള വിശദാംശം നൽകാമോ; ഇതിന് മുമ്പ് ഏത് വർഷമാണ് തെരഞ്ഞെടുപ്പ് നടന്നിട്ടുള്ളത്; ആ വർഷത്തെ ഭരണ സമിതി അംഗങ്ങളുടെ പേര്, വിലാസം ഉൾപ്പടെയുള്ള വിശദാംശം നൽകാമോ;

(ബി) സൊസൈറ്റിയിൽ നിലവിലുള്ള ജീവനക്കാരുടെയും അവരുടെ തസ്തികകളുടെയും വിവരങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത ജീവനക്കാർ എന്നുമുതലാണ് ജോലിയിൽ പ്രവേശിച്ചതെന്നും ശമ്പളസ്കെയിലും വിരമിക്കുന്ന വർഷവും ഉൾപ്പടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സൊസൈറ്റിയുടെ നിയമാവലിയുടെ പകർപ്പ് ലഭ്യമാക്കാമോ; സൊസൈറ്റിയിൽ നിലവിൽ എത്ര അംഗങ്ങളുണ്ടെന്നും, സൊസൈറ്റിയുടെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലെ ഏതെല്ലാം വില്ലേജുകളിലാണ് ഭൂമിയുള്ളതെന്നും ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്നും വിശദമാക്കാമോ;

(ഡി) സൊസൈറ്റിയുടെ 2019 മുതൽ 2023 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്, ന്യൂനതാസംഗ്രഹം എന്നിവ ലഭ്യമാക്കാമോ?

## കലാകാരന്മാരുടെ ഉന്നമനത്തിനായി സഹകരണസംഘം

2907 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-

രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഗീതം, നാടകം, പ്രകടന കലകൾ, ചിത്ര രചന എന്നിവയുൾപ്പെടെയുള്ള കലാകാരന്മാരുടെ ഉന്നമനത്തിനായി സംസ്ഥാനമൊട്ടാകെ പ്രവർത്തനപരിധിയായി കലാകാരന്മാരുടെ സഹകരണം സംഘം രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) കലാകാരന്മാർക്ക് പരമാവധി വേദികൾ നൽകി അവരുടെ വരുമാന മാർഗ്ഗം സുരക്ഷിതമാക്കാനുള്ള പദ്ധതി പ്രസ്തുത സഹകരണ സംഘം വഴി ഉദ്ദേശിക്കുന്നുണ്ടോ;

(സി) ദേശീയ കലകളെ സംരക്ഷിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ടൂറിസം മേഖലയുടെ സഹകരണത്തോടെ എല്ലാ ജില്ലകളിലും പ്രസ്തുത സംഘത്തിന്റെ നേതൃത്വത്തിൽ സ്റ്റേജ് ഷോകൾ നടത്തുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ;

(ഡി) കലാകാരന്മാർക്ക് സ്ഥിരം വേദിയെന്ന ലക്ഷ്യം നേടുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) ജീവിത കാലം മുഴുവൻ സമൂഹത്തിന്റെ സാംസ്കാരികമായ അഭിവൃദ്ധിക്ക് വേണ്ടി പ്രവർത്തിച്ച നിരാലംബരും അവശരും രോഗികളുമായ കലാകാരന്മാർക്ക് വേണ്ടി പ്രസ്തുത സഹകരണ സംഘം എന്തെങ്കിലും ആശ്വാസ നടപടികൾ സ്വീകരിക്കുമോ?

## അമ്പലപ്പുഴ ചേതന പാലിയേറ്റീവ് & ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രവർത്തനം

2908 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴയിൽ പ്രവർത്തിക്കുന്ന ചേതന പാലിയേറ്റീവ് & ചാരിറ്റബിൾ സൊസൈറ്റി എന്നുമുതലാണ് പ്രവർത്തനം ആരംഭിച്ചതെന്നും സൊസൈറ്റിയുടെ പ്രസിഡന്റും സെക്രട്ടറിയും ആരാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സൊസൈറ്റി പ്രവർത്തനം ആരംഭിച്ചതു മുതൽ നാളിതുവരെയായി എത്ര തവണ വാർഷിക റിട്ടേൺ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഇത്തരത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ വാർഷിക റിട്ടേണും ഓഡിറ്റും അതത് സാമ്പത്തിക വർഷം തയ്യാറാക്കണമെന്ന് വ്യവസ്ഥയുണ്ടോ; ഇപ്രകാരം ഓഡിറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നടത്തിയില്ലെങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സംഘത്തിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത സൊസൈറ്റിയുടെ ധന കൈമാറ്റം, ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയ കാര്യങ്ങൾക്ക് സംഘത്തിന് വേണ്ടി ചെക്കിൽ ഒപ്പിടുന്നത് ആരെല്ലാമെന്നും അവരുടെ പേര്, സ്ഥാനപ്പേര് എന്നിവയും ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത സ്ഥാപനത്തിന്റെ നാളിതുവരെയുള്ള എല്ലാ പർച്ചേയ്സുകളും ചട്ടങ്ങൾ പാലിച്ചാണോയെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാമോ?

## സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി

2909 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള വിദ്യാഭ്യാസ, ഗവേഷണ, പരിശീലന പരിപാടികൾ വിശദമാക്കാമോ;

(ബി) സഹകരണ വകുപ്പിന്റെ ആധുനികവല്ക്കരണം ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) സഹകരണ ഓഡിറ്റ് വിഭാഗത്തിന്റെ പുനരാവിഷ്കരണവും നവീകരണവും ഗൗരവമായി നടപ്പിൽ വരുത്തുന്നതിന് പ്രത്യേക പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രതിസന്ധിയിലായ സഹകരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് സഹകരണ സംരക്ഷണ നിധി രൂപീകരിച്ചിട്ടുണ്ടോ; സഹകരണ സംരക്ഷണ നിധി രൂപീകരിച്ചതിന് ശേഷം ഈ രംഗത്ത് നടത്തിയ ഇടപെടലുകൾ വ്യക്തമാക്കാമോ?

**സഹകരണ സംഘങ്ങൾക്കുള്ള വായ്പകളുടെ പലിശ നിരക്കിലെ വർദ്ധനവ്**

2910 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ സഹകരണ ബാങ്ക് മുഖേന പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകിയിരുന്ന വായ്പകളുടെ പലിശ നിരക്ക് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ജില്ലാ സഹകരണ ബാങ്ക് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകിയിരുന്ന ക്യാഷ് ഷെയർ ലിങ്ക് സ്പെഷ്യൽ ഗോൾഡ് വായ്പയുടെ പലിശ നിരക്ക് ഇതുവരെ എത്രയായിരുന്നു എന്നും ഇത് എത്രയായി വർദ്ധിപ്പിക്കാനാണ് നിർദ്ദേശം ഉള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഇതുവഴി പ്രാഥമിക സഹകരണ സംഘങ്ങൾ നൽകുന്ന വായ്പകളുടെ പലിശ നിരക്ക് വർദ്ധിപ്പിക്കേണ്ടി വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ വർദ്ധിപ്പിക്കാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) പലിശ നിരക്ക് വർദ്ധനവ് സഹകാരികൾക്ക് പ്രയാസകരമാകും എന്നതിനാൽ പലിശ പഴയ നിരക്കിൽ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**പാലക്കാട് ജില്ലയിൽ സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്ത കാർഷിക വായ്പ**

2911 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ സഹകരണ ബാങ്കുകൾ മുഖേന കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പേർക്ക് കാർഷിക വായ്പ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം വിതരണം ചെയ്ത തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിൽ ഏറ്റവും കൂടുതൽ കാർഷിക വായ്പ വിതരണം ചെയ്ത സഹകരണ ബാങ്ക് ഏതാണെന്ന് വ്യക്തമാക്കുമോ?

**കാപ്കോസ്**

2912 **ശ്രീ . കെ .ഡി .പ്രസേനൻ**

**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**

**ശ്രീ. എച്ച്. സലാം**

**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിനും വിപണനത്തിനുമായി സഹകരണ മേഖലയിൽ കോട്ടയം ആസ്ഥാനമായി കേരള പാഡി പ്രൊക്യൂർമെൻറ് പ്രൊസസിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം (കാപ്കോസ്) രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സംഘത്തിന്റെ കീഴിൽ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിൽ പാലക്കാട് റൈസ്മിൽ മാതൃകയിലുള്ള ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ;

(സി) പ്രസ്തുത സംഘത്തിന്റെ പ്രവർത്തന പരിധിയിൽപ്പെട്ട നെൽകർഷകരെ സഹായിക്കാനും നെൽകൃഷി വ്യാപിപ്പിക്കുവാനും പദ്ധതികൾ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കർഷകരിൽ നിന്ന് സംഭരിച്ച നെല്ല് സംസ്കരിച്ച് ബ്രാൻഡഡ് അരിയാക്കി വിപണിയിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

**<u>സംഘങ്ങളുടെയും ബാങ്കുകളുടെയും വികസനത്തിനു വസ്തു വാങ്ങൽ</u>**

2913 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ ഫെയർ വാല്യൂ നിശ്ചയിച്ചിട്ടുള്ള പ്രദേശങ്ങളിൽ സഹകരണ സംഘങ്ങളുടെയും സർവ്വീസ് ബാങ്കുകളുടെയും വികസനത്തിനായി വസ്തു വാങ്ങാൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഉണ്ടാകുന്ന വികസന പ്രവൃത്തികളുടെ തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>സഹകരണ സംഘം പ്രസിഡന്റ്, മെമ്പർ എന്നിവരുടെ ഓണറേറിയം, സിറ്റിങ്ങ് ബത്ത</u>**

2914 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘം പ്രസിഡന്റുമാരുടെയും മെമ്പർമാരുടെയും പ്രതിമാസ ഓണറേറിയം, സിറ്റിങ്ങ് ബത്ത എന്നിവ അവസാനമായി വർദ്ധിപ്പിച്ചത് എന്നാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസിഡന്റുമാർക്ക് നിലവിൽ ഓണറേറിയം നൽകുന്നത് ഏത് നിരക്കിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ സംഘം പ്രസിഡന്റുമാരുടെ ഓണറേറിയം, മെമ്പർമാരുടെ സിറ്റിംങ്ങ് ബത്ത എന്നിവ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കാൻ ടീം ഓഡിറ്റ്</u>**

2915 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമല്ലാത്തതുമൂലം സ്ഥാപനങ്ങളുടെ നടത്തിപ്പിൽ വീഴ്ചകളും അപാകതകളുമുള്ളതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് ടീം ഓഡിറ്റ് സംവിധാനം സംസ്ഥാനം മുഴുവനായി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(സി) ഓഡിറ്റിംഗിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും നിലവിൽ പെന്റിംഗ് ആയിട്ടുള്ള പരിശോധനകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സഹകരണ വകുപ്പിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ സംസ്ഥാനം മുഴുവനായി ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് പര്യാപ്തമാണോ; വിശദാംശം നൽകുമോ;

(ഡി) ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കിയ ജില്ലകളിൽ എത്ര ഓഡിറ്റർമാരുടെ അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്നും സംസ്ഥാനം മുഴുവനായി ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് നിലവിലുള്ളതിനേക്കാൾ എത്ര ഓഡിറ്റർമാരാണ് അധികമായി വേണ്ടി വരുന്നതെന്നും വിശദമാക്കാമോ;

(ഇ) യോഗ്യരായ യു.ഡി.ക്ലാർക്/യു.ഡി.ടൈപ്പിസ്റ്റ്മാരുടെ അഭാവത്തിൽ പ്രമോഷൻ തസ്തികയായ ജൂനിയർ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ മാറ്റിവെച്ചിരിക്കുന്ന ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്യണമെന്ന കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിന്റെ 1953/2022 കേസ് പ്രകാരമുള്ള 27.01.23-ലെ വിധിയുടെ അടിസ്ഥാനത്തിൽ അന്നേ ദിവസം നിലവിലുണ്ടായിരുന്ന 32 ഒഴിവുകളിൽ 13 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനും 8 ഒഴിവുകൾ പ്രമോഷൻ നല്കുന്ന ഇനത്തിലും നികത്തിയ ശേഷം അവശേഷിക്കുന്ന 11 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

## <u>കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ റിസ്ക് ഫണ്ട്</u>

2916 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്നും എത്ര റിസ്ക് ഫണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും ഇവയിൽ എത്രപേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഇനി ധനസഹായം കിട്ടാനുള്ളവർ ആരെല്ലാമെന്നും ഇവരുടെ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ച് വരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) റിസ്ക് ഫണ്ട് പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) ഏതെല്ലാം തലത്തിലുള്ള സഹകരണസംഘങ്ങളും ബാങ്കുകളുമാണ് പ്രസ്തുത പദ്ധതി

നടപ്പാക്കിയത്; വിശദാംശം നൽകുമോ?

**പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ**

2917 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഏതെല്ലാം പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ പുതുതായി സർക്കാർ അംഗീകൃത കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പുതിയ ഉല്പാദന യൂണിറ്റുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**സഹകരണ സംഘങ്ങൾ സംബന്ധിച്ച ഡാറ്റാബേസ്**

2918 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നിയമ പ്രകാരം രൂപീകൃതമാവുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് മേൽ സംസ്ഥാനത്തിന് നിയന്ത്രണമുണ്ടോ;

(ബി) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മത്സ്യ സംഘങ്ങൾ, ഡയറി സംഘങ്ങൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ കേന്ദ്രം തയ്യാറാക്കുന്ന ഡാറ്റാ ബേസിലേക്ക് നൽകണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ;

(സി) ഡാറ്റാ ബേസിലേക്ക് നൽകുന്ന വിവരങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കി ആനുകൂല്യങ്ങളും സേവനങ്ങളും നൽകുമെന്ന് കേന്ദ്ര സർക്കാർ വാഗ്ദാനം നൽകിയിരുന്നോ; പ്രസ്തുത വാഗ്ദാനങ്ങൾ അനുസരിച്ച് ആനുകൂല്യങ്ങളോ സേവനങ്ങളോ ലഭ്യമായിട്ടുണ്ടോ;

(ഡി) മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകാൻ സംസ്ഥാനങ്ങൾക്ക് നിയമം മൂലം സാധിക്കുമോ;

(ഇ) കേന്ദ്ര സർക്കാരിന് പ്രസ്തുത നിക്ഷേപങ്ങൾക്ക് ഉത്തരവാദിത്തമുള്ളതായി വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) സംസ്ഥാന നിയമ പ്രകാരം നിക്ഷേപകനും ഇടപാടുകാരനും വായ്പാക്കാർക്കും നിലവിൽ ലഭിക്കുന്ന സംരക്ഷണവും ആനുകൂല്യങ്ങളും കേന്ദ്രം രൂപീകരിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിൽ നിന്നും സംസ്ഥാനത്തെ ഇടപാടുകാർക്ക് ലഭ്യമാവുമോ?

**കാർഷിക വായ്പകളിൽ സംഘങ്ങൾക്ക് നൽകാനുള്ള സബ്സിഡി**

2919 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ വഴി നൽകിയിട്ടുള്ള ഹ്രസ്വകാല കാർഷിക

വായ്പകളിൽ സംഘങ്ങൾക്ക് നൽകാനുള്ള സബ്സിഡി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങൾക്ക് ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**കൺസ്യൂമർഫെഡ് ജീവനക്കാരുടെ പേരിലുള്ള വിജിലൻസ് കേസുകൾ**

2920 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡുമായി ബന്ധപ്പെട്ട ജീവനക്കാരുടെ പേരിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിജിലൻസ് കേസുകളുടെ എണ്ണം ലഭ്യമാക്കുമോ;

(ബി) നിലവിൽ എത്ര പേരെ പ്രസ്തുത കേസുകളിൽ പ്രതിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) നിലവിൽ എത്ര പേർ പ്രസ്തുത കേസുകളിൽ നടപടിയ്ക്ക് വിധേയരായിട്ടുണ്ട്;

(ഡി) നിലവിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന കേസുകളിൽ ഉൾപ്പെട്ട എത്രപേർ സ്ഥാപനം വിട്ടു പോയിട്ടുണ്ട്;

(ഇ) ഇത്തരം വിജിലൻസ് കേസുകളുമായി ബന്ധപ്പെട്ട് എത്ര രൂപയാണ് കൺസ്യൂമർഫെഡിന് നഷ്ടമായത്?

**ആധാരങ്ങളുടെ ഡിജിറ്റലൈസേഷൻ**

2921 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സംരക്ഷണത്തിന് ആധാരങ്ങൾ ഡിജിറ്റലൈസേഷൻ ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ എത്രത്തോളമായിയെന്ന് അറിയിക്കുമോ?

**വയനാട് ജില്ലയിലെ സ്ഥലം രജിസ്ട്രേഷൻ**

2922 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം വയനാട് ജില്ലയിൽ നടന്ന ആകെ സ്ഥലം രജിസ്ട്രേഷൻ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലൂടെ സർക്കാരിന് ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം ആരംഭിച്ച് നാളിതുവരെ എത്ര സ്ഥലം രജിസ്ട്രേഷൻ നടന്നു എന്നും എത്ര വരുമാനം ലഭിച്ചു എന്നും വ്യക്തമാക്കാമോ?

**രജിസ്ട്രേഷൻ നടപടികളുടെ ലഘൂകരണവും ഡിജിറ്റലൈസേഷനും**

2923 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം രജിസ്റ്റർ ചെയ്യുന്നതിലും പകർപ്പുകൾ പൊതു ജനങ്ങൾക്ക്

ലഭ്യമാക്കുന്നതിലും ഈ രംഗത്ത് നിലവിലുള്ള അവ്യക്തതകൾ പരിഹരിക്കുന്നതിനുമായി സർക്കാർ നടപ്പാക്കി വരുന്ന മുൻ ആധാര വിവരങ്ങളുടെ ഡിജിറ്റലൈസേഷൻ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) എല്ലാ ആവശ്യങ്ങൾക്കുമുള്ള മുദ്രപത്രങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) രജിസ്ട്രേഷൻ നടപടികളുടെ ലഘൂകരണം ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

## രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സംവിധാനം

2924 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ ഒന്നിലധികം പേർ ഒരേസമയം ഉപയോഗിക്കുമ്പോൾ തകരാറിലാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിൽ ഓൺലൈൻ സ്ഥലമാറ്റം നടപ്പിലാക്കിയിട്ടുണ്ടോ; എത് ഏജൻസി മുഖാന്തിരമാണ് നടപ്പിലാക്കുന്നത്; എൻ.ഐ.സി.യുമായി ധാരണപത്രം നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകൾ

2925 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളുടെ പരിധിയിൽ വരുന്ന വില്ലേജുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) 2022-23 വർഷം പ്രസ്തുത സബ് രജിസ്ട്രാർ ഓഫീസുകളിൽ എത്ര ഭൂമി രജിസ്ട്രേഷൻ നടന്നിട്ടുണ്ട് എന്ന് ഓഫീസ് തിരിച്ച് കണക്ക് ലഭ്യമാക്കുമോ; ഇതിലൂടെ എത്ര വരുമാനം ലഭിച്ചു എന്ന് ഓഫീസ് തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

## ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

2926 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സബ് രജിസ്ട്രാർ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചിട്ട് എത്ര നാളായി എന്ന്

വിശദമാക്കുമോ;

(ഡി) വാടക കെട്ടിടത്തിൽ നിന്ന് പ്രസ്തുത ഓഫീസ് സർക്കാർ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ</u>**

2927 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

**<u>കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം</u>**

2928 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് ലഭ്യമായ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**<u>കോട്ടയം ജില്ലയിലെ രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണം</u>**

2929 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോട്ടയം ജില്ലയിലെ രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ;

(ബി) ഏതെല്ലാം ഓഫീസുകൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>കോതമംഗലം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടം</u>**

2930 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം സബ് രജിസ്ട്രാർ ഓഫീസ് ഉദ്ഘാടനം കഴിഞ്ഞ് നാളുകൾ കഴിഞ്ഞിട്ടും പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിലുള്ള തടസ്സങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓഫീസ് പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**താനൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക**

2931 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 10.09.2018 മുതൽ 20.02.2020 വരെ താനൂർ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചിരുന്ന മുഹമ്മദ് ഹനീഫ എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വാടക കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ റെന്റ് സർട്ടിഫിക്കറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ടോ; ആയത് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം അറിയിക്കുമോ; പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി മലപ്പുറം ജില്ലാ രജിസ്ട്രാർ ഓഫീസ് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത വാടക കുടിശിക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

അംഗീകരിച്ച തീയതി: 01-09-2023
ശ്രീ. എ. എം. ബഷീർ,
സെക്രട്ടറി

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].